No. 1 Christian Fortnightly in Malayalam

# ഹാലേലൂയ്യാ

389
Pages 16
16-31 JANUARY, 2013 • ക്രൈസ്തവ ദ്വൈവാരിക
Vol. - 18 Issue -390
Published From Kottayam Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

# ഐ.പി.സി ദർശനത്തിൽ നിന്ന് വ്യതിചലിച്ചിട്ടില്ല: റവ.ഡോ.കെ.സി ജോൺ

**ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ അതിന്റെ സുവിശേഷീകരണ ദർശനത്തിൽ നിന്ന് അണുവിടപോലും വ്യതിചലിച്ചിട്ടില്ല. കഴിഞ്ഞ ആറു വർഷം കൊണ്ട് ഇന്ത്യയിലെ മിക്ക സ്റ്റേറ്റുകളിലും സഭ വൻ വളർച്ച നേടി. ഐ.പി.സി ജനറൽ പ്രസിഡന്റ് റവ.ഡോ.കെ.സി ജോൺ പറഞ്ഞു.**



ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്തു പ്രസ്ഥാനമായ ഐ.പി.സിയുടെ ജനറൽ കൺവൻഷൻ ജനുവരി 13 മുതൽ കുമ്പനാട്ട് നടക്കുന്നു. ജനുവരി 22ന് സഭയുടെ അന്തർദേശീയ നേതൃത്വത്തെ തിരഞ്ഞെടുക്കുന്നു. ഈ പശ്ചാത്തലത്തിൽ കഴിഞ്ഞ ആറുവർഷമായി ജനറൽ പ്രസിഡന്റായി സേവനമനുഷ്ഠിച്ച റവ.ഡോ.കെ.സി ജോൺ സഭയെക്കുറിച്ച് സംസാരിക്കുന്നു. ഒപ്പം സഭാഭരണം സംബന്ധിച്ച വിമർശനങ്ങൾക്ക് മറുപടി പറയുന്നു.

*? ഒരു നൂറ്റാണ്ടോടടുക്കുന്ന ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്. സഭയുടെ ദൗത്യത്തിൽ നിന്ന് പുറകോട്ടു പോകുന്നതായി തോന്നുന്നുണ്ടോ?*

ഇന്ത്യൻ പെന്തെക്കോസ്തു ദൈവസഭയെ ഭാരത സുവിശേഷീകരണത്തിനായി ദൈവം മലങ്കരയിൽ എഴുന്നേൽപ്പിച്ചു. ലോകമെങ്ങുമായി വളർന്നു വലുതായ ഐ.പി.സിക്ക് ഇപ്പോൾ 6500-ൽ അധികം ലോക്കൽ സഭകൾ ഇന്ത്യയിലുണ്ട്. മലയാളികളെ കൂടാതെ തെലുങ്കർ, തമിഴർ, കന്നഡക്കാർ, ഹിന്ദിക്കാർ തുടങ്ങി ഭാരതത്തിലെ എല്ലാ ഭാഷകളിലുമുള്ള ആയിരക്കണക്കിന് വിശ്വാസികൾ ഉണ്ടെന്നത് അഭിമാനകരമാണ്.

സഭ ഒരിക്കലും ദർശനത്തിൽ നിന്ന് പിന്മാറിയിട്ടില്ല. സുവിശേഷവത്ക്കരണം എന്ന സുപ്രധാന ലക്ഷ്യത്തിൽ നിന്ന് അണുവിടപോലും വ്യതിചലനമുണ്ടാകാതെ ഈ സഭയെ നിലനിർത്തുക എന്നതാണ് പ്രധാന ദൗത്യമായി ഞാൻ കാണുന്നത്. മികച്ച ലക്ഷ്യത്തോടെ ആരംഭിച്ച് പ്രസ്ഥാനവത്ക്കരിക്കപ്പെട്ട് പോയ സഭകളെയാണ് പിന്നീട് സമുദായങ്ങൾ എന്ന് അറിയപ്പെട്ടത്. ദിശാബോധം നൽകി ഐ.പി.സിയെ ആത്മീയ മുന്നേറ്റമായി തന്നെ നിലനിർത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നു. കഴിഞ്ഞ ഒരു നൂറ്റാണ്ടോളമായിട്ടും വളർച്ച മുരടിക്കാതെ ഈ സഭ ശക്തിയാർജ്ജിക്കുന്നത് അതിന്റെ തെളിവായി ഞാൻ കാണുന്നു.

*? താങ്കൾ പ്രസിഡന്റായിരുന്ന ആറു വർഷങ്ങൾ കൊണ്ട് എന്തു നേട്ടമാണ് സഭക്ക് ഉണ്ടായത്*

കഴിഞ്ഞ ആറുവർഷങ്ങൾ സഭയുടെ വളർച്ചയുടെ വർഷങ്ങളായിരുന്നു. ഇന്ത്യയിലെ മിക്കവാറും എല്ലാ സ്റ്റേറ്റുകളിലും സഭ വൻവളർച്ച നേടിക്കൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് ബീഹാർ, യു.പി, പഞ്ചാബ്, കർണാടക, ഛത്തീസ്ഗഢ്, ഉത്തരാഖണ്ട്, പോണ്ടിച്ചേരി, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സ്റ്റേറ്റുകളിൽ സഭയ്ക്കുണ്ടായ വളർച്ച എടുത്തു പറയേണ്ടതാണ്. സുവിശേഷീകരണത്തിന് വേണ്ടി സഭയെ ശക്തമായി നയിക്കാൻ സാധിച്ചു എന്നതാണ് പ്രധാന നേട്ടമായി ഞാൻ കാണുന്നത്.

*? ഐ.പി.സിയുടെ വളർച്ചയുടെ അടിസ്ഥാനം എന്താണ്*

പരിശുദ്ധാത്മാവിന്റെ നിറവിൽ ദൈവവചനം പ്രഘോഷിക്കുവാൻ ദൈവം കൃപ നൽകിയിരിക്കുന്ന നേതൃത്വനിരയാണ് ആരംഭകാലം മുതൽ ഈ സഭയുടെ പ്രത്യേകത. കഠിനാധ്വാനം ചെയ്യുന്ന സമർപ്പിതരായ ദൈവദാസന്മാരാണ് ഈ സഭയെ വളർത്തിയത്.

ലോക്കൽ, സെന്റർ, സ്റ്റേറ്റ് തലങ്ങളിലുള്ള പ്രവർത്തന സ്വാതന്ത്ര്യം ആണ് ഐ.പി.സിയുടെ വളർച്ചാ കാരണങ്ങളിലൊന്ന്. എന്നാൽ അമിതമായ കൺട്രോളും അമിത സ്വാതന്ത്ര്യവും ദോഷകരമാകുമെന്ന് തിരിച്ചറിയണം.

*? താങ്കളുടെ ഭരണകാലത്ത് സഭക്ക് സാമ്പത്തിക നേട്ടങ്ങൾ ഉണ്ടായോ*


ഐ.പി.സി വിശ്വാസത്തിന്റെ വേല ചെയ്യുന്ന പ്രസ്ഥാനമാണ്. നേരത്തെ പറഞ്ഞ പോലെ ഓരോ ലോക്കൽ സഭയും സെന്ററും സ്റ്റേറ്റുമെല്ലാം സ്വതന്ത്രവും ഫണ്ട് കളക്റ്റ് ചെയ്യാനും ചിലവഴിക്കാനും അധികാരം ഉള്ളവയുമാണ്. അതിനാൽ

*ശേഷം പേജ് 3ൽ*

## എതിരില്ലാതെ റവ. സാം ജോർജ്

# ഐ.പി.സി.വീണ്ടും തിരഞ്ഞെടുപ്പ് ചൂടിൽ

**കുമ്പനാട്:** ഇന്ത്യാപെന്തെക്കോസ്തു ദൈവസഭ വീണ്ടും തിരഞ്ഞെടുപ്പ് ചൂടിൽ. ജനറൽ കൗൺസിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ജനുവരി 22ന് കുമ്പനാട്ടു നടക്കും. സാധാരണ എതിർസ്ഥാനാർത്ഥികൾ ഇല്ലാതെ പ്രമുഖർ തിരഞ്ഞെടുക്കപ്പെടുന്ന രീതിയായിരുന്നു ഇതുവരെ. കഴിഞ്ഞ രണ്ടുടേമിലും പ്രസിഡന്റും സെക്രട്ടറിയുമായ റവ. ഡോ.കെ.സി.ജോണും, റവ. ഡോ. വത്സൻ ഏബ്രഹാമും എതിരില്ലാതെയാണ് തിരഞ്ഞെടുക്കപ്പെട്ടിരുന്നത്. എന്നാൽ ഇത്തവണ എല്ലാ കണക്കുകൂട്ടലുകളെയും തെറ്റിച്ച് പ്രമുഖർക്കെല്ലാം എതിർ സ്ഥാനാർത്ഥികൾ രംഗത്തെത്തി. ജോ.സെക്രട്ടറി സ്ഥാനത്തേക്ക് ആദ്യമായി മത്സരിക്കാനെത്തിയ കർണാടക സ്റ്റേറ്റ് പ്രസിഡന്റുകൂടെയായ റവ. സാം ജോർജാണ് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ട ഏക ഔദ്യോഗിക സ്ഥാനി.



നാല് സ്ഥാനങ്ങളിലേക്കും എതിർസ്ഥാനാർത്ഥികൾ വന്നതോടെ തിരഞ്ഞെടുപ്പ് പ്രവചനാതീതവും കടുത്ത മത്സര വേദിയുമായി മാറി.

പ്രസിഡന്റ് സ്ഥാനാർത്ഥിയായ റവ.ഡോ. വത്സൻ ഏബ്രഹാമാണ് കടുത്ത മത്സരത്തെ അഭിമുഖീകരിക്കേണ്ടിവന്നിരിക്കുന്നത്. രണ്ടുസ്ഥാനാർത്ഥികളാണ് അദ്ദേഹത്തിനെതിരെ രംഗത്തെത്തിയിരിക്കുന്നത്. പാസ്റ്റർ ജേക്കബ് ജോണും പാസ്റ്റർ സുദർശനൻപിള്ളയും. ഇതിൽ പാസ്റ്റർ ജേക്കബ് ജോണിന്റെ സ്ഥാനാർത്ഥിത്വം തികച്ചും അപ്രതീക്ഷിതമായിരുന്നു. പ്രാർത്ഥനാ മനുഷ്യനും, ഉത്തരേന്ത്യയിൽ നാൽപ്പതിലേറെ വർഷം ഐ.പി.സിക്കുവേണ്ടി കഠിനാധ്വാനം ചെയ്ത് സഭകൾ സ്ഥാപിക്കുകയും ചെയ്ത പാസ്റ്റർ ജേക്കബ് ജോണിന് മികച്ച പിന്തുണ ലഭിക്കുമെന്ന് കരുതപ്പെടുന്നു. സാധാരണക്കാരൻ എന്ന ഇമേജും സാധാരണ രാഷ്ട്രീയ കളികളിൽ ഭാഗമാകാത്ത ആത്മീയൻ എന്നതും ജേക്കബ് ജോണിന് അനുകൂലഘടകമാകുമ്പോൾ കഴിഞ്ഞ ആറു വർഷം ജനറൽ സെക്രട്ടറി ആയിരുന്നതിന്റെ പെരുമയും പാസ്റ്റർ കെ. ഇ. ഏബ്രഹാമിന്റെ കൊച്ചുമകൻ എന്ന പാരമ്പര്യവുമാണ് വത്സൻ ഏബ്രഹാമിന്റെ കരുത്ത്. അതേസമയം തന്നെ ഒട്ടും ജനകീയനല്ലന്നതും സാധാരണക്കാർക്ക് 'അൺറീ

*ശേഷം പേജ് 19ൽ*

# ട്രെയിൻ യാത്രക്കിടയിൽ പാസ്റ്റർ മരിച്ചു

മല്ലപ്പള്ളി: ഐ.പി.സി മല്ലപ്പള്ളി സെന്ററിൽ മുണ്ടത്താനം സഭയിലെ സുവിശേഷകനായ ഇവാ.കെ.സി ചാക്കോ (58) ട്രെയിൻ യാത്രക്കിടെ ഹൃദയാഘാതത്തെ തുടർന്ന് മരിച്ചു. ജയ്പ്പൂരിൽ നിന്ന് കേരളാ എക്സ്പ്രസ്സിൽ കുടുംബത്തോടൊപ്പം നാട്ടിലേക്ക് യാത്ര ചെയ്യവെ ജനു.8ന് ആന്ധ്രയിലെ വാറങ്കലിൽ വെച്ചാണ് മരണം.

വെള്ളാവൂർ ആലയക്കൽ കുടുംബാംഗമായ കെ.സി ചാക്കോ മല്ലപ്പള്ളി സീയോൻ ബൈബിൾ കോളജിലെ പഠനാനന്തരം സുവിശേഷവേലയിൽ വ്യാപൃതനായിരുന്നു. ജ്യേഷ്ഠന്റെ മകന്റെ വിവാഹത്തിൽ പങ്കെടുക്കുന്നതിനാണ് കുടുംബമായി ജയ്പ്പൂരിൽ പോയത്. മടക്കയാത്രക്കിടെ ആന്ധ്രാ പ്രദേശിലെ വാറങ്കൽ സ്റ്റേഷന് എത്തുന്നതിന് തൊട്ടുമുമ്പ്



ഹൃദയാഘാതം ഉണ്ടാവുകയായിരുന്നു. വാറങ്കലിൽ ഇറക്കി ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഭാര്യ ത്രേസ്യാമ്മ ചാക്കോ. രണ്ട് പെൺമക്കൾ എലിസബത്ത്, ട്രീസ. ഇരുവരും നേഴ്സിംഗ് വിദ്യാർത്ഥിനികൾ. മൃതദേഹം ജനു 12ന് നാട്ടിലെത്തിച്ച് മുണ്ടത്താനം സഭയിൽ സംസ്കരിച്ചു.

# സിൽവാസയിൽ ഫെലോഷിപ്പ് ക്രിസ്മസ് റാലി




**സിൽവാസ:** കേന്ദ്രഭരണപ്രദേശങ്ങളിൽ ഒന്നായ ദാദ്രനഗർ ഹവേലിയുടെ തലസ്ഥാനമായ സിൽവാസയിലേക്ക് 20 കിലോമീറ്റർ അകലെയുള്ള ഖാനുവേലിൽനിന്നും എത്തിചേർന്ന ക്രിസ്മസ് റാലിയിൽ ആയിരത്തിലധികം വിശ്വാസികൾ പങ്കെടുത്തു. വിവിധ വാഹനങ്ങളിൽ എത്തിയ ജനം ക്രിസ്തു രാജൻ ജയ് വിളികളുയർത്തി നഗരവീഥികളെ സുവിശേഷഘോഷത്താൽ അവിസ്മരണീയമാക്കി. ഗുജറാത്തിൽ ശക്തമായ വേരോട്ടമുള്ള ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയുടെ അഭിമുഖ്യത്തിൽ നടത്തപ്പെട്ട രണ്ടാമത് ബഹു

*ശേഷം പേജ് 2ൽ*

# പാസ്റ്റർ ജോൺസ് മാത്തൻ നിര്യാതനായി



ന്യൂയോർക്ക്: ക്യൂൻസ് ചർച്ച് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷകനും ഡിവൈൻ പ്രയർ മിനിസ്ട്രിയുടെ സ്ഥാപകനുമായ പള്ളിപ്പാട് കല്ലുരേത്ത് പാസ്റ്റർ ജോൺസ് മാത്തൻ (കുഞ്ഞ്-62) ന്യൂയോർക്കിൽ നിര്യാതനായി. ജനു.6ന് ബ്രാഡോക്ക് അവന്യുവിലുള്ള ക്യൂൻസ് ചർച്ച് ഓഫ് ഗോഡിൽ പൊതുദർശനത്തിന് വച്ച ഭൗതിക ശരീരം 7ന് ദൈവസഭയുടെ ചുമതലയിൽ ഗ്രേറ്റ് നെക്കിലുള്ള ഓൾസെയിന്റ്സ് സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ: ഏലിയാമ്മ വെങ്ങോല താഴത്തേക്കുടിയിൽ കുടുംബാംഗമാണ്. മക്കൾ: ജെൻസി, ജെൻസൺ. മരുമകൻ: സജിത്ത്. കൊച്ചുമകൻ: നെഹമായ.

## ഹാലേലൂയ്യാ സ്റ്റാൾ സന്ദർശിക്കുക

**പതിവുപോലെ ഹാലേലൂയ്യായുടെ സ്റ്റാൾ കുമ്പനാട് കൺവൻഷൻ കോമ്പൗണ്ടിന്റെ നേരെ എതിർവശത്തുള്ള കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതാണ്. വരിസംഖ്യ അടയ്ക്കുന്നതിനും, ഇയർബുക്കിലേക്കുള്ള വിവരങ്ങൾ നൽകുന്നതിനും സ്റ്റാൾ സന്ദർശിക്കുക.**

# സ്വപ്നത്തിൽ ലഭിച്ച സ്വർണ്ണനാണയം കൈയ്യിൽ കിട്ടിയപ്പോൾ...

**ഉപമയും ഉൾക്കാഴ്ചയും**

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



ദൈവഭക്തനായ ഒരു റെഡ്-ഇന്ത്യൻ ഒരിക്കൽ ഒരു സ്വപ്നം കണ്ടു. ഒരു ദൂതൻ തന്റെ വിശ്രമമുറിയിൽ എത്തിയിട്ട് കരം തുറക്കുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം അപ്രകാരം ചെയ്തപ്പോൾ, ദൂതൻ ആ തുറന്ന കരത്തിൽ ഒരു സ്വർണ്ണനാണയം നൽകിയിട്ട് അപ്രത്യക്ഷനായി. അദ്ദേഹത്തിന്റെ സന്തോഷം പറഞ്ഞറിയിക്കാൻ പ്രയാസം. കാരണം, തന്റെ കുടുംബത്തിൽ ആഹാരം ഇല്ലാതായിട്ട് ദിവസങ്ങൾ കഴിഞ്ഞു. പട്ടിണികൊണ്ടു പേക്കോലമായ ഭാര്യയുടെയും വിളറിവെളുത്ത നാലു കുഞ്ഞുങ്ങളുടെയും മുഖം സന്തോഷത്താൽ തിളങ്ങുന്ന കാഴ്ച ആ സ്വർണ്ണനാണയത്തിന്റെ തിളക്കത്തിൽ അദ്ദേഹം കണ്ടു!

തുറമുഖത്ത് താല്ക്കാലിക ജോലിചെയ്യുന്ന ഒരു ചുമട്ടുകാരനായ തനിക്കു വല്ലപ്പോഴും ലഭിച്ചിരുന്ന കൂലി ഭാരിച്ച കുടുംബം പുലർത്തുവാൻ മതിയായിരുന്നില്ല. പ്രതികൂല കാലാവസ്ഥയുള്ളപ്പോൾ കപ്പലുകൾ ആ തുറമുഖത്തടുക്കാതെ അടുത്ത തുറമുഖത്തേക്കു പോകുക പതിവാണ്. അപ്പോഴെല്ലാം തന്റെ കുടുംബം പട്ടിണിയാവും.

ദൂതൻ നൽകിയ സ്വർണ്ണനാണയം തന്റെ കടങ്ങൾ വീട്ടാനും കുറേക്കാലത്തെ ചിലവിനും മതിയായതായിരുന്നു. അതുകൊണ്ടുതന്നെ, അയാൾ ആ നാണയം നഷ്ടപ്പെടാതിരിക്കുവാൻ മുറുകെപ്പിടിച്ചു. കൈനൊന്തപ്പോൾ അയാൾ ഞെട്ടിയെഴുന്നേറ്റു. തന്റെ ശൂന്യമായ കൈകൾ അദ്ദേഹത്തെ നിരാശനാക്കി. താൻ സ്വപ്നം കണ്ടതാണെന്ന കാര്യം അപ്പോളാണ് അദ്ദേഹം തിരിച്ചറിഞ്ഞത്! ആ സ്വപ്നം യാഥാർത്ഥ്യമായെങ്കിൽ എന്നു അദ്ദേഹം ആശിച്ചുപോയി!!

കാന്റീനിൽ നിന്നും ഒരു കാലിചായ കടംവാങ്ങി കുടിക്കാമെന്നു കരുതി അവിടെ എത്തിയ അദ്ദേഹം ഒരു ബഞ്ചിൽ ഇരുന്നു. തന്റെ സമീപം ഒരു പേഴ്സ് കിടക്കുന്നതു കണ്ട് വേഗത്തിൽ അത് കൈക്കലാക്കി. ആരും കാണാതെ അതു തുറന്നു നോക്കുവാൻ അദ്ദേഹം ടോയ്ലറ്റിലേക്ക് ഓടി. പേഴ്സ് തുറന്ന അദ്ദേഹത്തിനു തന്റെ കണ്ണുകളെ വിശ്വസിക്കുവാൻ പ്രയാസം. ആ പേഴ്സിൽ അതാ പത്തു സ്വർണ്ണനാണയങ്ങൾ! വിശന്നിരിക്കുന്ന തന്റെ കുഞ്ഞുങ്ങളുടെയും ഭാര്യയുടെയും മുഖം അദ്ദേഹം വീണ്ടും ഓർത്തു. ദൈവം തന്റെ കഷ്ടത കടാക്ഷിച്ചതായി അദ്ദേഹത്തിനു പെട്ടെന്നു തോന്നി.

പക്ഷേ, താമസിയാതെ പരിശുദ്ധാത്മാവ് അദ്ദേഹത്തോടു സംവാദിച്ചു. ഇതു നിന്റേതല്ല, മറ്റാരുടെയോ പണമാണ്. അപ്പോൾ, അദ്ദേഹം അടുത്തകാലത്തു മരിച്ചുപോയ തന്റെ അങ്കിളിന്റെ കാര്യം ഓർത്തു. ഒരു ചെറിയ സഭയിലെ മൂപ്പനായ തന്നെ പരിഹാസത്തോടുകൂടെ മാത്രം നോക്കിക്കണ്ടിരുന്ന അങ്കിൾ തന്റേതല്ലാത്ത പണം ധാരാളം സമ്പാദിച്ചു. മുഴുക്കുടിയനായിരുന്ന അയാൾ മരിച്ചപ്പോൾ നിത്യനരകത്തിലേക്കാണ് പോയതെന്ന കാര്യ ഉറപ്പ്! ഇപ്പോൾ, ഈ പണം താൻ കൈക്കലാക്കിയാൽ അങ്കിളിന്റെ അടുത്തേക്കാവും അവസാനം താനും എത്തുക! ആ ചിന്തകൾ അദ്ദേഹത്തെ ഭയപ്പെടുത്തി. അദ്ദേഹം തീരുമാനിച്ചു: വേണ്ട, താനും തന്റെ കുടുംബവും പട്ടിണി കിടന്നു ചത്താലും വേണ്ടില്ല. തനിക്ക് ഈ നാണയങ്ങൾ വേണ്ടേ വേണ്ട!

നിശ്ചയധാർഢ്യത്തോടെ കാന്റീനിലേക്കു ഓടിച്ചെന്ന അദ്ദേഹം ഉറക്കെ വിളിച്ചുചോദിച്ചു: ആർക്കെങ്കിലും ഒരു പേഴ്സ് നഷ്ടപ്പെട്ടിട്ടുണ്ടോ? ഒരു കപ്പിത്താൻ ഓടിയടുത്തു. തന്റെ പേഴ്സ് അദ്ദേഹത്തിൽ നിന്നും കൈപ്പറ്റിയപ്പോൾ അയാളുടെ കണ്ണുകൾ വിസ്മയം കൊണ്ടു വിടർന്നു. ഇത്രയും പണം ഒന്നിച്ചു കിട്ടിയിട്ടും അതു സ്വന്തമാക്കാതെ തിരികെ നൽകുവാൻ തയ്യാറായ ആ വ്യക്തിയെ കപ്പിത്താൻ വാരിപ്പുണർന്നു. എന്നിട്ട്, അതിൽ ഒരു സ്വർണ്ണ നാണയം ആ വിശ്വസ്തന്റെ കൈയ്യിൽ വച്ചിട്ടു പറഞ്ഞു: ഇതാ, ഇതു താങ്കൾക്കുള്ള സമ്മാനമായി സ്വീകരിച്ചാലും. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. സ്വപ്നത്തിൽ ദൂതൻ നൽകിയത് ആ സ്വർണ്ണനാണയമായിരുന്നെന്ന് അപ്പോളാണ് അദ്ദേഹത്തിന് മനസ്സിലായത്.

ഭക്തനായ ദാനിയേലിൽ കുറ്റം കണ്ടെത്തുവാൻ അദ്ധ്യക്ഷന്മാരും പ്രധാന ദേശാധിപന്മാരും അന്വേഷിച്ചു: എന്നാൽ.. അവൻ വിശ്വസ്തനായിരുന്നതുകൊണ്ട് ഒരു തെറ്റും കുറ്റവും അവനിൽ കണ്ടെത്തിയില്ല (ദാനിയേൽ 6:4) വിശ്വസ്തന്മാർ വിരളമായിക്കൊണ്ടിരിക്കുന്ന ഈ അന്ത്യകാലത്തും ദൈവം അന്വേഷണത്തിലാണ്: ന്യായം പ്രവർത്തിക്കുകയും വിശ്വസ്തത കാണിക്കുകയും ചെയ്യുന്നവൻ ഉണ്ടോ? ഒരുത്തനെ കാണുമോ എന്നു.. (യിരമ്യാവ് 5:1)

അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ; അത്യല്പത്തിൽ നീതികെട്ടവൻ അധികത്തിലും നീതികെട്ടവൻ. നിങ്ങൾ അനീതിയുള്ള മാമോനിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായത് ആര് നിങ്ങളെ ഭരമേല്പിക്കും? അന്യമായതിൽ വിശ്വസ്തരായില്ല എങ്കിൽ നിങ്ങൾക്കു സ്വന്തമായത് ആര് തരും? (ലൂക്കോസ് 16:10–12)

# റവ. ഡോ. ബേബി വർഗ്ഗീസ്

## ഐ.പി.സി. ജനറൽ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക്



ഐ.പി.സിയുടെ ജനറൽ വൈസ് പ്രസിഡന്റായി കഴിഞ്ഞ ടേമിൽ സ്തുത്യർഹമായ നിലയിൽ സേവനം ചെയ്യുവാൻ ഡോ. ബേബി വർഗ്ഗീസിനു കഴിഞ്ഞു. പദവിയിലിരിക്ക മാത്രമല്ല സഭയുടെ ആവശ്യങ്ങൾക്കും കഷ്ടത അനുഭവിക്കുന്ന വിശ്വാസി, ശുശ്രൂഷക സമൂഹത്തിനും ഏകദേശം 30 ലക്ഷത്തോളം രൂപ ചിലവഴിക്കുവാൻ കഴിഞ്ഞ ടേമിൽ അദ്ദേഹത്തിനു കഴിഞ്ഞു. അമേരിക്കയിൽ നിന്ന് ജനറൽ കൗൺസിലിന്റെ എല്ലാ മീറ്റിംഗുകളിലും പങ്കെടുക്കുകയും സഭയുടെ നന്മക്കായി നിലകൊള്ളുകയും ചെയ്യുന്നു. വീണ്ടും ഒരു ടേം കൂടി അദ്ദേഹത്തിന് അവസരം ഉള്ളതിനാൽ തൽസ്ഥാനത്തേക്ക് മത്സരിക്കുന്നു. അദ്ദേഹത്തെ വിജയിപ്പിക്കുവാൻ അദ്ദേഹം അഭ്യർത്ഥിക്കുന്നു.

# സിൽവാസയിൽ ഫെലോഷിപ്പ് ക്രിസ്മസ് റാലി

*1–ാം പേജ് തുടർച്ച*

ജന ക്രിസ്മസ് റാലി വിശ്വാസികളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

മനോഹരമായ ഗാനങ്ങൾക്കൊപ്പം നൃത്തം ചവുട്ടിയും ആടിപ്പാടിയും ലോകരക്ഷകനായ യേശുക്രിസ്തുവിനെ സ്തുതിക്കാൻ ആബാലവൃദ്ധം വിശ്വാസികൾ റാലിയിൽ അണിനിരന്നു. ബൈക്ക്, ഓട്ടോറിക്ഷ, കാർ, മിനിവാൻ, ട്രക്ക്, തുടങ്ങി വാഹനങ്ങളിൽ രാവിലത്തെ ശക്തിയായ തണുപ്പിനെ കീറിമുറിച്ച് എത്തുന്ന സൂര്യതാപത്തെ അവഗണിച്ച് പ്ലാക്കാർഡുകളും മുദ്രാവാക്യങ്ങളുമായി ജനം ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു.

റോഡിനിരുവശത്തും നിൽക്കുന്ന കാഴ്ചക്കാർക്ക് ഗുജറാത്തി, ഹിന്ദി, മറാത്തി, ഭാഷകളിലുള്ള ബൈബിളുകൾ, സുവിശേഷ ലഘുലേഖകൾ എന്നിവ മനോഹരമായ ഗിഫ്റ്റ് റാപ്പറുകളിൽ വിതരണം ചെയ്തു. ഇത്തരത്തിലുള്ള സമ്മാനപ്പൊതികൾ നൽകിയപ്പോൾ ജനം ആവേശത്തോടെ സ്വീകരിച്ചു. 5000ൽ അധികം ബൈബിളും മറ്റു സുവിശേഷ പ്രതികളുമാണ് അന്ന് റാലിയിൽ വിതരണം ചെയ്തത്.

ഗുജറാത്ത്, മഹാരാഷ്ട്ര, ദാദ്രനഗർ ഹവേലി, എന്നിവിടങ്ങളിലായി 175 സഭകളും കൂടാതെ ബൈബിൾ സ്കൂൾ, ബാലഭവൻ, തദ്ദേശിയർക്കായുള്ള നെറ്റിവ് ബൈബിൾ സ്കൂൾ തുടങ്ങി വിവിധ മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്ന ഫെലോഷിപ്പ് ആശ്രം ചർച്ച് ഓഫ് ഇന്ത്യയ്ക്ക് പാസ്റ്റർ സജി മാത്യുവാണ് നേതൃത്വം നൽകുന്നത്. സഭയുടെ എട്ടു റീജിയണുകളിൽ പുതിയ റീജിയണായ കൊങ്കൺ-മുംബൈ മിഷൻ ഒഴികെ മറ്റെല്ലായിടത്തും തദ്ദേശീയരായ മിഷണറിമാരാണ് നേതൃസ്ഥാനത്തുള്ളത്.

റാലിയോടനുബന്ധിച്ചു നടന്ന സിൽവാസ റീജിയൺ കൺവൻഷൻ ഡിസംബർ 25,26 തീയതികളിലായി നടന്നു. ബ്രദർ ഡാമിയൻ കുടുംബമായി ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ബ്ലെസ് ഇന്ത്യ മ്യൂസിക് ടീം ഗാനശുശ്രൂഷകൾ നിർവ്വഹിച്ചു. പാസ്റ്റർ ശാന്താറാം പവാറാണ് സിൽവാസറീജിയൺ കോ ഓർഡിനേറ്റർ.

## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| **വിദേശത്തേക്ക്** | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 10,000/- |
| ½ Page | 10,000/- | 5,000/- |
| ¼ Page | 5,000/- | 2,500/- |
| 10cm x 3 column | 3,000/- | 1,800/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000


**ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി**
(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)



പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ
ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ
എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ
**പാസ്റ്റർ റോയി പൂവക്കാല**
ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി
Ph: 9447401039 0469-2692939

**AMEN ONLINE THEOLOGICAL SEMINARY**
ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി
C.Th, G.Th, B.Th, M.Div, M.Th എന്നീ കോഴ്സുകൾ ലഭ്യമാണ്
മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം
Accredited by: IACEA, USA & Faith Theological Seminary, Manakkala
Visit us: www.amenseminary.com
Phone: +914734-224616, Mob: 8086680468

**AMEN NEWS**
ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം
Visit us: www.amennewsreport.com


## PRAYER CELL

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com

പുനർവായന



ബാബു ജോൺ വേട്ടമല

# മഹതിയാം ബാബിലോൺ അബദ്ധ പഞ്ചാംഗം

**റോമാ നഗരവും കത്തോലിക്ക സഭയുമായി സാത്താനോ, അവന്റെ മൂർത്തിയായ എതിർക്രിസ്തുവിനോ ബന്ധമില്ലെന്ന് ഞാൻ പറയുന്നില്ല; എന്നാൽ എതിർക്രിസ്തുവിനെ ലോകത്ത് കൊണ്ടുവരുന്നത് ഇവരല്ല, ഇവരുടെ നേതാവായല്ല എതിർക്രിസ്തു ലോകത്തിൽ പ്രത്യക്ഷനാകുന്നത്. പിന്നെ ആരുടെ നേതാവായി എതിർക്രിസ്തു വരുന്നുവെന്ന ചോദ്യം അവശേഷിക്കുന്നു.**

വിശുദ്ധവേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്ന അന്ത്യകാല സംഭവങ്ങളെക്കുറിക്കുന്ന പ്രവചന ഭാഗങ്ങൾ തികച്ചും തെറ്റായി വ്യാഖ്യാനിക്കുന്ന വ്യാഖ്യാന പുസ്തകങ്ങളാണ് ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടവയിൽ ഭൂരിഭാഗവും. അന്ധമായ അമേരിക്കൻ അനുകരണമാണ് ഈ തെറ്റിലേക്ക് നമ്മെ നയിക്കുന്നതെന്ന വസ്തുത നേരത്തെ പ്രസ്താവിച്ചിരുന്ന കാര്യം വായനക്കാർ ഓർക്കുന്നുണ്ടല്ലോ. ഗൗരവമായ കാര്യങ്ങൾ ഐ.പി.സി.ക്കാർക്ക് കുമ്പനാട് കൺവൻഷൻ പോലെയാണ്. പതിനായിരക്കണക്കിന് ജനം തടിച്ചുകൂടുന്ന ഈ മഹാസമ്മേളനം ഇന്ന് വിവരമില്ലാത്ത സായിപ്പുമാർക്കും, വേദപുസ്തകത്തിന്റെ ആദിപാഠങ്ങൾ പഠിച്ചിട്ടില്ലാത്ത, സ്വയം പ്രഖ്യാപിതരായ പാസ്റ്റർമാർക്കും വിഡ്ഢിത്തരങ്ങൾ വിളമ്പുന്നതിനുള്ള വേദിയായി മാറിയിരിക്കുകയാണ്. നമുക്ക് സകലവും പൊളിറ്റിക്സിന്റെ ഭാഗമാണ്. അന്ത്യകാല പ്രവചനങ്ങൾ വ്യാഖ്യാനിക്കുന്നതും അങ്ങനെ തന്നെയാണ്. നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്കാണ് ഇവിടെ മുൻതൂക്കം. ഇങ്ങനെ ഇഷ്ടാനിഷ്ടങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന അന്ധമായ അമേരിക്കൻ അനുകരണത്തിന്റെ ആവിഷ്ക്കരണമാണ് മുകളിൽ പറഞ്ഞിരിക്കുന്ന "മഹതിയാം ബാബിലോൺ" എന്ന പുസ്തകം. റോമാ നഗരത്തിൽ നിന്നും "അന്തിക്രിസ്തു" വരുമെന്ന് വ്യാഖ്യാനിക്കുന്ന ഈ പുസ്തകം മലയാളി പെന്തെക്കോസ്തുകാരെ ആശയക്കുഴപ്പത്തിലാക്കുകയാണെന്ന് പറഞ്ഞാണല്ലോ കഴിഞ്ഞ ലക്കം നിർത്തിയത്.

പ്രസ്തുത പുസ്തകത്തിലെ "അന്തിക്രിസ്തു" എന്ന പ്രയോഗം തന്നെ തെറ്റാണ്. ക്രിസ്തുവിനോട് എതിർത്തു നില്ക്കുന്ന "എതിർക്രിസ്തു" വിനെയാണ് വേദപുസ്തകം ചിത്രീകരിക്കുന്നത്. അവൻ ക്രിസ്തുവല്ല; അന്തിക്രിസ്തു-അഥവാ അവസാനത്തെ ക്രിസ്തുവായി സാത്താനെ ചിത്രീകരിക്കുന്നത് അവന് ഇഷ്ടമുള്ള കാര്യമാണ്. പക്ഷേ വേദപുസ്തകം ഇതനുവദിക്കുന്നില്ല.

വെളിപ്പാട് 17-ാം അദ്ധ്യായത്തിൽ പത്തു കൊമ്പും ഏഴു തലയുമുള്ള കടുംചുവപ്പുനിറമുള്ള ഒരു മൃഗത്തേക്കുറിച്ചും അതിന്മേൽ ഇരിക്കുന്ന "മർമ്മം: മഹതിയാം ബാബിലോൺ; വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്"-എന്ന സ്ത്രീയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ഇവയെപ്പറ്റി തികച്ചും തെറ്റായ വ്യാഖ്യാനങ്ങളാണ് കെ.ഇ. ഏബ്രഹാമിന്റെ "മഹതിയാം ബാബിലോൺ" എന്ന പുസ്തകം നൽകുന്നത്. വേദപുസ്തകത്തിന്റെ ഭാഷയിൽ ചരിത്രത്തെ അടിസ്ഥാനമാക്കി വ്യാഖ്യാനിക്കേണ്ട സംഗതികളാണ് ഈ സാമ്യരൂപങ്ങൾ. ഈ ഭാഗം പാസ്റ്റർ കെ.ഇ.ഏബ്രഹാം വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്:

"ഈ സഭ ഏതെന്ന് കണ്ടുപിടിക്കുവാൻ പ്രയാസമില്ല. അതിനായി അവളുടെ ഇരിപ്പിടം നോക്കിയാൽ മതിയാകും. അവൾ ഇരിക്കുന്ന മൃഗത്തിന്റെ ഏഴു തലകൾക്കും പരിശുദ്ധാത്മാവ് കൊടുത്തിരിക്കുന്ന വ്യാഖ്യാനത്താൽ ഈ ഇരിപ്പിടത്തെക്കുറിച്ച് നിഷ്പ്രയാസം ഗ്രഹിക്കുവാൻ നമുക്ക് സാധിക്കുന്നു. "തല ഏഴും സ്ത്രീ ഇരിക്കുന്ന ഏഴു മലയാകുന്നു. അവ ഏഴു രാജാക്കന്മാരാകുന്നു. അഞ്ചു പേർ വീണുപോയി; ഒരുത്തൻ ഉണ്ട്; മറ്റവൻ ഇതേവരെ വന്നിട്ടില്ല; വന്നാൽ പിന്നെ കുറഞ്ഞോന്ന് ഇരിക്കേണ്ടതാകുന്നു"(വെളിപ്പാട് 17:9-10). മൃഗത്തിന്റെ ഏഴു തലകൾക്ക് പരിശുദ്ധാത്മാവ് രണ്ടർത്ഥം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതായി ഇവിടെ കാണുന്നു. റോമാ നഗരത്തിലെ ഏഴു രാജാക്കന്മാരെ ഇത് സൂചിപ്പിക്കുന്നു. അഞ്ചു പേർ വീണുപോയി. ഈ അഞ്ചു രാജാക്കന്മാർ യോഹന്നാൻ അപ്പൊസ്തലൻ ദർശനം കാണുന്ന കാലത്തിന് മുമ്പ് റോമയെ ഭരിച്ചിട്ടുള്ള രാജാക്കന്മാരിൽ അഞ്ചു പേരാണ്. യോഹന്നാന്റെ കാലത്ത് വാണിരുന്നത് അവനെ ഈജിയൻ സമുദ്രത്തിലുള്ള പത്മോസ് ദ്വീപിലേക്ക് നാടുകടത്തിയ ഡൊമീഷ്യൻ കൈസറെ ഉദ്ദേശിച്ചത്രേ 'ഒരുത്തൻ ഉണ്ട്' എന്ന് പറഞ്ഞിരിക്കുന്നത്. ഒടുവിലത്തവൻ, അതായത് വരുവാനുള്ള ഏഴാമൻ തീർച്ചയായും അന്തിക്രിസ്തു തന്നേ".

ഈ വ്യാഖ്യാനത്തിൽ പാസ്റ്റർ കെ.ഇ.ഏബ്രഹാം സാരമായ തെറ്റ് വരുത്തിയിരിക്കുകയാണ്. ഏഴു മലകളുടെമേൽ സ്ഥാപിതമായ പട്ടണം റോമാനഗരമാണ് എന്നു പറയുന്ന വ്യാഖ്യാനം തെറ്റാണ്. ഇവിടെ 'മല' എന്ന വാക്കിനെ വ്യാഖ്യാനിക്കേണ്ടത് വേദപുസ്തകത്തിന്റെ ഭാഷയിലാണ്. 'മല' എന്നത് സാമ്യരൂപമായാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അക്ഷരീകമായ 'മല' അല്ല. റോമാ നഗരം അക്ഷരീകമായ മലകളുടെ മേൽ സ്ഥാപിതമാണ്. വേദപുസ്തകത്തിന്റെ ഭാഷയിൽ 'മല' എന്ന സാമ്യരൂപം കൊണ്ടുദ്ദേശിക്കുന്നത് രാജാക്കന്മാർ, രാജ്യങ്ങൾ, ഭരണകൂടം, സാമ്രാജ്യങ്ങൾ എന്നൊക്കെയാണ്. റോമാനഗരം അക്ഷരീകമായ മലകളുടെമേൽ സ്ഥാപിതവും, എതിർക്രിസ്തുവിന്റെ സഭ ആത്മികമായി, വേദപുസ്തക ഭാഷയിൽ ചരിത്രത്തിന്റെ തെളിവുകളോട് വ്യാഖ്യാനിച്ച് മനസ്സിലാക്കേണ്ട രാജാക്കന്മാരുടെ മേലും സാമ്രാജ്യങ്ങളുടെ മേലും സ്ഥാപിതമായതുമാണ്. ഇവിടെ ജ്ഞാനബുദ്ധിയുണ്ടെന്ന് പരിശുദ്ധാത്മാവ് പറയുന്നു.

യോഹന്നാൻ എഴുതുന്ന സമയത്ത് ഏഴു മലകളിൽ അഞ്ചെണ്ണം വീണുപോയി. ഒന്ന് ഉണ്ട്, ഏഴാമത്തേത് വരുവാനിരിക്കുന്നുവെന്നാണ്. പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ വ്യാഖ്യാനം ശരിയാകണമെങ്കിൽ റോമാനഗരത്തിന് യോഹന്നാൻ എഴുതുന്ന സമയത്ത് ഒരു മലയെ ഉണ്ടായിരിക്കുവാൻ പാടുള്ളു. പക്ഷേ റോമിൽ അന്നും ഏഴു മലകളുണ്ട്. ഇനി മലകളെ റോമിന്റെ രാജാക്കന്മാരായി ചിത്രീകരിക്കുകയാണെങ്കിൽ 'അഞ്ചു രാജാക്കന്മാർ വീണുപോയി ഒരുത്തനുണ്ട്' എന്നാണ് പറഞ്ഞിരിക്കുന്നത്. എന്താണ് ഇതിന്റെ അർത്ഥം? യോഹന്നാന് മുമ്പ് റോമിൽ അഞ്ചു രാജാക്കന്മാരേ ഉണ്ടായിട്ടുള്ളു എന്നാണോ? അതോ യോഹന്നാന് മുമ്പ് ജീവിച്ചിരുന്ന റോമൻ ചക്രവർത്തിമാരിൽ അഞ്ചു പേരെ മരിച്ചുപോയിട്ടുള്ളു എന്നാണോ? ഈ വ്യാഖ്യാനത്തിന് ചരിത്രവുമായി എന്താണ് ബന്ധം? അതുമല്ല, റോമിൽ യോഹന്നാന് മുമ്പ് ഭരിച്ചിരുന്ന അഞ്ചു രാജാക്കന്മാരാണ് വീണുപോയ മലകളെന്ന് കെ.ഇ.ഏബ്രഹാം ഉദ്ദേശിക്കുന്നതെങ്കിൽ ആരൊക്കെയാണ് ഈ അഞ്ചുപേർ? എന്തുകൊണ്ടാണ് ഇവരെ മാത്രം ഈ ഏഴുമലകളുമായി ബന്ധപ്പെടുത്തുന്നത്? ഇത്തരം ചോദ്യങ്ങൾക്കുള്ള മറുപടി 'മഹതിയാം ബാബിലോണിൽ' ഇല്ല. അന്ധമായ കത്തോലിക്ക വിരോധം വായനക്കാരിൽ വളർത്തുന്നതിനേ ഈ പുസ്തകം ഉതകുന്നുള്ളു.

റോമാ നഗരവും കത്തോലിക്ക സഭയുമായി സാത്താനോ, അവന്റെ മൂർത്തിയായ എതിർക്രിസ്തുവിനോ ബന്ധമില്ലെന്ന് ഞാൻ പറയുന്നില്ല; എന്നാൽ എതിർക്രിസ്തുവിനെ ലോകത്ത് കൊണ്ടുവരുന്നത് ഇവരല്ല, ഇവരുടെ നേതാവായല്ല എതിർക്രിസ്തു ലോകത്തിൽ പ്രത്യക്ഷനാകുന്നത്. പിന്നെ ആരുടെ നേതാവായി എതിർക്രിസ്തു വരുന്നുവെന്ന ചോദ്യം അവശേഷിക്കുന്നു. ഇതിന്റെ മറുപടി ഈ പംക്തിയിൽ തുടർമാനമായി എഴുതിക്കൊണ്ടിരിക്കുകയാണ്.

ദൈവത്തോടും തന്റെ ജനത്തോടും എതിർത്തു നില്ക്കുന്ന ശക്തിയാണ് എതിർക്രിസ്തുവെന്ന് നേരത്തെ പറഞ്ഞുവല്ലോ. റിബേക്കയുടെ ഉദരത്തിൽ യിസ്രായേൽ ഉരുവായതു മുതൽ ഈ ശക്തിയും ഒപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ തുടങ്ങി, ഏദോമിൽക്കൂടി ശക്തിയാർജ്ജിച്ച്, ഓട്ടോമൻ ഭരണകൂടത്തിൽക്കൂടി പ്രബലമായി ഇന്ന് നിലവിലിരിക്കുന്ന ഒരു മതത്തിന്റെ ശക്തിയായി ലോകവ്യാപകമായി കരുത്താർജ്ജിച്ച ഒന്നാണ് എതിർക്രിസ്തുവും അവന്റെ പ്രവർത്തന പദ്ധതികളും. ഇത് ചരിത്രത്തിൽ നിന്നും ഗ്രഹിക്കേണ്ട കാര്യമാണ്. ദൈവജനത്തെ പീഡിപ്പിച്ച ആദ്യത്തെ ശക്തി -തല (1) ആയിരുന്നു ഈജിപ്ഷ്യൻ സാമ്രാജ്യം. ഞാൻ നേരത്തെ സൂചിപ്പിച്ച മതത്തിന്റെ കീഴിലാണിത്. ഇവർ ഇന്ന് ഒരു സാമ്രാജ്യത്വ ശക്തിയല്ല. വീണു പോയി. എന്നാൽ ക്രിസ്തുവിരോധം ഇവിടെ ആളിപ്പടരുകയാണ്.

*ശേഷം പേജ് 4ൽ*

# ഐ.പി.സി ദർശനത്തിൽ നിന്ന് വ്യതിചലിച്ചിട്ടില്ല: റവ.ഡോ.കെ.സി ജോൺ

*1-ാം പേജ് തുടർച്ച*

തന്നെ കേന്ദ്രീകൃതമായി പണപ്പിരിവ് നടത്തി വിതരണം ചെയ്യുന്ന ഒരു സംവിധാനമല്ല. പലപ്പോഴും ഐ.പി.സി ജനറൽ കൗൺസിലിന്റെ ചിലവുകൾ, ദൈനംദിന ആവശ്യങ്ങൾ എന്നിവയ്ക്ക് കൗൺസിൽ അംഗങ്ങൾ മനപ്പൂർവ്വ ദാനങ്ങൾ നൽകുകയാണ് ചെയ്യുന്നത്. ഐ.പി.സി കേന്ദ്ര ഓഫീസിൽ വരുന്ന സംഭാവനകൾ ഏതെങ്കിലും സ്റ്റേറ്റിനോ, സെന്ററിനോ, ലോക്കൽ സഭയ്ക്കു വേണ്ടിയോ ഡെസിഗ്നേറ്റ് ചെയ്ത് വരുന്നവയാണ്. അത് കൃത്യമായി കൈമാറുക എന്നതുമാത്രമാണ് ജനറൽ കൺസിലിന്റെ ചുമതല.

**?** *ഐ.പി.സിയുടെ ഭരണത്തിൽ വരുന്നവർ അധികാരം ഉപയോഗിച്ച് സ്വന്തമായി പണം സമ്പാദിക്കുന്നു എന്ന വ്യാപകമായ പരാതി ഉണ്ടല്ലോ*

ഐ.പി.സിയിലെ തിരഞ്ഞെടുക്കപ്പെടുന്ന ഒരു ലീഡർക്കും ശമ്പളമോ, അലവൻസോ സഭ നൽകുന്നില്ല. നേതാക്കൾ സ്വമേധയാ പ്രവർത്തിക്കുന്ന മറ്റൊരു വലിയ സഭ ഐ.പി.സി പോലെ വേറെ ഉണ്ടോ?

എന്റെ കാര്യം ഞാൻ പറയാം. എന്റെ പ്രവർത്തനത്താൽ രൂപം കൊണ്ട പ്രാദേശിക സഭയിൽ ഇപ്പോൾ 1700 ആളുകൾ ആരാധിക്കുന്നു. ആഴ്ചതോറും ആ സഭയിൽ വചനശുശ്രൂഷ നടത്തുന്ന പാസ്റ്ററാണെങ്കിലും ആ സഭയിൽ നിന്ന് ശമ്പളമോ ദശാംശമോ സ്തോത്രകാഴ്ചയോ ഞാൻ എടുക്കുന്നില്ല. സഭയുടെ ആവശ്യങ്ങൾക്കും പ്രവർത്തനങ്ങൾക്കുമാണ് ആ തുക ചിലവഴിക്കുന്നത്.

ഞാൻ കഴിഞ്ഞ ആറുവർഷം ഐ.പി.സി ജനറൽ പ്രസിഡന്റായി പ്രവർത്തിച്ചു. ഐ.പി.സിക്കുവേണ്ടി ലഭിച്ച ഒരു രൂപ പോലും എനിക്കുവേണ്ടി ചിലവഴിക്കുകയോ വകമാറ്റി ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. പ്രസിഡന്റിന്റെ ഓഫീസിൽ ഞാൻ ഉപയോഗിക്കുന്ന മേശ, കസേര തുടങ്ങിയ ഫർണിച്ചറുകൾ എല്ലാം ഞാൻ എന്റെ ചിലവിൽ വാങ്ങിയിട്ടുള്ളതാണ്. ആരും സ്പോൺസർ ചെയ്തതല്ല.

ദൈവവചനം പ്രസംഗിക്കുന്നിടത്തു നിന്നും ലഭിക്കുന്ന ഗിഫ്റ്റാണ് എന്റെ ജീവിതാവശ്യങ്ങൾക്കുവേണ്ടിയുള്ള എന്റെ വരുമാനം. അതിൽ നിന്ന് എല്ലാ വർഷവും ഒരു ലക്ഷം രൂപ വീതം സഭക്ക് വ്യക്തിപരമായി സംഭാവന ചെയ്തുവരുന്നു. സഭാ നേതൃത്വത്തിലുള്ള ആൾ എന്ന നിലയിലും പ്രസംഗകൻ എന്ന നിലയിലും ഞാൻ ജനങ്ങൾക്കിടയിലാണ് ജീവിക്കുന്നത്. ധാരാളം ആളുകൾ സഹായങ്ങൾക്കായി സമീപിക്കാറുണ്ട്. എന്നാൽ ആവും വിധം എല്ലാവരോടും സഹകരിക്കുന്നു. ഐ.പി.സിക്ക് വേണ്ടി പണപ്പിരിവ് നടത്തി ഞാൻ പണം സ്വന്തമാക്കിയെന്ന ഒരാരോപണം ഇന്നുവരെ എന്റെ ശത്രുക്കൾ പോലും എനിക്കെതിരെ പറഞ്ഞിട്ടില്ല.

**?** *ഐ.പി.സി പ്രസിഡന്റ് എന്ന പദവി ഉപയോഗിച്ച് പവ്വർ വിഷൻ വളർത്തിയെടുക്കാൻ താങ്കൾ ശ്രമിച്ചില്ലേ? പവ്വർവിഷൻ വൻ സാമ്പത്തിക ലാഭമുണ്ടാക്കുന്ന പ്രസ്ഥാനമല്ലേ?*



**സഭാ നേതൃത്വത്തിലുള്ള ആൾ എന്ന നിലയിലും പ്രസംഗകൻ എന്ന നിലയിലും ഞാൻ ജനങ്ങൾക്കിടയിലാണ് ജീവിക്കുന്നത്. ധാരാളം ആളുകൾ സഹായങ്ങൾക്കായി സമീപിക്കാറുണ്ട്. എന്നാൽ ആവും വിധം എല്ലാവരോടും സഹകരിക്കുന്നു. ഐ.പി.സിക്ക് വേണ്ടി പണപ്പിരിവ് നടത്തി ഞാൻ പണം സ്വന്തമാക്കിയെന്ന ഒരാരോപണം ഇന്നുവരെ എന്റെ ശത്രുക്കൾ പോലും എനിക്കെതിരെ പറഞ്ഞിട്ടില്ല.**

ഞാൻ ഐ.പി.സി പ്രസിഡന്റ് ആകുന്നതിന് മുൻപാണ് പവ്വർ വിഷൻ ടിവി ചാനൽ ആരംഭിക്കുന്നത്. ഐ.പി.സി സഭകളിൽ നിന്നോ പാസ്റ്റർമാരിൽ നിന്നോ സംഭാവന പിരിച്ചല്ല ചാനൽ നടത്തുന്നത്. പവ്വർ വിഷൻ എന്റെ സ്വകാര്യ സ്വത്തല്ല. ഞാൻ അതിൽ ഒരാൾ എന്നേയുള്ളൂ. സുവിശേഷീകരണവും സാമൂഹ്യ സേവനവും ലക്ഷ്യമാക്കി നടക്കുന്ന പ്രസ്ഥാനമാണത്. അതിൽ സുവിശേഷം പ്രസംഗിക്കാൻ എനിക്ക് അവസരം ലഭിക്കുന്നു എന്നതാണ് എന്റെ നേട്ടം. അല്ലാതെ അവിടെ നിന്നും ശമ്പളമോ അലവൻസോ ഞാൻ നാളിതുവരെ കൈപ്പറ്റിയിട്ടില്ല. തികച്ചും സ്വമേധാ സേവനമാണ്.

**?** സഭാ ഭരണമാണോ വചന ശുശ്രൂഷയാണോ താങ്കൾ കൂടുതൽ ഇഷ്ടപ്പെടുന്നത്

ദൈവം എന്നെ ഭരമേൽപ്പിച്ചിരിക്കുന്നതും ഞാൻ ഏറെ ഇഷ്ടപ്പെടുന്നതുമായ ശുശ്രൂഷ വചന ശുശ്രൂഷയാണ്. ലോക്കൽ സഭയിലും, സെന്ററിലും, വിവിധ സ്റ്റേറ്റുകളിലും ലോകമെങ്ങും വിവിധ മാധ്യമങ്ങളിലൂടെ നിരന്തരം ഞാനതു ചെയ്യുന്നു.

സഭാ ഭരണം തികച്ചും വ്യത്യസ്തമായ കാര്യമാണ്. "നന്നായി ഭരിക്കുന്ന മൂപ്പന്മാരെ വിശിഷ്യാ വചനത്തിലും ഉപദേശത്തിലും അധ്വാനിക്കുന്നവരെ ഇരട്ടി മാനത്തിന് യോഗ്യരാക്കി എണ്ണുക" എന്ന് തിരുവെഴുത്ത് ഉപദേശിക്കുന്നു. വചനത്തിലും ഉപദേശത്തിലുമുള്ള അദ്ധ്വാനമാണ് സഭയുടെ ഭരണം. അപ്പോസ്തലന്മാർ അതാണ് ചെയ്തിരുന്നത്. സഭാ ഭരണത്തിനുള്ള ദൈവകൃപ എല്ലാവർക്കും ലഭിക്കണമെന്നില്ല. കൃപ പ്രാപിച്ചവർ അത് നന്നായി ചെയ്യും. ലൗകീക ഭരണവും ആത്മീയ ഭരണവും വ്യത്യസ്തമാകുന്നത് ഇതിനാലാണ്.

**?** *ഐ.പി.സിയിൽ കോടതി കേസുകൾ വർദ്ധിച്ചു വരികയാണല്ലോ*

പതിനായിരക്കണക്കിന് അംഗങ്ങളുള്ള ബൃഹത്തായ ഒരു പ്രസ്ഥാനമണ് ഐ.പി.സി. സ്വാഭാവികമായും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. ചിലർ കോടതിയെ സമീപിച്ചെന്നിരിക്കും. എങ്കിലും കഴിഞ്ഞ ആറു വർഷത്തിനിടയിൽ പുതുതായി ഉത്ഭവിച്ച ഒരു കേസും ഇന്ന് നിലനിൽക്കുന്നില്ല എന്നത് ദൈവീക പരിപാലനമാണ്.

**?** *ഐ.പി.സിയുടെ തിരഞ്ഞെടുപ്പുകൾ സഭയുടെ പ്രതിഛായയെ തകർക്കുന്നതല്ലേ*

ഐ.പി.സി എന്ന സഭയും ഐ.പി.സി എന്ന സൊസൈറ്റിയുമുണ്ട്. സൊസൈറ്റിയുടെ മുഖവും ശബ്ദവുമാണ് കൗൺസിൽ. ജനാധിപത്യ സംവിധാനത്തിൽ തിരഞ്ഞെടുപ്പുകൾ അനിവാര്യതയാണ്. ഇലക്ഷനിൽ പാനലായോ അല്ലാതെയോ നിലനിൽക്കുന്നവർ പിന്നീട് ഒരുമിച്ചല്ലേ പ്രവർത്തനങ്ങൾ മുമ്പോട്ടു കൊണ്ടുപോകുന്നത്. എങ്കിലും നമ്മുടെ തിരഞ്ഞെടുപ്പ് രീതികളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് എല്ലാ രംഗത്തു നിന്നും അഭിപ്രായങ്ങൾ ഉയരുന്നുണ്ട്. ഇനിയുള്ള മുഖ്യ അജണ്ട ഇപ്പോഴത്തെ തിരഞ്ഞെടുപ്പ് രീതികൾ ലളിതവത്ക്കരിക്കുക എന്നതാണ്.

ഐ.പി.സിയുടെ പ്രതിഛായ മികവുറ്റതാക്കുന്നതിന്റെ ഉത്തരവാദിത്വം ജനറൽ കൗൺസിലിന്റേതാണ്. സഭയും ഗവണ്മെന്റുമായുള്ള ഇടപാടുകൾക്കാണ് സൊസൈറ്റി ഉണ്ടാക്കപ്പെട്ടത്. നിയമപരമായ ബാധ്യതകൾ നിറവേറ്റുവാൻ പ്രാപ്തിയും പരിജ്ഞാനവും ഒപ്പം ആത്മീയ നേതൃത്വവും നൽകാൻ കൃപയും ദർശനവുമുള്ളവരാണ് ജനറൽ കൗൺസിലിന്റേയും സഭയുടേയും നടത്തിപ്പുകാരായി വരേണ്ടത്.

പറയാനുള്ളതു മാത്രം

# പിടിച്ചു വാങ്ങിയ അപ്പം തന്നെ തിന്നാൽ ...



ജോർജ് മത്തായി
സി.പി.എ.

ആദ്യമായി ഐ.പി.സി.കേരളാ സ്റ്റേറ്റ് വോട്ടെടുപ്പിൽ പങ്കാളിയാകുവാൻ ഈ വർഷം എനിക്ക് സാധിച്ചു. ഭാഗ്യവും നിർഭാഗ്യവും ഒത്തുചേർന്ന ഒരനുഭവം. ഇന്നത്തെ 'ശുശ്രൂഷകരിൽ' ചിലരുടെയും, അവരുടെ അനുയായികളായ ചില 'വിശ്വാസി'കളുടെയും സ്വഭാവപ്രകടനങ്ങൾ കണ്ടപ്പോൾ വല്ല കല്ലറകളിൽ നിന്നും പഴയ വിശുദ്ധന്മാരായ ഉപദേശിമാരെ ചാട്ടവാറുമായി ദൈവം അയക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. ഇതേ വ്യക്തികളല്ലേ ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ ഓർമ്മയായ തിരുവത്താഴവുമായി നമ്മുടെ വിശ്വാസികളുടെ മുമ്പിൽ ഭക്തിയുടെ ഭാവം നടിക്കുന്നതെന്നോർത്തപ്പോൾ, ഞാൻ സ്തംഭിച്ചുപോയി, ദൈവമേ, ഇവരാരെന്നും, ഇവർ എന്തിനിറങ്ങിത്തിരിച്ചുവെന്നും അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേയെന്ന് ഞാൻ പ്രാർത്ഥിച്ചുപോയി. എന്തായാലും, ഈ ജനം തിരഞ്ഞെടുക്കുവാൻ ഇഷ്ടപ്പെട്ടവരെ അവർ തിരഞ്ഞെടുത്തു കഴിഞ്ഞതിനാൽ ഞാൻ തുടർന്നുള്ള ഒരു എമ്പവ്വർമെന്റ് *(Empowerment)* പ്രവർത്തിയിലേക്ക് പുതിയ ഭരണസമിതിയെ ക്ഷണിക്കട്ടെ! എന്താണ് എംപവ്വർമെന്റ് എന്ന് പിന്നാലെ വിവരിക്കാം. നിങ്ങൾക്ക് ജിജ്ഞാസ കൂടുന്നെങ്കിൽ ഉടനെ ചുരുക്കത്തിൽ പറയാം. "ലക്ഷങ്ങൾ മുടക്കി പിടിച്ചു വാങ്ങിയ അപ്പം എല്ലാവരുമായി ഒരുമിച്ചു നുറുക്കിത്തിന്നാൽ ആത്മിയ ദഹനക്കേട് സഭയെന്ന ക്രിസ്തുവിന്റെ ശരീരത്തെ ഹാനികരമായി ബാധിക്കാതെ സൂക്ഷിക്കാം."

ഐ.പി.സിയുടെ തിരഞ്ഞെടുപ്പിനെപ്പറ്റി ധാരാളം അഭിപ്രായ പ്രകടനങ്ങൾ ഞാൻ വായിക്കുകയും കേൾക്കുകയും ചെയ്തു. എന്നാൽ എന്റെ അടുത്ത സ്നേഹിതനും ഐ.പി.സി.ക്കാരനുമായ റോയി വാകത്താനത്തിന്റെ ലേഖനം ഏറെ ശ്രദ്ധേയമായിരുന്നു.

തിരഞ്ഞെടുപ്പുസമയത്ത്, മരിച്ചു മൺമറഞ്ഞ നമ്മുടെ പിതാക്കന്മാരുടെ പാരമ്പര്യം പറഞ്ഞ് വോട്ടു ചോദിക്കുന്ന ലേഖനങ്ങളും പരസ്യങ്ങളും കണ്ടപ്പോൾ എനിക്ക് ദുഃഖവും ലജ്ജയും തോന്നി. ഇവരിന്ന് മാളികകളിലും എയർ കണ്ടീഷൻ കാറുകളിലും വിലസ്സി, പാവപ്പെട്ട വിശ്വാസികളെ കബളിപ്പിച്ച് അധികാര മോഹികളായി ജീവിക്കുന്നത്, ഏതു പിതാക്കന്മാരുടെ ജീവിതശൈലിയായിരുന്നുവെന്ന് ഇവർ വെളിപ്പെടുത്തിയാൽ കൊള്ളാം. ഈ ലേഖകൻ എ.സി.കാറിനോ, വലിയ വീടിനോ എതിർ പറയുന്ന വ്യക്തിയല്ല, എന്നാൽ ഇരട്ടമുഖത്തോടെ വിശ്വാസികളെ വഞ്ചിക്കുന്ന ആത്മികരെന്ന് നടിക്കുന്നവരുടെ പ്രവർത്തനശൈലിയെ വിമർശിക്കാതെ തരമില്ല. മാളികയിൽ താമസിക്കുന്ന ചില ഉപദേശിമാരും വിശ്വാസികളും ആഡംബരമായി ജീവിക്കുകയും ആഭരണം അണിയുന്നവരോടൊപ്പം തിരുവത്താഴമെടുക്കുകയും അങ്ങനെയുള്ളവരിൽ നിന്ന് ധനസഹായം കൈപ്പറ്റുകയും ചെയ്യുന്നവർ തിരഞ്ഞെടുപ്പുസമയത്ത് ആഭരണവിരോധികളായി മറ്റു ചിലരെ കരിതേച്ച് ഉപദേശശുദ്ധന്മാരായതും ഈ തിരഞ്ഞെടുപ്പിന്റെ ഒരു പ്രത്യേകതയായിരുന്നു. ഇനിയെങ്കിലും ഇവ്വിധമുള്ള 'വിശുദ്ധന്മാർ' ഏതു പിതാക്കന്മാരെയാണ് ജനങ്ങൾ അനുകരിക്കേണ്ടതെന്ന് പേരു സഹിതം വെളിപ്പെടുത്തിയാൽ എന്നേപ്പോലുള്ളവരുടെ ആശങ്കകൾ അല്പം കുറയും.

*കഴിഞ്ഞ തിരഞ്ഞെടുപ്പിനെപ്പറ്റി ഒരു നീരീക്ഷണം കൂടി:*

പൊതുസ്വത്തിൽ ഏറ്റം പിന്നോക്കം നില്ക്കുന്ന ഐ.പി.സിയുടെ സാമ്പത്തിക നിലവാരം ഉയരേണ്ടിയിരിക്കുന്നു. രണ്ടര മണിക്കൂറോളം ക്യൂവിൽ നിന്നാണ് ഞാനും പോളിംഗ് ബൂത്തിൽ എത്തിയത്. അനേക മഹാന്മാരുടെ മുഖവും വയറും (ഫോട്ടോകൾ) ചവിട്ടിത്തെന്നിയാണ് ഞാൻ പോളിംഗ് ബൂത്തിലെത്തിയത്. (ക്ഷമിക്കണേ! വേറേ മാർഗ്ഗമില്ലാഞ്ഞതു കൊണ്ട് ചവിട്ടേണ്ടി വന്നതാണ്. സ്നേഹമില്ലാഞ്ഞല്ല! ഹെബ്രോൻ ഗ്രൗണ്ടിലെ പ്രചരണ പേപ്പറുകളും നോട്ടീസുകളുമെല്ലാം വാരി വിറ്റാൽത്തന്നെ ഐ.പി.സി.യുടെ മാലിന്യ സംസ്ക്കരണശാല നിർമ്മിക്കുവാനുള്ള വേണ്ടത്ര ഫണ്ട് കിട്ടുമെന്നാണ് എന്റെ കണക്കുകൂട്ടൽ! അതല്പം അതിശയോക്തിയായിത്തോന്നിയാൽ, എന്തായാലും ഐ.പി.സിയിലെ ഒന്നുമുതൽ അഞ്ചു വരെയുള്ള കുട്ടികൾക്ക് കുറെ പാഠപ്പുസ്തകങ്ങളും സ്കൂൾ സാമാനങ്ങളും വാങ്ങാനുള്ള പണമെങ്കിലും തികയുമായിരുന്നു. ദൈവത്തോടും മനുഷ്യരോടും നമുക്ക് ഉത്തരവാദിത്തമില്ലേ?

എംപവർമെന്റിനേപ്പറ്റി (ശക്തീകരണത്തേപ്പറ്റി) ആയിരുന്നല്ലോ പറഞ്ഞുവന്നത്. എന്താണ് ശക്തീകരണം? അധികാരപ്പെടുത്തുക, ചുമതലപ്പെടുത്തുക, നിയോഗിക്കുക, അധികാരം കൊടുക്കുക, അല്ലെങ്കിൽ ശക്തീകരിക്കുക എന്നൊക്കെയാണ് ശക്തീകരണം കൊണ്ടർത്ഥമാക്കുന്നത്.

ഐ.പി.സി.യുടെ നേതൃത്വത്തോട് എനിക്ക് പറയാനുള്ളത്, ശക്തീകരണത്തിന്റെ ശക്തി നിങ്ങൾ മനസ്സിലാക്കണം. ഇപ്രാവശ്യത്തെ കേരളാ കൗൺസിലിൽ മിടുക്കരായ പത്രപ്രവർത്തകരും, എഴുത്തുകാരും, പ്രൊഫഷണൽ സാമൂഹിക പ്രവർത്തകരും, സാമ്പത്തിക ശേഷിയും ബിസിനസ് മാനേജ്മെന്റിൽ കഴിവുള്ളവരും ഉണ്ടെന്നുള്ളത് പ്രശംസനീയമാണ്. ഈ പ്രതിഭകളെ പാനലിന്റെ അടിസ്ഥാനത്തിൽ നീർവീര്യരാക്കരുത്. ഇവരുടെ കഴിവും പ്രതിഭയും, പുതിയ എക്സിക്യൂട്ടീവ് പൂർണ്ണമായും പ്രയോജനപ്പെടുത്തണം.

നമ്മുടെ പെന്തെക്കോസ്തു സഭകളുടെ ഇന്നത്തെ വാടിയ മുഖച്ഛായ മാറണമെങ്കിൽ ലോക്കൽ സഭകൾ മുതൽ ക്രിയാത്മകമായ പ്രവർത്തന വ്യത്യാസങ്ങളുണ്ടാകണം. ആത്മികവും ഭൗതികവുമായ ഉന്നമനത്തിന് വിശ്വാസികളേയും ശുശ്രൂഷകന്മാരേയും പരിശീലിപ്പിക്കണം. നമ്മുടെ സഭകളിലെ സാമ്പത്തിക ബുദ്ധിമുട്ടുള്ളവരെ സഹായിക്കുവാൻ ക്രീയാത്മകമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇന്നത്തെ തലമുറക്ക് ആവശ്യമായ മാർഗ്ഗരേഖകൾ നൽകുവാൻ തക്കവണ്ണം ശുശ്രൂഷകരെ വാർത്തെടുക്കണം. പ്രാർത്ഥനാ യോഗങ്ങൾ ലീഡു ചെയ്യുവാനുള്ള യോഗ്യതകൾക്കപ്പുറം നമ്മുടെ എല്ലാ ശുശ്രൂഷകന്മാരും ഉയരണം. അതിനുള്ള പരിശീലന സൗകര്യങ്ങൾ സഭയുടെ നേതൃസ്ഥാനത്തുള്ളവർ ശുശ്രൂഷകന്മാർക്ക് ഒരുക്കിക്കൊടുക്കണം.

കൂടെയുള്ളവർക്ക് പ്രവർത്തനമേഖലകളിൽ സ്വാതന്ത്ര്യവും അവസരവും നൽകുന്നതാണ് ശക്തീകരണം. തിരഞ്ഞെടുക്കുപ്പെടുന്നവരുടെ കഴിവുകൾ ശരിക്കും സഭയ്ക്ക് പ്രയോജനപ്പെടുത്തുന്ന അധികാരവികേന്ദ്രീകരണം വരണം. ഭരണാധികാരികൾ, സമൂഹത്തിന്റെ നിറംകെട്ടവരെ ഉൾപ്പെടുത്തി ഉപജാപകസംഘം വളർത്തി സഭയുടെ അഭിമാനത്തിന് ക്ഷതം വരുത്തുന്ന രീതിക്ക് മാറ്റമുണ്ടാകണം. ഇക്കാലയളവിൽ സഭ ആത്മീകമായും ഭൗതികമായും നേടേണ്ടവയെ അക്കമിട്ടു നിരത്തി സഭയുടെ വിഷനും മിഷനും നേടിയെടുക്കാനായി വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾക്കുള്ള രൂപം നൽകണം. ആറുമാസത്തിലൊരിക്കലെങ്കിലും അത് നേടിയെടുത്തോയെന്ന് പരിശോധിക്കണം.

ലോക്കൽ സഭകളിൽ പ്രശ്നമുണ്ടായാൽ അത് നിഷ്പക്ഷമായി (അടുത്ത ഇലക്ഷനെപ്പറ്റി ചിന്തിക്കാതെ) പഠിക്കുകയും അതിനു പരിഹാരം കണ്ടെത്തുകയും ചെയ്യണം. സ്ഥലംമാറ്റം തയ്യാറാക്കുന്നതു മാത്രമല്ല, ഒരു കൗൺസിലിന്റെ പ്രധാന ദൗത്യം. ഈ കാലയളവിൽ സഭയ്ക്ക് വേണ്ടി നല്ല പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നില്ലെങ്കിൽ സഭ പുതിയ കാലഘട്ടത്തിൽ പിന്നോട്ടായി പോകുന്നതിന്റെ ഉത്തരവാദിത്വം പുതിയ കൗൺസിലിനായിരിക്കും. ഇത് മനസ്സിലാക്കി എല്ലാ തലങ്ങളിലും ശക്തീകരണം പ്രവർത്തനങ്ങൾ സഭയിലേക്ക് കൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. ഏകദേശം 70 ശതമാനംവരുന്ന പാവപ്പെട്ടവരായ വിശ്വാസികളുടെ ക്ഷേമപ്രവർത്തനം നടപ്പിലാക്കുവാൻ വേണ്ട പദ്ധതികൾക്ക് രൂപം നൽകണം. പുതിയ സ്ട്രാറ്റജിയെക്കുറിച്ച് അടുത്ത ഒരു ലക്കത്തിൽ ഞാൻ വിവരിക്കാം.

## കൺവൻഷൻ

**ഗോസ്പൽ ഫെസ്റ്റിവൽ**

ധോണി: മലബാർ ഗോസ്പൽ ടീം എട്ടാം വാർഷിക സമ്മേളമനവും 15-ാമത് ധോണി കൺവൻഷനും ജനു.25-27 വരെ കർമ്മേൽ ഗ്രൗണ്ടിൽ (ഉമ്മിനി സ്കൂളിന് സമീപം) നടക്കും. പാസ്റ്റർ മോനി ചെന്നിത്തല ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജയിംസ് ജോർജ്, ടി.എം കുരുവിള, ജോർജ് എൻ ഏബ്രഹാം, ഡോ.ബേബി വർഗീസ് എന്നിവർ പ്രസംഗിക്കും. ഷാജി സി ലൂക്ക്, ജി.ഗീവർഗീസ്, പാസ്റ്റർ ചാക്കോ ദേവസ്യ, ഇ.എം ബാബു തുടങ്ങിയവർ നേതൃത്വം നൽകും.

**ചെന്നിത്തല:** ഐ.പി.സി ചെന്നിത്തല ഹെബ്രോൻ സഭയുടെ ആഭിമുഖ്യത്തിൽ കല്ലുംമൂട് ജംഗ്ഷന് തെക്ക് കറുകത്തറ ഭവനാങ്കണത്തിൽ വച്ച് ജനു.24-27വരെ കൺവൻഷൻ നടക്കും. ഐ.പി.സി മാവേലിക്കര വെസ്റ്റ് സെന്റർ മിനിസ്റ്റർ ഡോ.ജോൺ കെ മാത്യു ഉദ്ഘാടനം നിർവ്വഹിക്കും. പാസ്റ്റർമാരായ കെ.കെ ചെറിയാൻ, തോമസ് മാമ്മൻ, ബി.മോനച്ചൻ, എം.എ ജോൺ എന്നിവർ പ്രസംഗിക്കും.

**വിഴിഞ്ഞം:** ഐ.പി.സി വിഴിഞ്ഞം ഏരിയയുടെ പ്രഥമ കൺവൻഷൻ ഫെബ്രുവരി 8-10 വരെ തിരുവനന്തപുരം വണ്ടിത്തനടത്തിനടുത്ത് പാപ്പാഞ്ചാണി ജംഗ്ഷന് സമീപം നടക്കും. ഏരിയാ ശുശ്രൂഷകൻ പാസ്റ്റർ ഡോ. പി.എം ജോൺസൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ജോസഫ് ഏബ്രഹാം പ്രസംഗിക്കും.

## ബൈബിൾ ക്വിസ് വിജയികൾ

നിലമ്പൂർ: വൈ.പി.ഇ മലബാർ സോണൽ ബൈബിൾ ക്വിസ് വിജയികളെ പ്രഖ്യാപിച്ചു. സീനാ വിനോദ് (കോഴിക്കോട്), എലിസബത്ത് തോമസ് (മാനന്തവാടി), ഫേബ മാത്യു (പാലുണ്ട) എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് ജനുവരി 5ന് പാലുണ്ട ചർച്ചിൽ വച്ച് സമ്മാനദാനം നടത്തി. പാസ്റ്റർ മാത്യു കെ ഫിലിപ്പ്, അജി കുളങ്ങര എന്നിവർ സംബന്ധിച്ചു. പാസ്റ്റർ എം.ഇ റെജി നേതൃത്വം നൽകി.

## മഹതിയാം ബാബിലോൺ അബദ്ധ പഞ്ചാംഗം

*3-ാം പേജ് തുടർച്ച*

ഞാൻ നേരത്തെ സൂചിപ്പിച്ച മതത്തിന്റെ കീഴിലാണിത്. ഇവർ ഇന്ന് ഒരു സാമ്രാജ്യത്വ ശക്തിയല്ല, വീണുപോയി. എന്നാൽ ക്രിസ്തുവിരോധം ഇവിടെ ആളിപ്പടരുകയാണ്. കർത്താവ് ഇവരെ ന്യായം വിധിക്കും. തെളിവ് യെശയ്യാ 19-ാം അദ്ധ്യായം.

അതിന്ശേഷം ദൈവജനത്തിനെതിരായി ഉയർന്നു വന്ന രണ്ടാമത്തെ സാമ്രാജ്യത്ത ശക്തിയാണ് അശൂർ- തല (2). അതും വീണു പോയി. പക്ഷേ ക്രിസ്തുവിരോധം അവിടെയും ശക്തമാണ്. കർത്താവ് ഇവരെയും ന്യായം വിധിക്കും. തെളിവ്-മീഖാ 5; യെശ.14.

ദൈവജനത്തെ പീഡിപ്പിച്ച മൂന്നാമത്തെ സാമ്രാജ്യശക്തിയാണ് ബാബിലോൺ. സാമ്രാജ്യം - തല (3). വീണുപോയി, യോഹന്നാന്റെ കാലത്ത് ഇവർ സാമ്രാജ്യശക്തിയല്ല. ക്രിസ്തുവിരോധം ഇവിടെ നിറഞ്ഞുനില്ക്കുകയാണ്. കർത്താവ് ഇവർക്കെതിരാണ്. തെളിവ് യിരെ.49-51.

അതിന്ശേഷം ഉയർന്നു വന്ന പേർഷ്യൻ സാമ്രാജ്യമാണ് ദൈവമക്കളെ പീഡിപ്പിച്ച അടുത്ത സാമ്രാജ്യത്തെ ശക്തി, അതു വീണു പോയി -തല (4). അവിടെ ഇന്ന് ക്രിസ്തുവിരോധം പ്രബലമാണ്. ക്രിസ്തു ഇവർക്കെതിരാണ്. തെളിവ് യെഹസ്ക്കിയേൽ 38-39- അദ്ധ്യായങ്ങൾ

ദൈവമക്കൾക്ക് വിരോധമായി എഴുന്നേറ്റ അഞ്ചാമത്തെ ലോകശക്തിയായിരുന്നു ഗ്രീക്ക് (യവന) സാമ്രാജ്യം. വീണുപോയി തല (5) ഇപ്പോൾ ഇവർ ലോകശക്തിയല്ല. ക്രിസ്തുവിരോധം ഇവിടെയും ആളിക്കത്തുകയാണ്. കർത്താവ് ഇവരെ ശിക്ഷിക്കും. തെളിവ്: യെഹ.38; സെഖ.9:13-14

തല 6 - കിഴക്കൻ റോമൻ ബൈഡാൻറ്റിയൽ സാമ്രാജ്യം. ഇന്ന് ഇവിടെ ക്രിസ്തുവിരോധത്തിന്റെ ഈറ്റില്ലമാണ്. ഇവരുടെ ന്യായവിധിയും വേദപുസ്തകത്തിൽ യെഹ.28-ൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ലക്കത്തിൽ "എതിർക്രിസ്തുവിന്റെ വഴി"- എന്ന തലക്കെട്ടിലെഴുതിയ ലേഖനം വായിച്ചാൽ ഏഴാമത്തെ 'തല' എവിടെ നിന്ന് വരും എന്ന് മനസ്സിലാക്കാം.

ഇനി മൃഗത്തിന്റെ പത്തു കൊമ്പുകളെന്താണെന്ന് നോക്കാം. യിസ്രായേലിന് വിരോധമായി എഴുന്നേൽക്കുന്ന ദശരാഷ്ട്രസംഖ്യമാണിതെന്ന് പറഞ്ഞാൽ നമുക്ക് തള്ളിക്കളയാനാവില്ല. വേദപുസ്തകം ഇതിനെപ്പറ്റി പറയുന്ന - ഈ പത്തു പേരുടെ പേരുകൾ സങ്കീ.83:5-8-ൽ പറഞ്ഞിട്ടുണ്ട്. ഇതിലൊന്നു പോലും യൂറോപ്യൻ ഭൂഖണ്ഡത്തിലുള്ളതല്ല. യൂറോപ്യൻ ഭൂഖണ്ഡത്തിലെ ഒരു രാജ്യത്തെപ്പറ്റിയും ഈ പ്രവചനവുമായി ബന്ധപ്പെടുത്തിയിട്ടില്ല. അതുകൊണ്ടാണ് ഏഴുതലയുള്ള മൃഗം റോമാനഗരമാണെന്ന കെ.ഇ.ഏബ്രഹാമിന്റെ വ്യാഖ്യാനവും പത്തു കൊമ്പുകൾ യൂറോപ്യൻ യൂണിയനിലെ പത്തു രാജ്യങ്ങളാണെന്നുള്ള പിൽക്കാല പെന്തെക്കോസ്ത് വ്യാഖ്യാനങ്ങളും അബദ്ധപഞ്ചാംഗങ്ങളായി നാം തള്ളിക്കളയേണ്ടത്.



## ഐ.പി.സി. ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക്

# പാസ്റ്റർ ജേക്കബ് ജോൺ ഹിമാചൽ



ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ അനുഗ്രഹീതരായ ദൈവദാസന്മാർക്കും സഭാ പ്രതിപുരുഷന്മാർക്കും ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

2013 ജനു.22-ാം തീയതി സഭയുടെ ജനറൽ കൗൺസിൽ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് കുമ്പനാട്ടു വെച്ച് നടക്കുകയാണല്ലോ.

ജനറൽ പ്രസിഡന്റ് സ്ഥാനത്തേക്ക് ഞാനും നോമിനേഷൻ നൽകിയിരിക്കുന്ന വിവരം ഇതിനകം അറിഞ്ഞിരിക്കുമല്ലോ. പ്രാർത്ഥനയും ഉപവാസവും ഉത്തരേന്ത്യയിലെ സുവിശേഷവേലയുമായി നടക്കുന്ന പാസ്റ്റർ ജേക്കബ് ജോൺ എന്തിനാണ് കുമ്പനാട്ടെ രാഷ്ട്രീയത്തിൽ ഇടപെടുന്നതെന്ന് ചിലരെങ്കിലും സംശയിച്ചേക്കാം. ഞാൻ എന്തിന് വേണ്ടി തിരഞ്ഞെടുപ്പ് രംഗത്ത് വന്നിരിക്കുന്നു എന്ന് എല്ലാവരോടും തുറന്ന് പറയുവാൻ ആഗ്രഹിക്കുന്നു.

ഐ.പി.സി പ്രസ്ഥാനത്തെയോർത്ത് ഞാൻ അഭിമാനിക്കുന്നു. നമ്മുടെ പിതാക്കന്മാർക്ക് ദൈവം നൽകിയ ദർശനവും കാഴ്ചപ്പാടും അനുസരിച്ച് അവർ പ്രവർത്തിച്ചു. കഷ്ടതയും പട്ടിണിയും നിന്ദയും അപമാനവും സഹിച്ച് ദൈവരാജ്യത്തിന്റെ കെട്ടുപണിക്കും സഭയുടെ വ്യാപനത്തിനുമായി കഠിനാധ്വാനം ചെയ്ത ആയിരക്കണക്കിന് ദൈവദാസന്മാരുടേയും അവരോടു ചേർന്ന് നിന്ന പതിനായിരക്കണക്കിന് ദൈവജനത്തിന്റേയും കണ്ണീരിന്റേയും പ്രാർത്ഥനയുടേയും ഫലമാണ് നമ്മുടെ പ്രസ്ഥാനം. കാലാകാലങ്ങളിൽ ഇതിന് നേതൃത്വം നൽകിയ ദൈവദാസന്മാരെ ഓർത്ത് നന്ദിയോടെ ദൈവത്തെ സ്തുതിക്കുന്നു.

ഭാരതത്തിന്റെ സുവിശേഷീകരണത്തിന് വേണ്ടി ദൈവം എഴുന്നേല്പിച്ച ഈ പ്രസ്ഥാനം ഇന്ന് വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ ചില പതിറ്റാണ്ടുകളായി സഭ ആത്മീയമായി ഉണർവ്വില്ലാത്ത വെറും സംഘടന മാത്രമായി മുന്നോട്ടു പോകുന്നു. ആത്മീയ വിഷയങ്ങളിൽ മാത്രമല്ല സഭയുടെ ഭൗതീക വളർച്ചയിലും സഭ മുരടിച്ചു. നേതൃത്വത്തിൽ ഇരുന്നവർ സ്വന്തം സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കാൻ ഉത്സാഹിച്ചപ്പോൾ സഭയുടെ ആവശ്യങ്ങളെക്കുറിച്ച് ആരും പരിഗണിച്ചില്ല. കെ.ഇ ഏബ്രഹാം സാറിന് ശേഷം കുമ്പനാട്ട് ഒരു സെന്റ് ഭൂമിപോലും ഐ.പി.സിക്ക് വേണ്ടി വാങ്ങിയിട്ടില്ലെന്നറിയുമ്പോൾ സഭയുടെ ഭൗതീക വളർച്ച എത്ര ദയനീയമാണെന്ന് ഓർക്കുക.

കഴിഞ്ഞ ചില വർഷങ്ങൾക്കകം ഐ.പി.സിയുടെ സഹോദര സംഘടനകളും നമ്മേക്കാൾ ചെറിയ പ്രസ്ഥാനങ്ങളുമായ ചർച്ച് ഓഫ് ഗോഡും, അസംബ്ലീസ് ഓഫ് ഗോഡും മുളക്കുഴയിലും, തിരുവല്ലയിലും, പുനലൂരിലുമൊക്കെയായി നിരവധി ഏക്കർ സ്ഥലം വാങ്ങി മനോഹരമായ കെട്ടിടങ്ങൾ സഭയ്ക്കുവേണ്ടി പണിതു. എന്നാൽ നമ്മുടെ സഭയ്ക്ക് ഒരു സെന്റ് ഭൂമി വാങ്ങാനോ ഉള്ള സ്ഥലത്ത് എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്താനോ സാധിച്ചിട്ടില്ല എന്ന് ദുഃഖത്തോടെ ഓർക്കട്ടെ.

പാവപ്പെട്ട ദൈവദാസന്മാർ കഠിനാധ്വാനം ചെയ്യുന്നതുകൊണ്ട് ലോക്കൽ സഭകൾ വളരുന്നുണ്ട്. മനോഹരമായ ആലയങ്ങൾ ഉണ്ടാകുന്നുണ്ട്. നിരവധി പുതിയ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. ഉത്തരേന്ത്യയിലും മറ്റും സഭ വളർന്നിട്ടുണ്ട്. ഇതൊന്നും നേതൃത്വത്തിന്റെ പ്രോത്സാഹനത്താലോ സഹായത്താലോ അല്ലെന്നതാണ് വാസ്തവം.

നമ്മുടെ സഭയുടെ ആത്മീയ അവസ്ഥയും ഭൗതീക സാഹചര്യങ്ങളും മാറേണ്ടിയിരിക്കുന്നു. പ്രാർത്ഥനാപൂർവ്വം ഈ പ്രസ്ഥാനത്തെ നയിച്ചാൽ ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. സഭയുടെ ഭരണം ചിലരുടെ മാത്രം കുത്തകയായിരിക്കുന്ന അവസ്ഥ മാറണമെന്ന് ആഗ്രഹിക്കുന്ന ആയിരക്കണക്കിന് ദൈവദാസന്മാരുടെ പ്രതിനിധിയാണ് ഞാൻ. വെറുതെ ഒരു പദവി ലഭിക്കാനോ സ്വന്ത ലാഭത്തിനോ വേണ്ടിയല്ല കർത്താവിന് വേണ്ടി ഈ പ്രസ്ഥാനത്തെ ആത്മീയ ഉണർവ്വിലേക്കും ഭൗതീക വളർച്ചയിലേക്കും നയിക്കണം എന്ന ഏക പ്രാർത്ഥനയാണ് എനിക്കുള്ളത്.

ഐ.പി.സി പ്രസിഡന്റായി നിൽക്കാൻ എനിക്കെന്താ യോഗ്യതയെന്ന് ചിലരെങ്കിലും ചോദിക്കുന്നുണ്ടാകാം. കഴിഞ്ഞ നാൽപ്പതിലധികം വർഷമായി ഉത്തരേന്ത്യയിൽ കാശ്മീർ, പഞ്ചാബ്, ഹരിയാന, ഹിമാചൽ എന്നീ സ്റ്റേറ്റുകളിലായി സുവിശേഷവേല ചെയ്തു. നിരവധി സഭകൾ സ്ഥാപിച്ചു. എഴുപതിലേറെ സഭാഹോളുകൾ പണിയിച്ചു. ആയിരക്കണക്കിന് ആത്മാക്കളെ നേടി. നിരവധി പേരെ ദൈവവേലക്ക് കൈപിടിച്ചിറക്കി. ഐ.പി.സിക്ക് കുമ്പനാട്ട് ഒരു ഓഫീസ് സമുച്ചയം ഉണ്ടാകാനായി എന്റെ സ്വന്തം സ്ഥലംവിറ്റ് സംഭാവന ചെയ്തു. അമേരിക്കയിൽ നിന്ന് 65 ലക്ഷം രൂപ പിരിച്ച് അതിൽ നിന്നും ഒരു രൂപ പോലും സ്വന്തമാക്കാതെ മുഴുവൻ തുകയും കുമ്പനാട്ട് നൽകി. നിരവധി തവണ സുവിശേഷവിരോധികളുടെ മർദ്ദനമേറ്റു, എല്ലാ വർഷവും കുറഞ്ഞത് നാല്പത് ദിവസം ഉപവാസത്തോടെ പ്രാർത്ഥനയിൽ ചിലവഴിക്കുന്നു. സുവിശേഷവേലകൊണ്ട് ഒന്നും സമ്പാദിച്ചിട്ടില്ല. ഇന്നും വാടകവീട്ടിൽ താമസിക്കുന്നു. ...... ഇതൊക്കെയേ എനിക്ക് യോഗ്യതയായി പറയുവാനുള്ളൂ. ഇങ്ങനെയുള്ള പാസ്റ്റർ ജേക്കബ് ജോൺ ഐ.പി.സിയുടെ നേതൃത്വത്തിൽ വരുന്നത് സഭയുടെ നന്മയ്ക്ക് ഉതകുമെന്ന് നിങ്ങൾ കരുതുന്നെങ്കിൽ മാത്രം എന്നെ പിന്തുണക്കുക.

> നേതൃത്വത്തിൽ ഇരുന്നവർ സ്വന്തം സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും കെട്ടിപ്പടുക്കാൻ ഉത്സാഹിച്ചപ്പോൾ സഭയുടെ ആവശ്യങ്ങളെക്കുറിച്ച് ആരും പരിഗണിച്ചില്ല. കെ.ഇ ഏബ്രഹാം സാറിന് ശേഷം കുമ്പനാട്ട് ഒരു സെന്റ് ഭൂമിപോലും ഐ.പി.സിക്ക് വേണ്ടി വാങ്ങിയിട്ടില്ലെന്നറിയുമ്പോൾ സഭയുടെ ഭൗതീക വളർച്ച എത്ര ദയനീയമാണെന്ന് ഓർക്കുക.

എനിക്ക് വലിയ അവകാശവാദങ്ങളൊന്നുമില്ല. ഒരു കാര്യം ഞാൻ ഉറപ്പുതരുന്നു. ഞാൻ തിരഞ്ഞെടുക്കപ്പെട്ടാൽ സഭയെ ആത്മീയ നവോത്ഥാനത്തിലേക്ക് നയിക്കും. തുടർമാനമായ പ്രാർത്ഥനയുടെയും അതിലൂടെ ലഭിക്കുന്ന ദൈവാലോചനയുടേയും അടിസ്ഥാനത്തിൽ സഭയെ നയിക്കും. സഭയുടെ ഒരു രൂപ പോലും ഞാൻ സ്വന്തമാക്കുകയില്ല. ദൈവം എന്നെ ഏല്പിച്ചിരിക്കുന്നതിലെല്ലാം വിശ്വസ്തതയോടെ ദൈവമുൻപാകെയും മനുഷ്യരുടെ മുൻപാകെയും സാക്ഷ്യമുള്ളവനായി പ്രവർത്തിക്കും.

എന്നെ വ്യക്തിപരമായി അറിയാത്തവർക്കായി പരിചയപ്പെടുത്തലിന്റെ ചില വാക്കുകൾ കൂടെ എഴുതട്ടെ. പെന്തെക്കോസ്തിലെ മൂന്നാം തലമുറക്കാരനാണ്. ആഞ്ഞിലിത്താനം പൂവക്കാലായിൽ പി.എം ജോണിന്റെ മകനായി ജനിച്ചു. ചെറുപ്പത്തിലേ ദൈവവേലക്ക് സമർപ്പിച്ചു. പഞ്ചാബിലെ ആദ്യ ഐ.പി.സി സഭയായ പത്താൻകോട്ട് സഭ സ്ഥാപിച്ചു. പഞ്ചാബിലെ ഐപി.സി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 65 ലധികം സഭകൾ സ്ഥാപിച്ചു. വേലയുടെ വിശാലതയ്ക്ക് പ്രയോജനപ്പെടട്ടെ എന്ന ആഗ്രഹത്തോടെ പാസ്റ്റർ വത്സൻ ഏബ്രഹാമിനെ പഞ്ചാബിലേക്ക് ക്ഷണിച്ചുകൊണ്ടുപോയി. അദ്ദേഹത്തെ പഞ്ചാബ് സ്റ്റേറ്റിന്റെ പ്രസിഡന്റ് ആക്കി. അതിനേതുടർന്ന് പഞ്ചാബിൽ നിന്ന് ഞാൻ മാറിക്കൊടുക്കേണ്ടിവന്നു. എങ്കിലും നിരാശയില്ല. തൊട്ടടുത്ത ഹിമാചൽ പ്രദേശിൽ ഊഷരഭൂമിയിൽ ഞാൻ പ്രവർത്തനം ആരംഭിച്ചു. ഇന്ന് നൂറിലേറെ സഭകളും എണ്ണായിരത്തിലധികം വിശ്വാസികളുമുണ്ട്. എന്റെ ഭാര്യ ഓമന ഗവൺമെന്റ് സർവ്വീസിലെ ജോലി രാജിവെച്ച് എന്നോടുകൂടെ കർത്തൃശുശ്രൂഷയിൽ അധ്വാനിക്കുന്നു. എന്റെ രണ്ടുമക്കളിൽ ഒരാൾ ഭൂട്ടാൻ അതിർത്തിയിൽ കുടുംബമായി കർത്താവിന്റെ വേലയിലാണ്.

ഞാൻ ഐ.പി.സിയെ ആഴമായി സ്നേഹിക്കുന്നു. കുമ്പനാട്ടെ പഴയ ഓഫീസ് കാണുമ്പോഴെല്ലാം ഇവിടെ സഭക്ക് ഒരു നല്ല കെട്ടിടം വേണമല്ലോ എന്ന് എനിക്ക് ആഗ്രഹം തോന്നി. ആഞ്ഞിലിത്താനത്തെ എന്റെ വസ്തു കൊടുത്ത് അഞ്ചുലക്ഷം രൂപ നൽകിക്കൊണ്ട് ഐ.പി.സി ഇന്റർനാഷണൽ സെന്ററിന് തുടക്കം കുറിച്ചു. രണ്ടുതവണ അമേരിക്കയിൽ സന്ദർശനം നടത്തി 65 ലക്ഷം രൂപ പിരിച്ച് കുമ്പനാട്ട് നൽകി. പതിനഞ്ച് വർഷമായിട്ടും ആ കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുവാൻ നമ്മുടെ നേതാക്കൾക്ക് സാധിച്ചില്ല. ഞാൻ ജനറൽ പ്രസിഡന്റായാൽ എത്രയും വേഗം ആ കെട്ടിടത്തിന്റെ പണിപൂർത്തീകരിക്കുമെന്ന് ഉറപ്പുതരുന്നു.

അതോടൊപ്പം ഞാൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടാൽ ഐ.പി.സിയുടെ ഉണർവ്വിനും നവീകരണത്തിനുമായി ഏപ്രിൽ 16 മുതൽ മെയ് 25 വരെ 40 ദിവസം ഹെബ്രോൻപുരത്ത് കൊട്ടിലിട്ട് ഉപവാസപ്രാർത്ഥന നടത്തും. ഇന്ത്യയുടെ എല്ലാ സ്റ്റേറ്റിലുമുള്ള ഐ.പി.സി പ്രവർത്തനങ്ങൾ സന്ദർശിച്ച് പ്രവർത്തകരെ പ്രോത്സാഹിപ്പിച്ച് സഭയെ ആകമാനം ശക്തിപ്പെടുത്തും.

പ്രിയരേ, ആരോടെങ്കിലുമുള്ള വാശിയോ ദേഷ്യമോ ഒന്നുമല്ല എന്റെ സ്ഥാനാർത്ഥിത്വത്തിനുകാരണം. നമ്മുടെ സഭ ഇങ്ങനെ പോയാൽ പോരെന്ന ഹൃദയവേദനയാണ് ഞാൻ സ്ഥാനാർത്ഥിയാകുന്നതിന്റെ പ്രധാന കാരണം. കുമ്പനാട്ട് എല്ലാം കുഴപ്പമാണെന്ന് മാറിനിന്ന് കുറ്റംപറയുവാനല്ല. പ്രാർത്ഥനയോടെ ചുമതലകൾ ഏറ്റെടുത്ത് സഭയെ നേർപാതയിൽ നയിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

ഒരു മാറ്റത്തിനുവേണ്ടിയുള്ള എന്റെ അഭ്യർത്ഥന നിങ്ങൾ ദൈവനാമത്തിൽ സ്വീകരിക്കുക. ആത്മീക നിലവാരം വിട്ട് ഇലക്ഷൻ പ്രചരണം നടത്താനോ വോട്ട് കൊണ്ടുവരാനോ ഒന്നും എനിക്ക് സാധിക്കില്ല. ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളും എന്നോടൊപ്പം പ്രാർത്ഥിക്കുക. സഭയുടെ നന്മയ്ക്കായി എന്നോടൊപ്പം ചേർന്നു നിൽക്കുക.

"ഐ.പി.സിയുടെ രക്ഷക്ക് നാമല്ലാതെ ആരിറങ്ങും
ഇപ്പോഴല്ലങ്കിൽ പിന്നെ എപ്പോഴാണ് അവസരം"

എല്ലാവരുടെയും സ്നേഹവും പ്രാർത്ഥനയും ഒരിക്കലൂടെ ചോദിച്ചുകൊണ്ട്

**പാസ്റ്റർ ജേക്കബ് ജോൺ പഞ്ചാബ്**
ഐ.പി.സി ജനറൽ പ്രസിഡന്റ്
സ്ഥാനാർത്ഥി Ph: 8593920168

## പാസ്റ്റർ വർഗീസ് മത്തായി ജനറൽ വൈസ്പ്രസിഡന്റ് സ്ഥാനത്തേക്ക്

(ഐ.പി.സി സണ്ടേസ്കൂൾ മുൻ ഡയറക്ടർ)



- ആയിരക്കണക്കിനു കുഞ്ഞുങ്ങളെ സൺഡേ സ്കൂളിലും വി.ബി.എസിലൂടെയും ക്രിസ്തുവിലേക്കു നയിച്ച
- നൂറുകണക്കിനു കുട്ടികൾക്കും, ദൈവജനത്തിനും വിവിധ സഹായങ്ങൾ എത്തിക്കാൻ ദൈവം ഉപയോഗിച്ച
- കാൽ നൂറ്റാണ്ടിലധികമായി സഭാ ഭരണരംഗത്തും, പുത്രികാ സംഘടനകളുടെ നേതൃത്വത്തിനും സജീവമായ പാസ്റ്റർ വർഗീസ് മത്തായിയെ വിജയിപ്പിക്കുക

ക്രമനമ്പർ
2

Pastor Varghese Mathai, IPC Hebron Faith Home, Valakom East, Valakom P.O, Kottarakkara, Kollam
Email: pastormathai@yahoo.com,
cell: 9961 468 444, 9447 468 444

## ലഹരി വിരുദ്ധ റാലി

ഉപ്പുതറ: ഐ.പി.സി ഉപ്പുതറ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മദ്യം, മയക്കുമരുന്ന്, ലഹരിപദാർത്ഥങ്ങൾ, ആത്മഹത്യ എന്നിവയ്ക്കെതിരെ പരസ്യയോഗങ്ങൾ നടത്തി. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.വി വർക്കി, പാസ്റ്റർ സുനിൽ വി ജോൺ, ഈശോ തോമസ് എന്നിവർ നേതൃത്വം നൽകി. ലഘുലേഖകളും പുതിയ നിയമവും വിതരണം ചെയ്തു.

## ഉണർവ്വ്

അങ്കമാലി: യു.പി.എഫിന്റെ ഉണർവ്വ് ഏകദിന സമ്മേളനം ഡിസം 18ന് നടന്നു. പാസ്റ്റർ ടി.ഡി ബാബു പ്രസംഗിച്ചു. പാസ്റ്റർമാരായ കെ.സി ബാബു, രാജു ജോസഫ്, വി.ജോ ജോബിൻ എന്നിവർ നേതൃത്വം നൽകി.

## ഡിസ്ട്രിക്റ്റ് കൺവൻഷൻ

മാവേലിക്കര: ശാരോൻ ഫെലോഷിപ്പ് മാവേലിക്കര ഡിസ്ട്രിക്റ്റ് കൺവൻഷൻ ജനു.24-27 വരെ കരിപ്പുഴ ഗ്രെയ്സ് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർ ജോൺസൺ കെ സാമുവേൽ, റവ.ഡോ.ഫിന്നി ജേക്കബ്, റവ.ഡോ.കെ.ജെ മാത്യു, അലക്സ്മോൻ, സാബു ചാരുവേലിൽ എന്നിവർ പ്രസംഗിക്കും.

## സംസ്ഥാന വനിതാ ക്യാമ്പ്



പായിപ്പാട്: ന്യൂ ഇന്ത്യാ വിമൻസ് ഫെലോഷിപ്പ് സംസ്ഥാന വനിതാ ക്യാമ്പ് ഡിസം.26,27 തീയതികളിൽ പായിപ്പാട്ട് നടന്നു. റവ.തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ എബി ഏബ്രഹാം, ഷീല ദാസ്, ഡോ.ജസി ജയ്സൺ, ഡിലൈറ്റ് സാം, രമണി യോഹന്നാൻ, കുഞ്ഞുമോൾ പീറ്റർ എന്നിവർ പ്രസംഗിച്ചു. ഗാന പരിശീലനം, ബൈബിൾ ക്ലാസ്, കൗൺസിലിംഗ്, ചർച്ച, ചോദ്യോത്തര വേള തുടങ്ങിയ പരിപാടികളും ക്യാമ്പിനോടനുബന്ധിച്ച് നടന്നു.

# പി.എം. ഫിലിപ്പ് ജനറൽ ട്രഷറാർ സ്ഥാനത്തേക്ക്

**കർത്താവിൽ** പ്രിയ കർത്തൃദാ സന്മാർക്കും ദൈവജനങ്ങൾക്കും സ്നേഹവന്ദനം.

പാസ്റ്റർ എം.പി. മത്തായിയു ടെയും ശോശാമ്മ മത്തായിയു ടെയും സീമന്തപുത്രനായി 1957-ൽ ഞാൻ ജനിച്ചു. പെന്തക്കോസ്തിന്റെ മൂന്നാം തലമുറക്കാരനായി 1968-ൽ രക്ഷാനിർണ്ണയം പ്രാപിച്ച് സ്നാനപ്പെടുകയും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കു കയും ചെയ്തു. ദൈവകൃപയാൽ സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദം നേടി നാഷണൽ ഇൻഷുറൻസ് കമ്പനിയിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായി ഔദ്യോഗിക ജീവിതം നയിച്ചു കൊണ്ടിരിക്കുന്നു.

പത്തനാപുരം ഐ.പി.സി. സഭാം ഗമായ ഞാൻ 1975 മുതൽ സഭയുടെ വിവിധ ഔദ്യോഗിക തലങ്ങളിൽ ചുമതലകൾ ഏറ്റ് ദൈവസഭയുടെ വളർച്ചയ്ക്കായി വിശ്വസ്തതയോടെ സേവനം ചെയ്യുവാൻ കർത്താവ് സഹായിച്ചു. സൺഡേസ്കൂൾ, പി.വൈ.പി.എ.യിൽ കൂടി വളർന്ന് എക്സിക്യൂട്ടീവിൽ പ്രവർത്തിച്ചു. കഴിഞ്ഞ 24 വർഷമായി ഐ.പി.സി. സ്റ്റേറ്റ് ജനറൽ കൗൺസിൽ അംഗമായും രണ്ടു ടേമിലായി (6 വർഷം) സ്റ്റേറ്റ് ട്രഷറാർ ആയും പ്രവർത്തിക്കുവാൻ ദൈവം അവ സരം നൽകി. ഞാൻ ചുമതലയേ റ്റെടുക്കുമ്പോൾ ഓഫീസ് കോംപ്ലക് സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ക്ക് 8 ലക്ഷം രൂപ കടമായിരുന്നു. എന്നാൽ ഏകദേശം 19 ലക്ഷം രൂപ നീക്കിയിരിപ്പ് വച്ചു കൊണ്ട് കർത്താവ് എന്നെ ഏൽപ്പിച്ച ദൗത്യം നിറവേറാൻ ഇടയായത് നിങ്ങളുടെ ഓരോരുത്തരുടെയും നിസ്സീമമായ സ്നേഹവും, പ്രാർത്ഥനയും, സഹ കരണവും കൊണ്ടു മാത്രമാണ്. ഓരോ രൂപയും വിശ്വസ്തതയോടെ ചെലവഴിച്ചു എന്നുള്ളത് അഭിമാന മായി കരുതുന്നു. ഐ.പി.സി.യിലെ ഒരു ശുശ്രൂഷകന്റെ മകനായി പാഴ്സനേജുകളിൽ വളർന്ന എനി ക്ക് സഭാപ്രവർത്തനം ദൈവിക നിയോഗവും ശുശ്രൂഷയുമാണ്.



കൗൺസിലിന്റെ പരിധിയിൽ നിന്നുകൊണ്ട് ചെയ്ത പ്രവർത്തനങ്ങൾ:-

1) ഐ.പി.സി. കേരളാ സ്റ്റേറ്റ് കൗൺസിൽ ഓഫീസ് ആധുനിക വത്കരിക്കാനും കാര്യക്ഷമമാക്കു വാനും കഴിഞ്ഞു.

2) ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് കണ്ടെത്തി.

3) കംപ്യൂട്ടറൈസ്ഡ് ഐ.ഡി. കാർഡ്, അക്കൗണ്ട് സിസ്റ്റം, സഭകളു ടെ സ്ഥിതിവിവരം, കംപ്യൂട്ടറിൽ എൻട്രി ചെയ്തു തുടങ്ങിയവ നടപ്പിലാക്കി.

4) വിദ്യാഭ്യാസ ട്രസ്റ്റ് രൂപീകരിച്ചു. തുടർന്ന് ഈ പ്രവർത്തനം ജനറൽ ട്രഷറാറായിക്കഴിഞ്ഞാൽ നടപ്പിലാ ക്കാൻ കഴിയുമെന്ന് പ്രത്യാശിക്കു ന്നു.

5) ഹെബ്രോൻ ബൈബിൾ കോളജ് ഇന്റർനാഷണൽ ബിൽഡിം ഗിൽ ഒരു ഫ്ളോർ സ്പോൺസർ ചെയ്യിച്ച് പണിയുവാൻ സാധിച്ചു.

6) പ്രാദേശിക സഭകൾക്ക് ഉപയോഗിക്കുന്ന എല്ലാ രജിസ്റ്ററുക ളും സർട്ടിഫിക്കറ്റുകളും ഓഫീസിൽ നിന്നു തന്നെ ലഭ്യമാക്കുന്നതിന് സാധിച്ചു.

7)നിർദ്ധനരായവരെയും വിധവ കളെയും രോഗികളെയും സഹായി ക്കുന്നതിനും വിവാഹ സഹായം ചെയ്യുന്നതിനും ആവശ്യമായ സ്പോ ൺസേഴ്സിനെ കണ്ടെത്തി യഥാവി ധം സഹായിച്ചു കൊണ്ടിരുന്നു.

8)സുവിശേഷ പ്രവർത്തനങ്ങൾക്കും മിഷനറി പ്രവർത്തനങ്ങൾക്കും സഹായം നൽകി.

9) പുതിയ വേലസ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ശുശ്രൂഷകരെ സഹായിപ്പാൻ സ്പോൺസേഴ്സി നെ കണ്ടെത്തി.

10)സ്റ്റേറ്റ് കൺവൻഷൻ മലബാ റിൽ ബാദ്ധ്യതയില്ലാതെ നടത്തുവാൻ ദൈവം കൃപനൽകി.

11) ചെന്നൈയിലുള്ള ബെഥേൽ പ്രയർ ഹോം സഭയുടെ പ്രോപ്പർട്ടി വിറ്റപ്പോൾ ലഭിച്ച തുക കൗൺസി ലിനെ ഏൽപ്പിക്കുകയും 12 സ്ഥലങ്ങളിൽ ഐ.പി.സി.ക്കു വേ ണ്ടി വസ്തു വാങ്ങിക്കുവാൻ 1,00000 രൂപ നൽകുകയും ചെയ്തു.

13) ദൈവജനങ്ങളെയും ദൈവദാ സന്മാരെയും കൊണ്ട് സ്പോൺസർ ചെയ്യിക്കുകയും സ്പോൺസർ ചെയ്ത കാര്യങ്ങൾ നടപ്പിൽ വരു ത്തുവാനും സാധിച്ചു.

ജനറൽ ട്രഷറാറായി തിരഞ്ഞെ ടുത്താൽ എന്റെ ഒരു സ്വപ്നമായി അവശേഷിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം നടപ്പിലാക്കാൻ അശ്രാന്ത പരിശ്രമം ചെയ്യും. ശുശ്രൂഷകർക്ക് ക്ഷേമപദ്ധതികൾ നടപ്പിൽ വരുത്തും. സുവിശേഷ പ്രവർത്തന ങ്ങൾക്കും മിഷനറി പ്രവർത്തനങ്ങ ൾക്കും മുൻതൂക്കം നൽകും. ഓരോ വർഷവും ലക്ഷങ്ങൾ ചെലവഴിച്ച് കൺവൻഷൻ പന്തലിടുന്നത് ഒഴിവാക്കി സ്ഥിരമായി ഒരു പന്തൽ ഇടുവാൻ ശ്രമിക്കും.

"നിങ്ങൾ അവിശ്വാസികളോട് ഇണയില്ലാപ്പിണ കൂടരുത്. നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തൊരു ചേർച്ച. വെളിച്ചത്തിന് ഇരുളിനോട് എന്തൊരു കൂട്ടായ്മ..." (2 കൊരി. 6:14-15). നമ്മുടെ പിതാക്കന്മാർ വിലയേറിയ സമയവും ജീവനും നൽകി പടുത്തുയർത്തിയ പെന്ത ക്കോസ്തു മൂല്യങ്ങളെ കാത്തു സൂ ക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്ത രുടെയും കടമയാണ്. അത് മുൻനിർത്തി പ്രവർത്തിക്കുമെന്ന് ഉറപ്പു തരുന്നു.

കഴിഞ്ഞ നാളുകളിൽ നൽകിയ സഹകരണത്തിനും പ്രാർത്ഥനക ൾക്കും നന്ദി അറിയിക്കുകയും 2013 ജനുവരി 22-ന് നടക്കുന്ന തെരഞ്ഞെടുപ്പിൽ എല്ലാ ദൈവദാസന്മാരുടെയും വിശ്വാ സികളുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചു കൊണ്ട് ജനറൽ ട്രഷറാറായി എന്നെ വോട്ട് ചെയ്തു വിജയിപ്പി ക്കണം എന്ന് അപേക്ഷിക്കുന്നു.

എന്ന്,
ക്രിസ്തുവിൽനിങ്ങളുടെ സഹോദരൻ
പി.എം. ഫിലിപ്പ്
പുതുപ്പറമ്പിൽ ബ്ലസ് വില്ല
പത്തനാപുരം. 9447052458.

## കൺവൻഷൻ



വാരണാസി: ഏലിയോസ് മിനിസ്ട്രീസ് ഇന്ത്യയുടെ നേതൃത്വത്തിൽ ഡിസം.25ന് മിനി കൺവൻഷൻ നടന്നു. മുന്നൂറോളം പേർ പങ്കെടുത്ത യോഗത്തിൽ പാസ്റ്റർ മാത്യു ജോൺ പ്രസംഗിച്ചു. എലിയോസ് വർഷിപ്പ് മ്യൂസിക് ടീം ഗാനങ്ങളാലപിച്ചു.

## ആലപ്പുഴ വെസ്റ്റ് സെന്റർ ഭാരവാഹികൾ

ആലപ്പുഴ: ഐ.പി.സി ആലപ്പുഴ വെസ്റ്റ് സെന്റർ ഭാരവാഹികളായി പാസ്റ്റർ ഏബ്രഹാം ജോർജ് (പ്രസിഡന്റ്), പാസ്റ്റർ എൻ.സ്റ്റീഫൻ അസ്സോ.പാസ്റ്റർ), പാസ്റ്റർ ജോസഫ് ജോൺ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഗോഡ്ലി സി ഉതുപ്പ് (സെക്രട്ടറി), പി.എസ് ജോസഫ് (ജോ.സെക്രട്ടറി), കെ.കെ തോമസ് (ട്രഷറാർ), വെസ്ലി പി ഏബ്രഹാം (പബ്ലിസിറ്റി കൺവീനർ) എന്നിവരെയും 34 അംഗ കമ്മറ്റിയെയും തിരഞ്ഞെടുത്തു.

## ചിൽഡ്രൻസ് ഫെസ്റ്റ് തീം റിലീസ് ചെയ്തു

തിരുവല്ല: തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെക്കേഷൻ സിലബസായ ചിൽഡ്രൻസ് ഫെസ്റ്റിന്റെ ഏറ്റവും പുതിയ തീം 'പാഡി കാ പാഠം' പ്രസിദ്ധികരിച്ചു. ദൈവ വചനത്തിന് പ്രാമുഖ്യം നല്കി, കേരളത്തനിമയിൽ സാമൂഹിക പ്രതിബദ്ധതയോടെയാണ് ചിന്താവിഷയം തയ്യാറാക്കിയിരിക്കുന്നത്. യേശു കർത്താവ് പഠിപ്പിച്ച വിതക്കുന്നവന്റെ (ലൂക്കോസ് 8:4-8) ഉപമയിൽ നിന്നുള്ള പ്രായോഗിക ക്രിസ്തീയ പാഠങ്ങളാണ് തീമിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. വയലേലകളുടെ പശ്ചാത്തലത്തിൽ കൊയ്ത്തുപാട്ടിന്റെ ഈണത്തിൽ കുട്ടികൾക്ക് ഒരു ഉല്ലാസയാത്രയുടെ നവ്യാനുഭവങ്ങളാണ് 'പാഡി കാ പാഠ' ത്തിലൂടെ ചിൽഡ്രൻസ് ഫെസ്റ്റ് ഒരുക്കിയിരിക്കുന്നത്. ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെ മാങ്ങാനം ക്രൈസ്താവാശ്രമത്തിൽ നടക്കുന്ന മാസ്റ്റേഴ്സ് ട്രെയിനിംഗോടെ ട്രെയിനിംഗ് പ്രോഗ്രാമുകൾക്ക് തുടക്കമാകും. ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി കേരളത്തിലെ എല്ലാ ജില്ലകളിലും ട്രെയിനിംഗുകൾ നടക്കും.

## കുറവിലങ്ങാട് ഏരിയ കൺവൻഷൻ

**കുറവിലങ്ങാട് :** കുറവിലങ്ങാട് ഏരിയ നാലാമത് കൺവൻഷൻ ജനുവരി 24-27 വരെ മുട്ടുചിറ ജംഗ്ഷനിൽ നടത്തപ്പെടും. പാസ്റ്റർ സുരേഷ് കീഴൂർ ഉദ്ഘാടനം ചെയ്യുന്നയോഗങ്ങളിൽ പാസ്റ്റർ ഫിലിപ്പ് പി. തോമസ്, പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി, പാസ്റ്റർ തങ്കച്ചൻ പി.കെ., പാസ്റ്റർ സാം ജോർജ്ജ്, പാസ്റ്റർ ജോൺ സമുവേൽ, പാസ്റ്റർ സിനോജ് എന്നിവർ പ്രസംഗിക്കും.

## ആറ്റിങ്ങൽ കൺവൻഷൻ

ആറ്റിങ്ങൽ: ഐ.പി.സി.ആറ്റിങ്ങൽ സെന്റർ കൺവൻഷൻ ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെ മംഗലാപുരം സീയോൻ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ ഫിലിപ്പ് പി.തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ എച്ച് അഗസ്റ്റിൻ, ബാബു ജോൺ (വേട്ടമല), ജെയിംസ് ജോർജ്ജ്, ജോൺസൺ ദാനിയേൽ എന്നിവർ പ്രസംഗിക്കും.

## പാസ്റ്റേഴ്സ് കോൺഫ്രൻസ്

ആറ്റിങ്ങൽ: ഐ.പി.സി ആറ്റിങ്ങൽ സെന്റർ പാസ്റ്റേഴ്സ് കോൺഫ്രൻസും ഫാമിലി മീറ്റും ജനു.7ന് തോന്നക്കൽ ഐ.പി.സി ചർച്ചിൽ നടന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ അഗസ്റ്റിൻ ഹെൻട്രി അദ്ധ്യക്ഷത വഹിച്ചു. സുവി.സോളമൻ വർഗീസ് പ്രസംഗിച്ചു.

## ആരാധന പുനരാരംഭിച്ചു

വിഴിഞ്ഞം: ചില മാസങ്ങളായി മൺവിളയിൽ നടന്നു വന്നിരുന്ന പാങ്ങാപ്പാറ ഐ.പി.സി ബെഥേസ്ദ സഭയുടെ ആരാധന വീണ്ടും പാങ്ങപ്പാറയിൽ പുനരാരംഭിച്ചു.
ജനു.6ന് ഏരിയാ ശുശ്രൂഷകൻ ഇവാ. ബൈജു ജിയുടെ അദ്ധ്യക്ഷതയിൽ നടന്ന ആരാധനയിൽ പാസ്റ്റർ ഡോ. പി.എം ജോൺസൺ പാങ്ങാപ്പാറ സഭ വീണ്ടും പ്രാർത്ഥിച്ചാരംഭിച്ചു. ഇവാ.പോൾ രഞ്ജിത്ത് ഇവിടെ ശുശ്രൂഷിക്കുന്നു.

## ആലയം പ്രതിഷ്ഠിച്ചു

ഉപ്പുതറ: ഐ.പി.സി ഉപ്പുതറ സെന്റർ മാസയോഗവും പുതുക്കിപ്പണിത ആരാധനാലയത്തിന്റെ പ്രതിഷ്ഠയും ഡിസം.29ന് ഐ.പി.സി ഹെലിബറിയ ഹാളിൽ നടന്നു. ആലയ പ്രതിഷ്ഠ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.വി വർക്കി നിർവ്വഹിച്ചു. പാസ്റ്റർ റ്റി.എസ് ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ബി.കെ ജേക്കബ് ഇവിടെ ശുശ്രൂഷിക്കുന്നു.

## പ്രെയ്സ് – 2012

നോർത്താംപ്റ്റൻ-യു.കെ: ഷാലോം ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ പ്രെയ്സ്-2012 എന്ന പേരിൽ സംഗീതസന്ധ്യയും പുതുവത്സരസന്ദേശവും നടന്നു. വില്യംകേറിയുടെ നാട്ടിൽ, ആദ്യമായി മലയാളത്തിൽ നടത്തപ്പെട്ട ഈ സംരംഭം ഷാലോം ക്രിസ്ത്യൻ ഫെലോഷിപ്പ്, നോർത്താംപ്റ്റൻ, ലൈഫ് അബണ്ടന്റ് പെന്തക്കോസ്തൽ ചർച്ച്, ലെസ്റ്റർ, ഫെയ്ത്ത് ടാബർനാക്കിൾ ചർച്ച്, കെറ്ററിംഗ് വൈക്കൊമ്പ് പ്രയർ സെന്റർ എന്നീ സഭകളുടെ ആഭിമുഖ്യത്തിൽ ആണ്. സംഗീതത്തോടൊപ്പം ക്രമീകരിച്ച ഈ സുവിശേഷ യോഗത്തിൽ പാസ്റ്റർ വർഗ്ഗീസ് എം.സാമുവേൽ പ്രസംഗിച്ചു. പാസ്റ്റർ ഗോഡ്ലി, കെറ്ററിംഗ്, പാസ്റ്റർ ഫിന്നി ജോൺ, വൈക്കൊമ്പ് തുടങ്ങിയവരും പങ്കെടുത്തു.





## ഉപദേശിയുടെ മകൻ
## ബ്രദർ ജോർജ്ജ് മത്തായി അവതരിപ്പിക്കുന്നു

1. "ഉപദേശിയുടെ മകൻ" സിനിമ ഡി.വി.ഡി
2. "ഉപദേശിയുടെ മകൻ" സിനിമയിലെ ഗാനങ്ങൾ (സിഡി)
3. "മനസ്സേ വ്യാകുലമരുതെ" സിഡിയിലെ ഗാനങ്ങൾ
4. "കണ്ണുനീരില്ലാത്ത വീട്" സി.ഡി.യിലെ ഗാനങ്ങൾ
5. "ഉപദേശിയുടെ മകൻ" ആത്മകഥ
6. ബ്രദർ ജോർജ്ജ് മത്തായി സി.പി.എ.രചിച്ച ഗാനങ്ങളടങ്ങിയ പാട്ടുപുസ്തകം

350 രൂപയുടെ പാക്കേജിന് ഇപ്പോൾ 150 രൂപയ്ക്ക് കുമ്പനാട് കൺവൻഷൻ സ്റ്റാളുകളിൽ ലഭ്യമാണ്

ഹാലേലൂയ്യാ ദ്വൈവാരികയുമായി ബന്ധപ്പെടുക: 9349500155. Email: tgmathm@hotmail.com




JOBS ARE APLENTY,
if you are good at English. Let English be your forte.
It is the cutting edge. MNCs & Corporates beckon you.
Be at B-GHUD to be good at English.
OUR 17th YEAR
ENGLISH FLUENCY
GROUP DISCUSSION
INTERVIEW SKILLS
LOWEST FEE
A Success Proven method to excel in Interviews & Group Discussions.
B-GHUD LANGUAGE SUPPORT
We take classes for Engineering colleges and teachers in schools: English Proficiency, Personality Development etc.
B-GHUD
WWW.BGHUD.COM
IELTS
TOEFL
NCLEX-RN
MOH TEST
IATA
CRS
ENGLISH FLUENCY
GD & INTERVIEW
COMPUTER COURSES GOVT APPROVED
MULTIMEDIA GOVT APPROVED
B-GHUD
PUTHIACAVU JN, MAVELIKARA.
0479 305 2222, 230 8420, 94977 86999
IELTS
TOEFL
ENGLISH FLUENCY
GROUP DISCUSSION
INTERVIEW SKILLS
B.L.S
(B-GHUD LANGUAGE SUPPORT)
SECRETARY COURSE
IATA, CRS
(GALILEO & AMADEUS)
HAAD
DHA
MOH
NCLEX-RN
GOVT APPROVED COMPUTER COURSES
ABACUS
(for age 4-13 yrs)
HOSTELS AVAILABLE
PLATINUM
B-GHUD IS PLATINUM MEMBER OF BRITISH COUNCIL
IELTS
EXCELLENT Result at B-GHUD
Results speak louder than words.
A few of our students who scored 7+ in Dec 12
Learn from the authors of IELTS & TOEFL MADE EASY & WRITING MADE EASY
(720 pages & 544 pages + CDs by the British)
IELTS
& TOEFL MADE EASY
WRITING MADE EASY
400 ESSAYS
EVENING BATCH 5 - 8 PM


Voice of Eternity presents
നിത്യത നിനക്കായ്
AEVUM
Eternity For You
Prince Abraham
Lyrics & Director of Music
Programmers
Deepak Dev
Stephen Devassy
Vivek
Sham
Blemin
Sunil
Steve
Jince
Special Thanks
M. Jayachandran
Ouseppachan
Top Quality Singers
1st Time IN
Christian Devotional
With
Stephen Devassy & DeepakDev
കൺവൻഷൻ സ്റ്റാളുകളിലും പ്രമുഖ ബുക്ക് സ്റ്റാളുകളിലും സി.ഡികൾ ലഭിക്കും
INAGURATION CERMONY
www.facebook.com/Voiceofternity 12
Thanks to all my Facebook Friends
For Contact : 9961643411, 9995333588
Karthik
Naresh Iyer
Renjith Govind
Alaap Raju
Chinmayi
Ishaan Dev
Charly Sam
Chicku
Haricharan
Vini Johnson
Yazin
Anju Joseph
Suchith Suresan
Anandh

# ബൈബിൾ വിജ്ഞാനത്തിന് പത്ത് പുസ്തകങ്ങൾ

## പാസ്റ്റർ കെ.വൈ ഗീവർഗീസിന്റെ ബൈബിൾ സീരീസ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു

**ബൈബി**ബിൾ മാഹാത്മ്യം, മുതൽ ബൈബിൾ ഭൂമിശാസ്ത്രം വരെ പത്തു പുസ്തകങ്ങൾ. മനുഷ്യശാസ്ത്രം മുതൽ അന്ത്യകാല ശാസ്ത്രം വരെയുള്ള പത്തുവർഷങ്ങൾ. വേദപുസ്തകവും സയൻസും ഇഴചേർന്നു നിൽക്കുന്നു എന്ന് തെളിയിക്കുന്നതോടൊപ്പം വേദപുസ്തക വിജ്ഞാനത്തിന്റെ പുതിയ തലത്തിലേക്ക് വായനക്കാരനെ നയിക്കുവാൻ ഈ പുസ്തകങ്ങൾക്ക് സാധിക്കുമെന്നതിന് സംശയമില്ല.

വേദപുസ്തകത്തെ കൂടുതൽ അടുത്തറിയുവാനും പ്രസംഗകരും അദ്ധ്യാപകരും മുതൽ സാധാരണ വിശ്വാസികൾക്കു വരെ ഉപയുക്തമാകും നിലയിലാണ് ഈ പുസ്തകങ്ങൾ രചിച്ചിരിക്കുന്നത്. മാത്രവുമല്ല. അവിശ്വാസികളായ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ ഗിഫ്റ്റായി നൽകുവാനും ഇതിലെ ഓരോ പുസ്തകങ്ങളും പ്രയോജന പ്രദമാണ്.

**പുറത്തിറക്കിയിരിക്കുന്ന ബൈബിൾ സീരീസ് പുസ്തകങ്ങൾ:-**

1. ബൈബിൾ മാഹാത്മ്യം
2. ബൈബിളും മനുഷ്യശാസ്ത്രവും
3. ബൈബിളും നോഹയുടെ കാലവും
4. ബൈബിളും ഭൗതികശാസ്ത്രവും
5. ബൈബിളും അന്ത്യകാലശാസ്ത്രവും
6. ബൈബിളും മിഡിൽ ഈസ്റ്റും
7. ബൈബിളും വിദൂരഭാവിശാസ്ത്രവും
8. ബൈബിളും അത്ഭുത പ്രവർത്തികളും
9. ബൈബിളും മരണാനന്തജീവിതവും
10. ബൈബിൾ ഭൂമിശാസ്ത്രവും എന്നിവയാണ്. ബൈബിൾ സീരീസുകളുടെ പ്രസിദ്ധീകരണത്തോടെ കെ.വൈ.ഗീവർഗീസന്റെ അനശ്വര തൂലികയിൽ നിന്നും ക്രൈസ്തവ കൈരളിക്ക് 36 ഗ്രന്ഥങ്ങളാണ് ലഭിച്ചിരിക്കുന്നത്.



### നാലു മാസത്തിനകം 10 പുസ്തകങ്ങൾ

2012 സെപ്റ്റംബറിന് ശേഷമുള്ള നാലു മാസത്തിനിടയിൽ ബൈബിൾ സീരീസ് എന്ന പട്ടികയിൽ ഉൾപ്പെടുത്തി 10 വിശിഷ്ട ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കയാണ് പ്രസിദ്ധ ബൈബിൾ പ്രഭാഷകനും, മിഷണറിയും, അറിയപ്പെടുന്ന എഴുത്തുകാരനുമായ പാസ്റ്റർ കെ.വൈ.ഗീവർഗീസ്. 1985-ൽ നാല്പത് ദിവസത്തെ ഉപവാസ പ്രാർത്ഥനയ്ക്കിടയിൽ ദൈവം നൽകിയ നിയോഗപ്രകാരമാണ് പുസ്തക രചന ആരംഭിക്കുന്നത്. "മിശിഹായുടെ മടങ്ങിവരവും ലോകസംഭവങ്ങളും" എന്ന ആദ്യപുസ്തകം 1985-ൽ പ്രസിദ്ധീകരിച്ചു.

ബൈബിൾ കോളജ് വിദ്യാർത്ഥികൾക്കും ശുശ്രൂഷകർക്കും സാധാരണ വിശ്വാസികൾക്കും വളരെയേറെ പ്രയോജനപ്പെടുന്ന ഈ പുസ്തകങ്ങൾ ഭവന സന്ദർശന വേളയിൽ ഭവനങ്ങളിൽ വിതരണം ചെയ്യുവാൻ ഏറ്റവും അനുയോജ്യമായവയാണ്.

ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ഹരിയാന സ്റ്റേറ്റ് പ്രസിഡന്റായ പാസ്റ്റർ കെ.വൈ ഗീവർഗീസ് മാവേലിക്കര അറുനൂറ്റിമംഗലം സ്വദേശിയാണ്. 1964-ൽ എൻജിനിയറിംഗ് വിദ്യാർത്ഥിയായിരിക്കുമ്പോൾ രക്ഷിക്കപ്പെട്ടു. തുടർന്ന് 1966 മേയ് 24ന് ജോലിക്കായി എറണാകുളത്തേക്ക് പോയെങ്കിലും ശരീരം തളർന്ന് പോയി. 66 ഡിസംബർ 20ന് രാത്രി 10.30ന് വർഗീസ്കുട്ടി ഉപദേശി പ്രാർത്ഥിച്ചപ്പോൾ സൗഖ്യം പ്രാപിച്ചു. അങ്ങനെ പൂർണ്ണ സമയ സുവിശേഷവേലക്കായി സമർപ്പിച്ചു. തഴക്കര ബഥൻ ബൈബിൾ സ്കൂൾ, കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജ് എന്നിവിടങ്ങളിൽ നിന്നും വേദപഠനം പൂർത്തിയാക്കി. 1968-ൽ ഇന്ത്യാ എവരി ഹോം ക്രൂസേഡിന്റെ ഡൽഹിയിലെ പ്രവർത്തകനായി. 1970 ൽ ഛത്തീസ്ഗഢിൽ ഐ.പി.സിയുടെ പ്രവർത്തനം ആരംഭിച്ചു. കോർബ (ഛത്തീസ്ഗഢ് രണ്ട് തവണ), ജാംനഗർ (ഗുജറാത്ത്), ഡൽഹി, ജബൽപൂർ (എം.പി) വീണ്ടും ഡൽഹി എന്നിവിടങ്ങളിൽ സഭാശുശ്രൂഷകനായിരുന്നു. 88 മുതൽ ഡൽഹിയിൽ തുടരുന്നു. ഉത്തരേന്ത്യയിൽ തുടർച്ചയായി നാലര പതിറ്റാണ്ട് പ്രവർത്തിച്ച് ഐ.പി.സി യിലെ ഈ സീനിയർ ശുശ്രൂഷകൻ 1984 മുതൽ ഡിസ്ട്രിക്റ്റ് പാസ്റ്ററും, 90 മുതൽ വെസ്റ്റ് സെൻട്രൻ റീജിയന്റെ (ഹരിയാന, രാജസ്ഥാൻ, പഞ്ചാബിന്റെ ചില ഭാഗങ്ങൾ) പ്രസിഡന്റും, 2008 മുതൽ ഹരിയാന സ്റ്റേറ്റ് പ്രസിഡന്റുമാണ്. ഇപ്പോൾ ഇദ്ദേഹത്തിന്റെ കീഴിൽ തദ്ദേശീയരായ വിശ്വാസികളുള്ള 140 സഭകളും, തദ്ദേശീയരായ 120 ലധികം ശുശ്രൂഷകന്മാരും ഉണ്ട്. തദ്ദേശീയരായ മിഷണറിമാരെ പരിശീലിപ്പിക്കുന്നതിൽ ഐ.പി.സി ഹെബ്രോൻ മിഷണറി ട്രെയിനിംഗ് സെന്റർ കാര്യമായ പങ്കുവഹിക്കുന്നു.

ജീവിതകാലം മുഴുവൻ നിസ്വാർത്ഥമായി കർത്താവിനെ സേവിക്കുവാനും, ദൈവവചനം പ്രസംഗിക്കുവാനും, പരന്ന വായനക്കും പഠനത്തിനുമായി ജീവിതം ഉഴിഞ്ഞുവെച്ചിരിക്കുന്ന ഈ ദൈവഭൃത്യന്റെ രചനകൾ അനുവാചകർക്ക് ഹൃദ്യവും എളുപ്പത്തിൽ വായിച്ച് ഗ്രഹിക്കാവുന്നതുമാണ്. ലളിതവും, മനോഹരവും ശുദ്ധവുമായ ഭാഷാശൈലി എല്ലാ നിലവാരത്തിലുമുള്ള വായനക്കാർക്ക് ആസ്വാദ്യകരമാണ്.

**1. ബൈബിൾ മാഹാത്മ്യം:-** ബൈബിൾ ദൈവവചനമെന്നും ദൈവികനിയോഗത്താൽ ആറു പതിറ്റാണ്ടുകൾ കൊണ്ട് നാൽപ്പതോളം പേർ ചേർന്നെഴുതിയ ഗ്രന്ഥ സമുച്ചയം. ഭരണാധികാരികൾ ഇത് നശിപ്പിക്കാൻ ശ്രമിച്ചിട്ടും ആ ശ്രമങ്ങളെയെല്ലാം അതിജീവിച്ചു. ഏറ്റവും ഉന്നതമായ സാൻമാർഗ്ഗിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും വിശ്വസിക്കുന്നവർക്ക് ആത്മരക്ഷക്ക് സഹായവുമായ ബൈബിളിനെക്കുറിച്ചുള്ള ആധികാരികമായ പഠനം.

**2. ബൈബിളും മനുഷ്യശാസ്ത്രവും:-** മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യനും, മനുഷ്യശരീരത്തിന്റെ സവിശേഷതകളും സാദ്ധ്യതകളും വെളിപ്പെടുത്തുന്നു. ഒപ്പം തന്നെ മരണത്തെക്കുറിച്ച് മതങ്ങളുടെയും ദൈവഭക്തന്മാരുടേയും വിലയിരിത്തലുകളെയും, മരണത്തെ എങ്ങനെ അതിജീവിക്കാം എന്നും പ്രതിപാദിക്കുന്ന ഗ്രന്ഥം.

**3. ബൈബിളും നോഹയുടെ കാലവും:-** മനുഷ്യൻ പട്ടണവാസം ആരംഭിച്ചതും, സർവ്വതും പേരിനും പെരുമക്കുമായുള്ള പ്രവർത്തികൾ ആരംഭിച്ചതും, ലൈംഗിക അരാജകത്വവും, ഭോജനപ്രിയരും, മദ്യപന്മാരും, സംഗീതപ്രേമികളും, ആയുധ പന്തയക്കാരും, രക്തദാഹികളുമായി ജീവിച്ച ഒരു ജനസമൂഹത്തിന്റെ ജീവിതത്തിന്റെ സംഭ്രമജനകമായ സംഗതികളുടെ ചുരുൾ നിവർത്തുന്ന കൃതി.

**4. ബൈബിളും ഭൗതികശാസ്ത്രവും:-** ബൈബിൾ ഒരു ശാസ്ത്ര ഗ്രന്ഥമല്ല. എന്നാൽ ബൈബിളിൽ ധാരാളം ശാസ്ത്രസത്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ബൈബിളിൽ രേഖപ്പെടുത്തിയ സത്യങ്ങളെ ആധുനിക ശാസ്ത്രം ശരിയെന്ന് തെളിയിച്ചിട്ടുണ്ട്. അത്തരം അനേകം യാഥാർത്ഥ്യങ്ങളെ ശാസ്ത്രവെളിച്ചത്തിൽ അവലോകനം ചെയ്തിട്ടുള്ളതുമാണ് ഈ ഗ്രന്ഥം. ബൈബിൾ വിമർശകർക്കും, വേദവിദ്യാർത്ഥികൾക്കും സഭാശുശ്രൂഷകർക്കും, വിശ്വാസികൾക്കുമെല്ലാം വഴികാട്ടിയായ പുസ്തകം.

**5. ബൈബിളും അന്ത്യകാലശാസ്ത്രവും:-** ക്രിസ്തുവിന്റെ വീണ്ടും വരവിന്റെ പ്രാധാന്യത്തെ വിളിച്ചറിയിക്കുന്ന വിശിഷ്ഠമായ ഗ്രന്ഥം. ക്രിസ്തു വീണ്ടും വരാതിരുന്നാൽ എന്തായിരിക്കും ഈ ലോകത്തിന്റെ സ്ഥിതി, ക്രിസ്തുവിന്റെ വീണ്ടും വരവിന്റെ രാഷ്ട്രീയ ലക്ഷണങ്ങൾ, സാമൂഹ്യ ലക്ഷണങ്ങൾ, ശാസ്ത്രീയമായ തെളിവുകൾ, യിസ്രയേലുമായി ബന്ധപ്പെട്ട തെളിവുകൾ, പ്രകൃതിയിൽ കാണപ്പെടുന്ന മാറ്റങ്ങൾ എന്നിവയെക്കുറിച്ച് ഹ്രസ്വമായും കൃത്യമായും വിവരിക്കുന്ന പുസ്തകം

**6. ബൈബിളും മിഡിൽ ഈസ്റ്റും:-** ഈ ലോകത്തിന്റെ ഭാവികൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥമാണ് ബൈബിൾ. ബൈബിൾ വെളിച്ചത്തിൽ മിഡിൽ ഈസ്റ്റിൽ പൊട്ടിപ്പുറപ്പെടുവാനുള്ള മൂന്നാം ലോകയുദ്ധത്തെയും അതിന്റെ പ്രത്യാഘാതങ്ങളെയും വിലയിരുത്തുന്ന ഗ്രന്ഥം.

**7. ബൈബിളും വിദൂരഭാവിശാസ്ത്രവും:-** ഒറ്റ ദിവസംകൊണ്ട് ഭരണാധികാരികളും ഭരണകൂടങ്ങളും മാറിമറിയുന്നു. രാഷ്ട്രങ്ങളുടെ യുദ്ധസന്നാഹങ്ങളും,നവീന യുദ്ധതന്ത്രങ്ങളും, താരയുദ്ധപദ്ധതികൾ, സൈബർ യുദ്ധതന്ത്രങ്ങൾ, ലോകത്തിന്റെ ഭാവി എന്തെന്നും അവസാനം എപ്പോഴെന്നും അറിയാത്ത ലോകത്തിന് ബൈബിൾ വെളിച്ചത്തിൽ ലോകത്തിന്റെ ഭാവിയെ വരച്ചുകാട്ടുന്ന ഗ്രന്ഥം.

**8. ബൈബിളും അത്ഭുത പ്രവൃത്തികളും:-** ക്രൈസ്തവ സഭാ ചരിത്രം അത്ഭുതങ്ങളുടെ ചരിത്രവുമാണ്. ക്രിസ്തു തന്റെ ശിഷ്യന്മാർക്കും അത്ഭുതങ്ങൾ ചെയ്യാൻ അധികാരം നൽകി. ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ ഇന്നും ഇതു തുടരുന്നു. കഴിഞ്ഞ നാലര പതിറ്റാണ്ടായി ഉത്തരേന്ത്യയിൽ മിഷണറി പ്രവർത്തനം നടത്തുന്ന പാസ്റ്റർ കെ.വൈ ഗീവർഗീസിന്റെ ശുശ്രൂഷകളിൽ കണ്ടതും കേട്ടതുമായ അത്ഭുത സംഭവങ്ങളുടെ സാക്ഷ്യ രേഖയാണ് ഈ പുസ്തകം.

**9. ബൈബിളും മരണാനന്തര ജീവിതവും:-** മരണശേഷം മനുഷ്യന് ഒരു ജീവതമുണ്ടോ എന്ന ചോദ്യത്തിന് മനുഷ്യവംശത്തോളം തന്നെ പഴക്കമുണ്ട്. എന്നാൽ മരണാനന്തരജീവിതത്തെക്കുറിച്ച് ആധികാരികമായി അഭിപ്രായപ്രകടനം നടത്തിയിട്ടുള്ളത് വിശുദ്ധബൈബിളും, കർത്താവായ യേശുക്രിസ്തുവുമാണ്. അനേകരുടെ ആത്മീയ ദൃഷ്ടി തുറക്കുവാൻ സഹായിക്കുന്ന ഉത്തമകൃതി. ഒപ്പം രക്ഷയുടെ ആവശ്യകതയെക്കുറിച്ചുള്ള മുന്നറിയിപ്പും നൽകുന്നു.

**10. ബൈബിൾ ഭൂമിശാസ്ത്രം:-** ബൈബിൾ പരാമർശിക്കുന്ന നൂറിലധികം സ്ഥലങ്ങളെക്കുറിച്ചുള്ള ലഘുപഠനമാണ് ഈ ഗ്രന്ഥം. ഏദൻ മുതൽ എഫെസോസ് വരെ ..... അരാരാത്ത് പർവ്വതം മുതൽ ചാവുകടൽ വരെ ...... മെസോപ്പൊട്ടേമിയയും, ഊർനഗരവും, നിനവെയും ബാബിലോണും, നെബോ പർവ്വതവുമെല്ലാം നേരിൽ കാണുന്ന പ്രതീതി ജനിപ്പിക്കുന്ന ഉൽകൃഷ്ടമായി രചന.

ചരിത്രവും, വർത്തമാനവും, ഭാവിയും ഇടകലർന്നു കിടന്ന മനുഷ്യജീവിതത്തിന്റെ മർമ്മങ്ങളെയും, ദൈവീക പ്രവൃത്തികളെയും, പ്രാവചനിക സത്യങ്ങളെയും, കൈകാര്യം ചെയ്യുന്ന ഈ പത്ത് പുസ്തകങ്ങൾ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, ലൈബ്രറികൾക്കും ഒരു മുതൽകൂട്ടാണ്. പത്ത് പുസ്തകങ്ങൾക്കും കൂടി 660 രൂപയാണ് വില.

**എന്നാൽ കുമ്പനാട് കൺവൻഷൻ പ്രമാണിച്ച് പത്ത് പുസ്തകം ഒന്നിച്ചെടുക്കുന്നവർക്ക് കുമ്പനാട് ഹെബ്രോൻ ചാപ്പലിന് മുമ്പിലുള്ള ഹരിയാനാസ്റ്റേറ്റിന്റെ സ്റ്റാളിൽ നിന്നും 400/- രൂപക്ക് ലഭിക്കും.**

പാസ്റ്റർ കെ.വൈ ഗീവർഗീസിന്റെ ഭാര്യ: റോസമ്മ ഗീവർഗീസ്. മക്കൾ: ക്രിസ്റ്റീന ജി ചെറിയാൻ, വിൻസന്റ് ഗീവർഗീസ്, ഫേബ ഗീവർഗീസ്, സ്റ്റീഫൻ ഗീവർഗീസ്

വിവരങ്ങൾക്ക്:

**Ph: 011-22771455, 09313530016**
**reachindiamission@hotmail.com**



# ഐ.പി.സി. ആസാം സ്റ്റേറ്റ്

## ആസാമിൽ പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്ക്




*പാസ്റ്റർ വർഗീസ് ജോൺ ആസ്സാം സ്റ്റേറ്റ് കൺവൻഷനിൽ പ്രസംഗിക്കുന്നു.*

ആസാം സ്റ്റേറ്റ് ഇന്നുവരെയും കണ്ടിട്ടില്ലാത്ത ആത്മീയ നിറവിന്റെ ദിനരാത്രങ്ങളായിരുന്നു. ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ ആസാം സ്റ്റേറ്റിന്റെ 2012 ലെ വാർഷിക കൺവൻഷന്റെ ദിനങ്ങൾ.

2012 ഡിസം.14 മുതൽ 16 വരെ ഗുവാഹത്തിയിലുള്ള കാമ്രൂപ് അക്കാഡമിക് സ്കൂളിന്റെ മൈതാനിയിൽ വെച്ചു നടത്തപ്പെട്ട കൺവൻഷൻ ഐ.പി.സി ആസാം പ്രസിഡന്റ് റവ.വർഗീസ് ജോൺ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു.

ആസാമിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, അനേകം വിശ്വാസികളും, സഭാശുശ്രൂഷകന്മാരും കൺവൻഷനിൽ സംബന്ധിച്ചു. ജാതിമത വ്യത്യാസമില്ലാതെ അനേകമാളുകൾ ദൈവവചന കേൾവിക്കായി തടിച്ചു കൂടി. പകൽ ബൈബിൾ ക്ലാസുകളും, രാത്രി പൊതുയോഗവുമായി നടത്തപ്പെട്ട കൺവൻഷനിൽ റവ.വർഗീസ് ജോൺ, പാസ്റ്റർ ജോൺസൺ, പാസ്റ്റർ സാമുവേൽ നാഗ്, പാസ്റ്റർ ദിലീപ് സിംഗ് തുടങ്ങിയ ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിച്ചു. 16-ാം തീയതി രാവിലെ 8 മണിക്ക് റവ.വർഗീസ് ജോണിന്റെ നേതൃത്വത്തിൽ ബ്രഹ്മപുത്ര നദിയിൽ സ്നാനശുശ്രൂഷയും തുടർന്ന് കൺവൻഷൻ വേദിയിൽ സംയുക്ത ആരാധനയും നടന്നു.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അറിയപ്പെടുന്ന കരിസ്മാറ്റിക് ഗായകനായ പാസ്റ്റർ ദിലീപ് സിംഗിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം ഗാനങ്ങളാലപിച്ചു. വലിയ ആത്മപകർച്ചയുടെ ദിനങ്ങളായിരുന്നു കൺവൻഷനിലുടനീളം അനുഭവിച്ചറിയുവാനിടയായത്, ഞായറാഴ്ചത്തെ പൊതുയോഗാനന്തരം കൺവൻഷൻ സമാപിച്ചു.




ആസാം ഇന്ത്യയുടെ വടക്കുകിഴക്കുള്ള സംസ്ഥാനമാണ്. ഹിമാലയൻ താഴ്‌വരയുടെ കിഴക്കുഭാഗത്തായിട്ടാണ് ആസാമിന്റെ സ്ഥാനം. അരുണാചൽപ്രദേശ്, നാഗാലാന്റ്, മണിപ്പൂർ, മീസോറാം, ത്രിപുര, മേഘാലയ എന്നിവയാണ് ആസാമിന്റെ അതിർത്തി സംസ്ഥാനങ്ങൾ. ഭൂട്ടാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുമായി രാജ്യാന്തര അതിർത്തിയും പങ്കിടുന്നു. ഇരുപത്തിയേഴ് ജില്ലകൾ അടങ്ങിയ ആസാമിന്റെ തലസ്ഥാനം ദിസ്പ്പൂർ ആണ്. ആസാമിനെയും മറ്റ് ആറ് അയൽ സംസ്ഥാനങ്ങളേയും ചേർത്ത് ഏഴു സഹോദരിമാർ എന്നറിയപ്പെടുന്നു. ബ്രഹ്മപുത്ര നദി ഈ സംസ്ഥാനത്തു കൂടി ഒഴുകുന്നു. തീവ്രവാദ ഭീഷണി കൂടുതലായുള്ള പ്രദേശമായ നോർത്ത് കച്ചാർ ഹിൽസ് ജില്ലയിലൂടെയാണ് ഭാരതത്തിലെ ഏക ബുള്ളറ്റ് പ്രൂഫ് തീവണ്ടി ഗതാഗതമുള്ളത്. സംസ്ഥാനത്തെ പ്രധാന പട്ടണം ഗുവഹാത്തിയാണ്. ആകെയുള്ള ജനസംഖ്യയിൽ ഒരുശതമാനത്തിൽ താഴെ മാത്രമാണ് ക്രസ്ത്യാനികൾ. ഉൾഫാ തീവ്രവാദം, ബോഡോ കലാപം തുടങ്ങി ഈ സംസ്ഥാനം നിരവധി വെല്ലുവിളികൾ നേരിടുന്നു.

# പാസ്റ്റർ വർഗീസ് ജോൺ ആസാമിന് വേണ്ടി ആത്മാർത്ഥതയോടെ...

കുമ്പനാട് കണ്ടത്തിൽ കെ.വി ജോൺ കുഞ്ഞമ്മ ദമ്പതികളുടെ മക്കളിൽ മൂന്നാമനായി ജനിച്ച വർഗീസിന്റെ ഒരു ബാല്യകാല കഥ മാതാവ് എപ്പോഴും പറയാറുണ്ട്. വർഗീസിന് അന്ന് മൂന്നര വയസ്. എന്തോ കാര്യത്തിന് അമ്മയോട് പിണങ്ങിയ വർഗീസ് വീട്ടിലെ ബാഗ് ഒന്നെടുത്ത് തോളിലിട്ട് യാത്രക്കൊരുങ്ങി. “എങ്ങോട്ടാ മോനേ പോകുന്നെ?” അമ്മ ചോദിച്ചു.

“ഞാൻ ആസാമിലോട്ട് പോകുവാ” മൂന്നരവയസുകാരന്റെ നാവിൽ എവിടെ നിന്ന് ‘ആസാം’ വന്നുവെന്ന് അമ്മ അത്ഭുതപ്പെട്ടു.

ഇരുപത്തിരണ്ടാം വയസിൽ കുമ്പനാട് ബൈബിൾ കോളജിൽ ചേർന്ന് ദൈവപഠനം നടത്തിയെങ്കിലും ആസാം എന്നൊരു നിയോഗം തന്റെ മേൽ ഉണ്ടെന്ന് വർഗീസിന് അറിയില്ലായിരുന്നു.

വചന പഠനാനന്തരം തൃശൂർ ജില്ലയിലും പാലക്കാട്ടും ഐ.പി.സി ശുശ്രൂഷകനായി പ്രവർത്തിച്ചു. 1976-ൽ പ്രത്യേക നിയോഗപ്രകാരം രാജസ്ഥാനിലെത്തി. അൽവർ നഗരത്തിൽ ആദ്യമായി ഒരു പെന്തെക്കോസ്തു പ്രവർത്തനം ആരംഭിച്ചു. 1981 ലാണ് ആസാമിലെത്തുന്നത്. ഐ.പി.സി നോർത്തേൺ റീജിയന്റെ ഭാഗമായ ഗോഹട്ടി ഐ.പി.സി സഭയുടെ ശുശ്രൂഷകനായി പാസ്റ്റർ കെ.ടി തോമസാണ് അവിടേക്കയച്ചത്. ആസാമിൽ അക്കാലത്തുള്ള ഏക പെന്തെക്കോസ്തു സഭയാണിത്. അതും മലയാളി സഭ. പാസ്റ്റർ ജോൺ ദാനിയേലും മറ്റും ശുശ്രൂഷിച്ച സഭ. മൂന്നു വർഷം അവിടെ ശുശ്രൂഷിച്ചു. ഇതിനകം ആസാമിലേക്ക് തന്നെ അയച്ചതിന്റെ ദൈവീക ഉദ്ദേശ്യം പാസ്റ്റർ വർഗീസ് ജോൺ തിരിച്ചറിഞ്ഞു.

ആസാമിലെ സാധാരണക്കാരായ ജനങ്ങളോട് സുവിശേഷം അറിയിക്കുക. ആസാമി ഭാഷ സംസാരിക്കുന്നവർക്കിടയിൽ സഭകൾ സ്ഥാപിക്കുക. ആസാംകാരായ മിഷനറിമാരെ പരിശീലിപ്പിച്ച് സഭാപ്രവർത്തനത്തിന് സജ്ജരാക്കുക. ഈ ദൗത്യം പാസ്റ്റർ വർഗീസ് ജോൺ ഏറ്റെടുത്തു.

ആസാമിൽ കഠിനമായ സാഹചര്യങ്ങളിൽ സഭാ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ചെറിയ നിലയിൽ ആരംഭിച്ച പ്രവർത്തനങ്ങളിലൂടെ വിശ്വാസത്തിലേക്ക് വന്ന ചെറുപ്പക്കാരെ സുവിശേഷപ്രവർത്തനത്തിനായി പരിശീലിപ്പിക്കുവാൻ 1987-ൽ ഗ്രെയ്സ് തിയോളജിക്കൽ കോളജ് പ്രവർത്തനമാരംഭിച്ചു. ആസാമിൽ നല്ല അദ്ധ്യാപകരെ കിട്ടുവാൻ ബുദ്ധിമുട്ടാണ്. അതോടൊപ്പം തീവ്രവാദികളുടെ പ്രശ്നങ്ങൾ രൂക്ഷമായ അക്കാലത്ത് ബൈബിൾ സ്കൂൾ നടത്തുന്നത് പ്രശ്നമായി മാറി. ഒടുവിൽ ആസാമിൽ നിന്ന് വിദ്ധ്യർത്ഥികളെ കേരളത്തിൽ കൊണ്ടു വന്ന് വചനപഠനം നടത്തിക്കുവാൻ തീരുമാനിച്ചു. അങ്ങനെ 1990 മുതൽ ഗ്രെയ്സ് ബൈബിൾ കോളജ് പാലക്കാട്ട് പ്രവർത്തിച്ചു വരുന്നു. ഓരോ ബാച്ചിലും എട്ടും പത്തും വിദ്യാർത്ഥികൾ പഠിക്കുന്നു.

ഇതിനകം അൻപതിലധികം വിദ്ധ്യാർത്ഥികൾ ത്രിവത്സര കോഴ്സ് പൂർത്തിയാക്കി കർതൃശുശ്രൂഷയിൽ ആസാമിൽ പ്രവർത്തിക്കുന്നു. പഠനം പൂർത്തിയാക്കുന്നവരെ അവരവരുടെ ഗ്രാമങ്ങളിൽ പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയാണ് ചെയ്യുന്നത്.

ഇതിനകം അൻപതിലധികം ലോക്കൽ സഭകളും നൂറിലേറെ വില്ലേജുകളിലെ പ്രവർത്തനങ്ങളും ഐ.പി.സി ആസാം സ്റ്റേറ്റിന്റേതായി നടന്നുവരുന്നു. ആസാമിൽ ഐ.പി.സിക്ക് പാസ്റ്റർ വർഗീസ് ജോൺ നേതൃത്വം നൽകുന്ന പ്രവർത്തനമല്ലാതെ മറ്റു പ്രവർത്തനങ്ങൾ ഇല്ലെന്നതും എടുത്തു പറയേണ്ടതാണ്.

1995 വരെ ആസാമിൽ പൂർണ സമയം താമസിച്ച് പ്രവർത്തിച്ച പാസ്റ്റർ വർഗീസ് ജോൺ 1996-ൽ അമേരിക്കയിലേക്ക് കുടിയേറി. അമേരിക്കയിൽ ഒഹായോ സ്റ്റേറ്റിലെ കൊളമ്പസിലും, ന്യൂയോർക്ക് സ്റ്റേറ്റിലെ - ന്യൂറോഷെൻ എന്നിവിടങ്ങളിലും ഫിലദൽഫിയാ ടണിലും സഭകൾ സ്ഥാപിച്ചു. ഇപ്പോൾ ഫിലദൽഫിയ ഹെബ്രോൻ ഐ.പി.സി സഭയുടെ സീനിയർ പാസ്റ്ററാണ്. അമേരിക്കയിലാണെങ്കിലും എല്ലാ വർഷവും ഒന്നിലധികം തവണ ആസാം സന്ദർശിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. അടുത്ത വർഷം മുതൽ നാട്ടിൽ മടങ്ങിയെത്തി പൂർണ്ണ സമയം ആസാമിൽ പ്രവർത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് ഈ അറുപത്തിരണ്ടുകാരനായ ദൈവദാസൻ.

ഭാര്യ: രമണി വർഗീസ്. മൂന്നു മക്കൾ: ജോൺസൺ, എബി, ജെയ്സൻ. മരുമക്കൾ: ജെന്നി, ഷെറിൽ. കൊച്ചുമകൾ ഫെയ്ത്ത്. മക്കളുടെ പൂർണ സഹകരണത്തോടെയാണ് പാസ്റ്റർ വർഗീസ് ജോൺ ആസാമിൽ പ്രവർത്തിക്കുന്നത്.

ഫോൺ: 001 251 366 2579 (USA)
8943925224 (Kerala)



*പാസ്റ്റർ വർഗീസ് ജോണും കുടുംബവും*



It was around 30 years ago Rev.Varghese John came to my village and preached the gospel. As I was a small boy, I keenly listen the message, later I surrendered my life to serve Jesus Christ. I joined the Bible College, which Rev.Varghese John started, at Jorhat, I was one of the first student who graduated from that Bible College.

Rev.Varghese John and his family had set an example before us to follow Christ Jesus. Though he lives at United States of America, he comes to our villages and eats with us, stay with us and do ministry with us, we the pastors of IPC Assam state admire him for his commitment and faithfulness to fulfill God's command in his life.


The bible college at Jorhat had moved to Kerala for the betterment. After my higher study at Rajastan, I joined the bible college as a teacher; at present by God's grace I am doing ministry at Golaghat, Assam and I am giving leadership as Vice President of IPC Assam State. I request your prayer for the IPC ministry at Assam, and the Bible College at Palakkad, Kerala.

We the pastors assure our prayers for our beloved President Rev.Varghese and his family for continue God's grace upon them for giving leadership for this ministry.

Thanking you,
Yours in Christ
Pr. Samuel Nag (Vise President IPC Assam)
IPC Golaghat , Assam

# തിരുവചന സത്യത്തിൽ അടിയുറച്ച് പുരോഗതിയുടെ പാതയിൽ ഐ.പി.സി.

**ഐ.പി.സി യുടെ അടുത്ത ജനറൽ പ്രസിഡന്റാകണമെന്ന് ഐ.പി.സി ശുശ്രൂഷകന്മാരും സഭാജനങ്ങളും താത്പര്യപ്പെടുന്ന പാസ്റ്റർ ഡോ.റ്റി വത്സൻ ഏബ്രഹാമുമായി "റിവൈവ്"മാസിക എഡിറ്റർ പാസ്റ്റർ സാജു ജോസഫ് നടത്തിയ അഭിമുഖം.**



***മറ്റൊരു ഇലക്ഷന്റെ കൂടെ മുമ്പിൽ സഭ വന്നു നിൽക്കുമ്പോൾ കഴിഞ്ഞ ആറ് വർഷങ്ങളായി ജനറൽ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കുന്ന താങ്കൾക്ക് എന്ത് തോന്നുന്നു?***

വളരെ ലളിതമായി ആരംഭിച്ച നമ്മുടെ സഭയെ കർത്താവ് അനുഗ്രഹിച്ച് ഇത്രത്തോളം വളർത്തി. ആരംഭകാലങ്ങളിൽ നമ്മുടെ പിതാക്കന്മാർ പരസ്പരമുള്ള ധാരണയിലും ബഹുമാനത്തിലും അവരുടെ ചുമതലകൾ ഏറ്റെടുക്കുകയും അത് നിവർത്തിച്ചു വരുകയുമായിരുന്നു. എന്നാൽ ഇന്ന് സഭ വളരെയേറെ വളർന്നപ്പോൾ അനേകർ നേതൃത്വത്തിലേക്ക് ആകർഷിക്കപ്പെടുന്നു. ഈ നേതൃമോഹവുമായി യഥാർത്ഥ യോഗ്യതയില്ലാത്തവർ വിജയം ഉറപ്പാക്കുവാൻ സഭയെ രാഷ്ട്രീയവൽക്കരിക്കുന്നത് അപകടകരവും അപലപനീ യവുമാണ്. ആ സ്ഥിതിക്ക് അടിയന്തരമായി മാറ്റം വരേണ്ടതാണ്. ഐ.പി.സി.യെ സ്നേഹിക്കുന്ന എല്ലാവരും എല്ലാം മറന്ന് ഈ സ്ഥിതിക്ക് മാറ്റം വരുത്തേണ്ടതിന് ഒന്നിക്കേണ്ടിയിരിക്കുന്നു.

***അതു കൊണ്ട് അങ്ങ് എന്താണ് അർത്ഥമാക്കിയത്?***

നമ്മുടെ ഭരണഘടന ഇപ്പോൾ തന്നെ എല്ലാ സ്ഥാനങ്ങൾക്കും ചില മിനിമം യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സംഘടിതമായ നീക്കത്തിൽ കൂടെ അതിനെയെല്ലാം കാറ്റിൽ പറത്തി പ്രാദേശിക സഭകളിൽ പോലും സ്വീകാര്യത ഇല്ലാത്തവർ സ്ഥാനമാനങ്ങൾ കരസ്ഥമാക്കുന്ന ദുഷ്പ്രവണത ഇപ്പോൾ നമ്മുടെയിടയിൽ വർദ്ധിച്ചിരിക്കുന്നു. ഉദാഹരണത്തിന് 7000ലധികം പ്രദേശിക സഭകളുള്ള ഐ.പി.സി. പോലൊരു സഭാപ്രസ്ഥാനത്തിൽ ഒരു പ്രാദേശിക സഭയിൽ ഒരു ശുശ്രൂഷകനായി ആരും സ്വീകരിക്കാത്തവർക്ക് പോലും ഏറ്റവും ഉന്നതമായ സ്ഥാനത്തേക്ക് നിൽക്കത്തക്കവണ്ണം ദുർബലമായ ഒരു തെരഞ്ഞെടുപ്പ് രീതിയാണ് നമ്മുക്ക് ഇന്നുള്ളത്. "എനിക്ക് എവിടെയെങ്കിലും ഒരു സഭാചാർജ്ജ് തരാമെങ്കിൽ എന്റെ സ്ഥാനാർത്ഥിത്വത്തിൽ നിന്ന് ഞാൻ പിൻമാറാം" എന്ന് എന്നോട് ഒരാൾ ആവശ്യപ്പെട്ടാൽ ഞാൻ എന്താണ് ചെയ്യേണ്ടത്?

***രണ്ടു പ്രാവശ്യം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി എന്ന നിലയിൽ ഈ പ്രാവശ്യം എതിരില്ലാതെ ജനറൽ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുമെന്ന് എല്ലാവരും വിചാരിച്ചിരുന്ന താങ്കൾക്ക് അവസാന സമയത്ത് എതിര് വരുമ്പോൾ എങ്ങനെയാണ് പ്രതികരിക്കുവാൻ തോന്നുന്നത്?***

"എതിരിനു" വേണ്ടിയുള്ള എതിരിനോട് ഐ.പി.സി വിശ്വാസികൾ എങ്ങനെ പ്രതികരിക്കുമെന്ന് എനിക്ക് ഉത്തമമായ ബോധ്യമുണ്ട്.

***എല്ലാ എതിരുകളെയും താങ്കൾ അങ്ങനെയാണോ കാണുന്നത്?***

സഭയിൽ നിലനിൽക്കുന്ന അനീതിയോട് പ്രതികരിക്കുവാനാണ് തങ്ങളുടെ സ്ഥാനാർത്ഥിത്വം എന്നാണ് ചിലർ അവകാശപ്പെടുന്നത്. സഭയുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ളതാണ് സഭയുടെ ഭരണസമിതി (കൗൺസിൽ). കാലാകാലങ്ങളിൽ ഈ ഭരണസമിതിക്ക് ലഭ്യമായിട്ടുള്ള എല്ലാ പരാതികൾക്കും നീതിപൂർവ്വമായ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഉദാഹരണമായി, പഞ്ചാബ് കേന്ദ്രീകരിച്ചുണ്ടായ പ്രശ്നങ്ങൾ ഐ.പി.സി ജനറൽ കൗൺസിലിൽ വന്നപ്പോൾ പ്രശ്നപരിഹാരത്തിനായി പാസ്റ്റർ ജേക്കബ് ജോണും അദ്ദേഹത്തോടൊപ്പമുള്ളവരും ആവശ്യപ്പെട്ടതനുസരിച്ച്, ഹിമാചൽ പ്രദേശിനെ അതിനുള്ള യോഗ്യതയില്ലായിരുന്നെങ്കിൽ പോലും സമാധാന സ്ഥാപനത്തിന് വേണ്ടി ഒരു സ്റ്റേറ്റ് കൗൺസിലായി അംഗീകരിച്ചും പാസ്റ്റർ ജേക്കബ് ജോണിനെ, സ്റ്റേറ്റ് പ്രസിഡന്റായും, ജനറൽ കൗൺസിലംഗമായും അംഗീകരിച്ചും അദ്ദേഹത്തിന്റെ കീഴിൽ വേണമെന്ന് അദ്ദേഹം ആവശ്യപ്പെട്ട പഞ്ചാബിലുള്ള സഭകളെ ഹിമാചൽ സ്റ്റേറ്റിന്റെ കീഴിൽ നൽകി കൊടുത്തു കൊണ്ട് ജനറൽ കൗൺസിൽ എല്ലാവർക്കും സ്വീകര്യമായ വിധത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുകയും അത് അംഗീകരിച്ച് കഴിഞ്ഞ രണ്ടരവർഷങ്ങളായി അത് സംബന്ധിച്ച് യാതൊരു പ്രശ്നങ്ങളോ പരാതികളോ പാസ്റ്റർ ജേക്കബ് ജോണോ മറ്റാരെങ്കിലുമോ ഉന്നയിച്ചിട്ടില്ലാത്തതുമാകുന്നു. അതേസമയം നമ്മുടെ പഞ്ചാബ് സ്റ്റേറ്റിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ഐ.പി.സിയ്ക്ക് സ്വീകാര്യനായ ഒരു മോഡറേറ്റർക്ക് മുമ്പിൽ പഞ്ചാബിലെ ഭരണസമിതിയിലുള്ളവർ എവിടെയും ഏത് വിശദീകരണത്തിനും തയ്യാറാണ് എന്നാണ് എന്റെ അറിവ്.

***താങ്കൾ ജനറൽ സെക്രട്ടറിയാകുന്നതിന് മുമ്പ് പഞ്ചാബിന്റെ സ്റ്റേറ്റ് പ്രസിഡന്റായിരുന്നല്ലോ? യഥാർത്ഥത്തിൽ പഞ്ചാബിൽ നടന്നത് എന്താണ്?***

പഞ്ചാബിനെക്കുറിച്ച് പറയുകയാണെങ്കിൽ ആദ്യം ഐ.പി.സിക്കാരനായ ഒരു ദൈവദാസൻ പഞ്ചാബിൽ പ്രവർത്തനത്തിനായി പോയത് പാസ്റ്റർ കെ.ജെ സാമുവേലായിരുന്നു. അദ്ദേഹം ചില വർഷങ്ങൾ ലാഹോറിലും ലുധിയാനായിലും പ്രവർത്തിച്ചിരുന്നു. പിന്നീട് 1976ൽ പാസ്റ്റർ ജോൺ രാജനും പാസ്റ്റർ ജേക്കബ് ജോണും ഒരുമിച്ചാണ് പഞ്ചാബിൽ എത്തിയത്. പാസ്റ്റർ ജോൺ രാജൻ പാസ്റ്റർ ജേക്കബ് ജോണിനോടൊപ്പം ഐ.പി.സി പത്താൻക്കോട്ട് സഭയുടെ സഹസ്ഥാപകനാണ്. പാസ്റ്റർ കെ. കോശി 1979ൽ പഞ്ചാബിൽ വന്ന് പ്രവർത്തനം ആരംഭിച്ചു. 1990ലാണ് ഞാൻ ആദ്യമായി പഞ്ചാബിൽ പാസ്റ്റർ കെ. കോശിയുമായി ബന്ധപ്പെട്ട് പ്രവർത്തനം ആരംഭിച്ചത്. 1964-65 വർഷങ്ങൾ കുമ്പനാട് ഹെബ്രാൻ ബൈബിൾ കോളജിൽ പഠിച്ച പാസ്റ്റർ പി.റ്റി. സാമുവേൽ 1967ൽ നോർത്ത് ഇന്ത്യയിൽ പഞ്ചാബിലേക്ക് പോയി പ്രവർത്തനം ആരംഭിച്ചു. 1972 മുതൽ ജമ്മുകാശ്മീരിലെ റിയാസിൽ പ്രവർത്തിച്ചു വരുന്നു. ജമ്മുകാശ്മീരിലെ പ്രവർത്തനം ഐ.പി.സി പഞ്ചാബ് സ്റ്റേറ്റിനോട് ചേർന്നാണ് ഇപ്പോൾ നിൽക്കുന്നത്. ഇപ്രകാരം ശുശ്രൂഷയിൽ പഞ്ചാബിൽ ഏറ്റവും സീനിയറായിരിക്കുന്ന പാസ്റ്റർ പി.റ്റി ശാമുവേലാണ് ഐ.പി.സി പഞ്ചാബ് സ്റ്റേറ്റ് വൈസ് പ്രസിഡന്റായി ഇപ്പോൾ പ്രവർത്തിക്കുന്നത്. 1992ൽ ലുധിയാനായിൽ ഞാൻ ബൈബിൾ സ്ക്കൂൾ ആരംഭിച്ചു. ഇതിനോടകം 1200 ശുശ്രൂഷകരെ പരിശീലിപ്പിച്ചു. അവർ പഞ്ചാബിലും ചുറ്റുമുള്ള മറ്റ് 8 സംസ്ഥാനങ്ങളിലും പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു. 1995ൽ ഐ.പി.സി ജനറൽ കൗൺസിൽ പഞ്ചാബ് റീജിയൻ രൂപികരിച്ചപ്പോൾ മുതൽ 2006 വരെ നാലു ടേമുകൾ പഞ്ചാബിലെ ദൈവദാസന്മാരുടെയും ജനത്തിന്റെയും താത്പര്യ പ്രകാരം പഞ്ചാബ് സ്റ്റേറ്റ് പ്രസിഡന്റായി ശുശ്രൂഷിക്കുവാൻ എനിക്ക് ഇടയായി. ആദ്യ ടേമുകളിൽ വൈസ് പ്രസിഡന്റായിരുന്ന പാസ്റ്റർ ജേക്കബ് ജോൺ മറ്റ് ചിലരുമായുള്ള പ്രശ്നങ്ങളുടെ പേരിൽ ഞാൻ ആവർത്തിച്ചാവശ്യപ്പെട്ടെങ്കിലും കൂട്ടാക്കാതെ സ്വയം രാജി വെച്ച് മാറുകയായിരുന്നു. അങ്ങനെ പഞ്ചാബ് സ്റ്റേറ്റുമായി സഹകരിക്കാതെ അദ്ദേഹം നിന്നതിനാൽ ഞാൻ 2006ൽ ഐ.പി.സി ജനറൽ സെക്രട്ടറിയായി മാറിയപ്പോൾ പാസ്റ്റർ ജേക്കബ് ജോണിനോടൊപ്പം സീനിയോറിറ്റിയുള്ള പാസ്റ്റർ ജോൺ രാജനെ ഐ.പി.സി പഞ്ചാബ് സ്റ്റേറ്റ് പ്രസിഡന്റായി അവിടുത്തെ ശുശ്രൂഷകരും ജനങ്ങളും തെരഞ്ഞെടുത്തു.

***ചിലർ തങ്ങളുടെ സ്ഥാനാർത്ഥിത്വത്തിന്റെ സാഗത്യം സ്ഥാപിക്കുവാൻ നടത്തുന്ന പ്രചരണം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?***

എല്ലാ പ്രശ്നങ്ങൾക്കും തങ്ങളുടെ കൈയ്യിൽ പരിഹാരം ഉണ്ട് എന്ന് അവകാശപ്പെടുന്ന ആത്മപ്രശംസാപരമായ പ്രസ്താവനകളോട് എന്തിന് പ്രതികരിക്കണം. ഒരു വിജയം ഉറപ്പാക്കാൻ ഒരു ആത്മവഞ്ചനയും നടത്താൻ ഞാൻ തയ്യാറല്ല; ഞാൻ ആരാണ്? എന്താണ് എന്റെ പ്രവർത്തന ശൈലി എന്ന് ഐ.പി.സി യിലെ ദൈവദാസന്മാർക്കും ദൈവമക്കൾക്കും അറിവുള്ളതാണ്.

വോട്ടു നേടുവാൻ വ്യാജമായ ആരോപണങ്ങളും അവകാശവാദങ്ങളും വാഗ്ദാനങ്ങളും കേൾവിക്കാരെ വിശ്വസിപ്പിക്കുന്നതിനു വേണ്ടി നടത്തുന്ന വികാരപ്രകടനങ്ങൾ എല്ലാവരും തിരിച്ചറിയും എന്നും എനിക്കുറപ്പുണ്ട്

***കഴിഞ്ഞ ആറു വർഷങ്ങളായി പാസ്റ്റർ കെ.സി ജോൺ പ്രസിഡന്റും താങ്കൾ ജനറൽ സെക്രട്ടറിയുമായി നേതൃത്വം കൊടുത്ത ഐ.പി.സി യുടെ എടുത്തു പറയത്തക്ക നേട്ടങ്ങൾ.***

- പാസ്റ്റർ കെ.സി ജോണും ഞാനും ഒപ്പം എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ഒരു ടീമായി നേതൃത്വം കൊടുത്ത് കഴിഞ്ഞ 6 വർഷങ്ങൾ സഭക്ക് ദൈവകൃപയാൽ എടുത്തു പറയത്തക്ക നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ചുരുക്കി പറഞ്ഞാൽ സഭക്ക് ശക്തമായ വളർച്ച ഉണ്ടായി. സഭാ വളർച്ചാതത്വമനുസരിച്ച് (missiological) സഭകൾ, സെൽ സഭകൾ, പുതിയ പ്രവർത്തനങ്ങൾ ഉൾപ്പെടെ ആയിരക്കണക്കിന് സഭകൾ ഐ.പിസിക്കുണ്ട്. ഉദാഹരണമായി ബീഹാറിൽ 2006ൽ 300ൽ താഴെ ആയിരുന്ന സഭകളുടെ എണ്ണം 2012 നവംബറിൽ ഏകദേശം 1700 ൽ അധികമായി ഉയർന്നു. എല്ലായിടത്തു നിന്നുമുള്ള ശരിയായ കണക്ക് ലഭിച്ചിട്ടില്ല. അങ്ങനെയെങ്കിൽ ഭാരത്തിലാകമാനമായി സഭയ്ക്കുണ്ടായിരുന്ന വളർച്ച നിങ്ങൾക്ക് കണക്കു കൂട്ടാവുന്നതേയുള്ളു.

**കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ്, പഞ്ചാബ് ബൈബിൾ കോളജ്, ഹിമാചൽ ബൈബിൾ കോളജ്, ഗുജറാത്ത് ബൈബിൾ ട്രെയിനിംഗ് സെന്റർ, ഒറീസാ ബൈബിൾ ട്രെയിനിംഗ് സെന്റർ, മിസോറാം ബൈബിൾ കോളജ്, ഡാർജിലിംഗ് ബൈബിൾ കോളജ് തുടങ്ങിവയിലൂടെ ഇതുവരെ പരിശീലനം ലഭിച്ചവരിൽ 95%ഉം (ആയിരക്കണക്കിന്) ഐ.പി.സിയുടെ ശുശ്രൂഷകന്മാരാണ്. അപ്പച്ചന്റെ കാലം മുതൽ കുടുംബമായി ഐ.പി.സിക്കു വേണ്ടി മുടക്കിയിട്ടുള്ള തുകയുടെ കണക്ക് ദൈവം അറിയുന്നു.**

**നേട്ടങ്ങൾ ചുരുക്കമായി സൂചിപ്പിക്കട്ടെ:-**

- ഇന്ത്യയിലെ മിക്ക വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും ശക്തമായ ഐ.പി.സി നേതൃത്വവും പ്രവർത്തനങ്ങളും.
- പുതിയതായി ഉത്തരപ്രദേശ് (5 സോണുകൾ), വെസ്റ്റ് ബംഗാൾ (മൂന്നു സോണുകൾ), രാജസ്ഥാൻ, ഉത്തരാഖണ്ഡ്, മണിപ്പൂർ, പോണ്ടിച്ചേരി എന്നിവിടങ്ങളിൽ മിഷൻ സെന്ററുകൾ ആരംഭിച്ചു.
- 19 സ്റ്റേറ്റ് കൺസിലുകൾ, 14 മിഷൻ സെന്റേഴ്സ്, 15 റീജിയനുകൾ.
- എല്ലാ മിഷൻ സെന്ററുകളിലും സോണുകളിലും കഴിവുറ്റ സമർപ്പിതരായി കോ-ഓർഡിനേറ്റന്മാർ.
- കുമ്പനാട് കൺവൻഷൻ കൂടുതൽ സജീവമായി വിഷയാസ്പിത സന്ദേശങ്ങൾ, പതിവ് പരിപാടികൾക്ക് പുറമേ, യൂത്ത് അഡ്വാൻസ്, കിഡ്സ് പ്രോഗ്രാം, പ്രത്യേക ഹിന്ദി സമ്മേളനങ്ങൾ, മിഷൻ ചലഞ്ച് സെഷനുകൾ, ക്രമീകൃതമായി പരിശീലനം നേടിയ കൺവൻഷൻ ക്വയർ, പ്രോഗ്രാം, സംഭാവന ലിസ്റ്റ് എന്നിവ ഉൾപ്പെടുത്തി മനോഹരമായ കൺവൻഷൻ പാട്ടുപുസ്തകം. കൺവൻഷന് വിശാലവും മനോഹരവുമായ പന്തൽ, വീഡിയോ, ടി.വി പ്രക്ഷേപണം, ക്ലോസ് സർക്യൂട്ട് റ്റി.വി.സ്ക്രീനുകർ തുടങ്ങിയവ.
- ഇന്ത്യക്ക് വെളിയിലുള്ള റീജയനുകൾ സംഘടനാപരമായും ആത്മീയമായും ശക്തമാക്കി.
- യു.കെ യിലും ആസ്ട്രേലിയായിലും ഐ.പി.സി റീജിയനുകൾക്ക് രൂപം കൊടുത്തു.
- വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും ഭാരതത്തിന് വെളിയിലുള്ള റീജിയനുകളും ക്രമമായി സഞ്ചരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രവർത്തനത്തെയും പ്രവർത്തകരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.
- ജനറൽ കൗൺസിൽ സെഷനുകൾ ഒന്നു പോലും കോറം തികയാതെ മാറ്റി വെക്കേണ്ടി വന്നില്ല. കൃത്യമായി മിനിറ്റ്സുകൾ തയ്യാറാക്കി എല്ലാ അംഗങ്ങൾക്കും ഒരു മാസം മുമ്പ് അയച്ചു കൊടുത്തു.
- ജനറൽ കൗൺസിൽ മീറ്റിംഗുകൾ വളരെ ശാന്തവും സജീവവുമായി നടത്തി.
- കുമ്പനാട് കൺവൻഷൻ മൈതാനം വിപുലമാക്കി, ഇന്റർനാഷനൽ ബിൽഡിംഗ് പുതിയ നില പണിതു, ഹെബ്രാൻപുരത്തെ മാലിന്യപ്രശ്നങ്ങൾക്ക് പരിഹാരമായി മാലിന്യട്രീറ്റ്മെന്റ് പ്ലാന്റ് (STP) പണി പൂർത്തീകരിച്ചു.
- കൺവൻഷനോടനുബന്ധിച്ച് 100 ദിവസത്തെ പ്രത്യേക ഉപവാസ പ്രാർത്ഥന വിവിധ സഭകളിലായി നടത്തി.
- കൺവൻഷൻ സമയത്ത് എല്ലാ സെഷനുകളിലും പ്രത്യേക പ്രാർത്ഥനയ്ക്കായി ശുശ്രൂഷകരെയും നിയോഗിച്ചു.
- എല്ലാ ജനറൽ കൺവൻഷനുകളും കടബാധ്യത കൂടാതെ നടത്തി.

***ഐ.പി.സി ക്ക് വേണ്ടി ചെയ്തതായി ചില തുകകളുടെ കണക്ക് മത്സരത്തിലുള്ള ചിലർ പറയുന്നല്ലോ? IGO പോലുള്ള സ്വകാര്യ സംരംഭങ്ങൾക്കാണ് താങ്കൾ പണം ചെലവഴിക്കുന്നത് എന്ന ആരോപണത്തെക്കുറിച്ച്?***

ദൈവം എനിക്ക് നൽകി തന്നിട്ടുള്ള എല്ലാ ഉറവിടങ്ങളിലും ബന്ധങ്ങളിലും കൂടി കർത്താവിന്റെ വേലക്കായി ചെലവഴിക്കുന്ന പണം പ്രധാനമായും ഐ.പി.സി യുടെ ആവശ്യങ്ങൾക്കും വളർച്ചക്കും വേണ്ടിയാണ്. ഇന്ത്യാ ഗോസ്പൽ ഔട്ട് റീച്ച് ഒരു മിഷൻ ഓർഗനൈസേഷനാണ്. പ്രസ്തുത ഓർഗനൈസേഷൻ കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജും ഇതര സ്ഥാപനങ്ങളിലെ ബൈബിൾ സ്ക്കൂളുകളും നടത്തുന്നതിനും സുവിശേഷകരെ സഹായിക്കുന്നതിനും അത്യാവശ്യമായി സഭാഹാളുകൾ പാഴ്സനേജുകൾ തുടങ്ങിയവ നോർത്ത് ഇൻഡ്യയിൽ പണിയുന്നതിനും, 1984 മുതൽ കഴിഞ്ഞ 29 വർഷങ്ങളായി സാമ്പത്തിക സഹായം നൽകുവാനായി പ്രവർത്തിക്കുന്നു. അതിനു മുമ്പ് 1973 മുതൽ തന്നെ ഐ.പി.സിയുടെ വിവിധ പ്രവർത്തനങ്ങളെ സഹായിക്കുവാൻ ദൈവം എനിക്ക് ഇടയാക്കി



**ഒൻപതു പതിറ്റാണ്ടുകൾക്ക് മുമ്പ് എന്റെ വല്യപ്പച്ചൻ പാസ്റ്റർ കെ.ഈ ഏബ്രഹാം സമർപ്പിതരും സുവിശേഷാത്മാവുള്ളവരുമായിരുന്ന പാസ്റ്റേർസ് പി.എം ശാമുവേൽ, പി.റ്റി ചാക്കോ, കെ.സി ചെറിയാൻ തുടങ്ങിയ നിരവധി ദൈവഭൃത്യന്മാരോടൊപ്പവും തുടർന്നു പാസ്റ്റർന്മാരായ റ്റി.ജി ഉമ്മൻ, സി.കെ ദാനിയേൽ, വി.റ്റി ജോസഫ്, പി.എം. ഫിലിപ്പ്തുടങ്ങി നിരവധി കർത്തൃദാസന്മാരും നേതൃത്വം കൊടുത്ത നമ്മുടെ ഐ.പി.സി സഭയെക്കുറിച്ച് എനിക്ക് വലിയ അഭിമാനം ഉണ്ട്. എന്റെ പിതാവ് പാസ്റ്റർ ടി.എസ്സ് ഏബ്രഹാം തന്റെ മുഴു ജീവിതവും ഐ.പി.സിക്കായി സേവനം ചെയ്തു. ഈ സഭയെ സേവിക്കുവാൻ എനിക്ക് ലഭിച്ചിരിക്കുന്ന ദൈവീക നിയോഗത്തിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു.**

യിട്ടുണ്ട്. അങ്ങനെ നൽകുന്ന പണത്തിന്റെ മുഴുവൻ പ്രയോജനവും ഐ.പി.സി ക്കാണ് ലഭിക്കുന്നത്. IGO ഇന്നു വരെ പ്രത്യേകം സഭകൾ സ്ഥാപിച്ചിട്ടില്ല. ഐ.പി.സി അല്ലാതെ മറ്റൊരു സഭയും എനിക്കില്ല. ബീഹാറിൽ ഇൻഡ്യാ മിഷൻ അവിടുത്തെ ഐ.പി.സി പ്രവർത്തനങ്ങളെ സഹായിക്കുന്നതു പോലെ മാത്രമേ IGO യും ചെയ്യുന്നുള്ളൂ.

ഉദാഹരണമായി കുമ്പനാട് ഇന്ത്യാ ബൈബിൾ കോളജ്, പഞ്ചാബ് ബൈബിൾ കോളജ്, ഹിമാചൽ ബൈബിൾ കോളജ്, ഗുജറാത്ത് ബൈബിൾ ട്രെയിനിംഗ് സെന്റർ, ഒറീസാ ബൈബിൾ ട്രെയിനിംഗ് സെന്റർ, മിസോറാം ബൈബിൾ കോളജ്, ഡാർജിലിംഗ് ബൈബിൾ കോളജ് തുടങ്ങിവയിലൂടെ ഇതുവരെ പരിശീലനം ലഭിച്ചവരിൽ 95%ഉം (ആയിരക്കണക്കിന്) ഐ.പി.സിയുടെ ശുശ്രൂഷകന്മാരാണ്. അപ്പച്ചന്റെ കാലം മുതൽ കുടുംബമായി ഐ.പി.സിക്കു വേണ്ടി മുടക്കിയിട്ടുള്ള തുകയുടെ കണക്ക് ദൈവം അറിയുന്നു. അതിന്റെ ഫലങ്ങൾ ഇന്ത്യയിലുടനീളം ഐ.പി.സിയോട് ബന്ധപ്പെട്ട് കാണുവാനും കഴിയുന്നു.

***പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കാലത്തിനു ശേഷം കുമ്പനാട് ഐ.പി.സി.യ്ക്ക് ഒരു സെന്റ് ഭൂമി പോലും വാങ്ങിയിട്ടില്ല എന്ന പ്രസ്താവനയെക്കുറിച്ച്?***

പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കാലത്തിനു ശേഷം പ്രഗത്ഭരും ആദരണീയരുമായ നിരവധി ജനറൽ പ്രസിഡന്റുമാരും ജനറൽ സെക്രട്ടറിമാരും ഐ.പി.സി.യ്ക്ക് ഉണ്ടായിരുന്നു. അവർക്കെല്ലാവർക്കും എതിരെ ആണല്ലോ ഈ പ്രസ്താവന. അതുകൊണ്ട് ഇതിന് മറുപടി പറയേണ്ടത് ഞാൻ മാത്രമല്ല. പക്ഷേ എനിക്ക് ഒന്നറിയാം. കുമ്പനാട് ഐ.പി.സി.യ്ക്ക് ഭൂമി വാങ്ങിക്കൂട്ടുന്നതല്ല ഐ.പി.സി.യുടെ വളർച്ച. കേരളത്തിലും ഭാരതത്തിലും ഭാരതത്തിനു പുറത്തും ഐ.പി.സി.യ്ക്ക് സ്റ്റേറ്റ് ഹെഡ്കാർട്ടേഴ്സുകൾ, സെന്റർ സ്ഥാപനങ്ങൾ, സഭാ സ്ഥാപനങ്ങൾ തുടങ്ങി എത്രയോ ഏറെ ഭൂമിയും സ്ഥാപനങ്ങളും ത്യാഗപൂർവ്വം പ്രവർത്തിച്ച കർത്തൃദാസന്മാരുടെയും വിശ്വാസികളുടെയും പ്രാർത്ഥനകളുടെ ഫലമായി ഉണ്ടായിട്ടുണ്ട്. അത് വിസ്മരിക്കാൻ പാടില്ല.

അതേ സമയം പാസ്റ്റർ കെ.ഇ. ഏബ്രഹാമിന്റെ കാലത്ത് വാങ്ങിയ വസ്തു അല്പം പോലും നഷ്ടപ്പെടാതെ ഭംഗിയായി കാത്തു സൂക്ഷിക്കുവാൻ കുമ്പനാട്ട് ഹെബ്രോൻപുരത്ത് താമസിച്ച എന്റെ പിതാവിനും കുടുംബത്തിനും കഴിഞ്ഞു എന്നതും സഭയ്ക്ക് കാലാനുസൃതവും ആവശ്യനുസരണവുമുള്ള ഓഡിറ്റോറിയം, ഓഫീസ് കെട്ടിടങ്ങൾ എന്നിവ എന്റെ പിതാവ് പാസ്റ്റർ റ്റി.എസ്. ഏബ്രഹാമും കാലാകാലങ്ങളിൽ ചുമതല വഹിച്ചിരുന്നവരും സഭയ്ക്കു വേണ്ടി പണിതിരുന്നു എന്നതും ഓർക്കേണ്ടതാണ്.

***ഐ.പി.സിക്കു വേണ്ടി ഈ വിധത്തിൽ സാമ്പത്തികം മുടക്കിയിട്ടുള്ള താണോ നേതൃത്വത്തിൽ തുടരുന്ന താങ്കൾക്ക് ഏറ്റവും വലിയ സംതൃപ്തി നൽകുന്നത്?***

എത്ര പണം മുടക്കിയാലും ദൈവം അതു കൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ലെങ്കിൽ പ്രയോജനമില്ലല്ലോ. അതിനു വളരെ പ്രാർത്ഥനയും ആത്മീയനേതൃത്വവും ആവശ്യമാണ്. കഴിഞ്ഞ അനേക വർഷങ്ങളായി, പ്രത്യേകിച്ച് ഞാൻ ഐ.പി.സി ജനറൽ സെക്രട്ടറിയായിരുന്ന കഴിഞ്ഞ 6 വർഷങ്ങൾ കേരളത്തിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ഇന്ത്യക്ക് പുറത്തുള്ള മിക്ക റീജിയനുകളിലും വിശ്രമമില്ലാതെ യാത്ര ചെയ്തു പാസ്റ്റേർസ് കോൺഫറൻസുകൾ, സുവിശേഷീകരണ സെമിനാറുകൾ, സ്റ്റേറ്റ് / റീജിയൻ കൺവൻഷനുകൾ, യൂത്ത് സെമിനാറുകൾ തുടങ്ങിയവയിൽ സംബന്ധിച്ച് ശുശ്രൂഷിക്കുകയും, നേതൃത്വത്തിലിരിക്കുന്നവർക്കും ശുശ്രൂഷകന്മാർക്കും സഭാ ജനങ്ങൾക്കും ദൈവകൃപയിലാശ്രയിച്ച് വചനത്തിലൂടെ പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്യുവാൻ കഴിഞ്ഞു. കഴിഞ്ഞ 6 വർഷങ്ങൾക്കിടയിൽ മുമ്പ് വേണ്ടതു പോലെ പ്രവർത്തനങ്ങൾ ഇല്ലാതിരുന്ന വടക്കേ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ മിഷൻ സെന്ററുകളിലൂടെ നിരവധി സഭകൾ ആരംഭിക്കുവാനിടയായതും, മിക്ക വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും ഐ.പി.സിക്ക് വലിയ വളർച്ച ഉണ്ടാകുന്നത് കാണുവാനും ഇടയാക്കിയതുമാണ് ഏറ്റവും അധികം എനിക്ക് ചാരിതാർത്ഥ്യം ഉളവാക്കിയ കാര്യം.



*പാസ്റ്റർ കെ.ഇ.ഏബ്രഹാം*

***ശുശ്രൂഷകന്മാർക്കും വിശ്വാസികൾക്കും നേരിട്ട് കാണു വാനോ സംസാരിക്കുവാനോ താങ്കളുടെ അടുക്കൽ സാവ കാശം ലഭിക്കാറില്ല എന്നും ഒരു സംസാരമുള്ളതിനെക്കുറിച്ച്?***

മേൽപറഞ്ഞതു പോലെ ഐ.പി.സി യുടെ വിവിധ റീജിയനുകൾ, സ്റ്റേറ്റുകൾ, ബൈബിൾ സ്ക്കൂളുകൾ, വിവിധ സമ്മേളനങ്ങൾ തുടങ്ങിയവയിൽ തുടർമാനമായി പങ്കെടുത്ത് യാത്ര ചെയ്യുന്ന ഞാൻ കേരളത്തിൽ മിക്കപ്പോഴും ചുരുക്കം സമയങ്ങളെ ചിലവഴിക്കാൻ കഴിയാറുള്ളൂ. ഈ സാഹചര്യത്തിൽ ഞാൻ ആഗ്രഹിക്കുന്നതു പോലെ എല്ലാവരോടും സംസാരിക്കുവാനോ ഇടപെടുവാനോ കഴിയാറില്ല. അപ്പോൾ തന്നെ ലഭിക്കുന്ന അവസരങ്ങൾ നമ്മുടെ ശുശ്രൂഷകരുമായും ദൈവമക്കളുമായും സംസാരിക്കുവാൻ ഞാൻ അവസരം എടുക്കാറുണ്ട്. തുടർന്ന് അപ്രകാരം കൂടുതലായി അവസരം ഉണ്ടാകുവാൻ ഞാൻ ആത്മാർമായി ആഗ്രഹിക്കുകയും ചെയ്യുന്നു.എന്നെ ശുശ്രൂഷയ്ക്കായി ക്ഷണിക്കുന്ന മിക്ക സഭകളിലും സെന്ററുകളിലും ചെന്ന് ശുശ്രൂഷിക്കുവാൻ സമയക്കുറവ് മൂലം കഴിയാതെ പോകുന്നുണ്ട്. അപ്പോൾ തന്നെ കേരളത്തിലുള്ളപ്പോൾ പല സെന്ററുകളും സഭകളും മാറി മാറി സന്ദർശിക്കുവാൻ കൃപയാൽ ഇടയായിട്ടുമുണ്ട്. ദൈവദാസന്മാരുടെയും ജനത്തിന്റെയും സഭകളുടെയും പല ആവശ്യങ്ങളിലും കൂട്ടായ്മകാണിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

***ഐ.പി.സി യുടെ ഭാവിയെക്കുറിച്ച് താങ്കളുടെ ദർശനം ഒന്ന് പങ്കുവെയ്ക്കാമോ?***

ഒൻപതു പതിറ്റാണ്ടുകൾക്ക് മുമ്പ് എന്റെ വല്യപ്പച്ചൻ പാസ്റ്റർ കെ.ഈ ഏബ്രഹാം സമർപ്പിതരും സുവിശേഷാത്മാവുള്ളവരുമായിരുന്ന പാസ്റ്റേർസ് പി.എം ശാമുവേൽ, പി.റ്റി ചാക്കോ, കെ.സി ചെറിയാൻ തുടങ്ങിയ നിരവധി ദൈവഭൃത്യന്മാരോടൊപ്പവും തുടർന്നു പാസ്റ്റർന്മാരായ റ്റി.ജി ഉമ്മൻ, സി.കെ ദാനിയേൽ, വി.റ്റി ജോസഫ്, പി.എം. ഫിലിപ്പ്തുടങ്ങി നിരവധി കർത്തൃദാസന്മാരും നേതൃത്വം കൊടുത്ത നമ്മുടെ ഐ.പി.സി സഭയെക്കുറിച്ച് എനിക്ക് വലിയ അഭിമാനം ഉണ്ട്. എന്റെ പിതാവ് പാസ്റ്റർ ടി.എസ്സ് ഏബ്രഹാം തന്റെ മുഴു ജീവിതവും ഐ.പി.സിക്കായി സേവനം ചെയ്തു. ഈ സഭയെ സേവിക്കുവാൻ എനിക്ക് ലഭിച്ചിരിക്കുന്ന ദൈവീക നിയോഗത്തിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നിന്നും പതറാതെ കാലത്തിനൊത്ത് പുരോഗതിയിലേക്ക് സഭയെ നയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽ യുവതലമുറയെ നേടുവാനും സഭയിൽ അവരെ സജീവ പങ്കാളികളാക്കുവാനും പുതിയ ആത്മീയ പദ്ധതികൾ നടപ്പാക്കണമെന്നതും എന്റെ ലക്ഷ്യമാണ്.ദൈവത്താൽ ആരംഭം കുറിച്ച ഐ.പി.സി സഭ 2020 ആകുമ്പോഴേക്ക് ഇന്ത്യയിലെ എല്ലാ പിൻകോഡുകളിലും കുറഞ്ഞത് ഓരോ ലോക്കൽ സഭയെങ്കിലും ഉള്ള സഭയായി വളരണമെന്നതാണ് എന്റെ ആഗ്രഹവും ദർശനവും.


# ഉന്നത വിദ്യാഭ്യാസത്തിലേക്ക് ഒരു ഉത്തമ വഴികാട്ടി

ഉന്നതവിദ്യാഭ്യാസം കൊതിക്കുന്ന യുവതലമുറയ്ക്ക് ശരിയായ മാർഗ നിർദേശം നല്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊണ്ട പ്രസ്ഥാനമാണ് കരിയർ എജ്യുക്കേഷൻ. സമീപിക്കുന്ന ഓരോ വ്യക്തിക്കും വ്യക്തമായ കാഴ്ചപ്പാട് പകർന്നു നൽകിക്കൊണ്ട് ഉന്നതവിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകളെ ശരിയായ നിലയിൽ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് യുവജനങ്ങൾക്കു മുമ്പിൽ അവസരങ്ങളുടെ വാതിൽ തുറന്നു കൊടുക്കുകയാണ് ഈ സ്ഥാപനം.

ഓരോരുത്തരുടെയും വ്യക്തിത്വം, അഭിരുചി എന്നിവ മനസ്സിലാക്കി മനസിനിണങ്ങുന്നതും ജീവിതവിജയം നേടാനുതകുന്നതുമായ കോഴ്സുകളും അംഗീകൃത സ്ഥാപനങ്ങളും തെരഞ്ഞെടുത്തും നൽകുക എന്നത് ഈ സ്ഥാപനത്തിന്റെ പ്രത്യേകതയാണ്. ഈ



ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്കൂളുകളിലും കോളേജുകളിലും സഭാസംഘടനകളിലും വിദ്യാഭ്യാസ സെമിനാറുകൾ സംഘടിപ്പിക്കുകയും കുട്ടികളെ മനസിലാക്കി പ്രത്യേക താൽപര്യത്തോടെ അവർക്ക് ശരിയായ ദിശാബോധം നൽകുന്നു. പ്രത്യേക ട്രയിനിംഗ് ലഭിച്ച കൗൺസിലർമാരാണ് ഇത്തരം ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.അനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരുടെ നിരവധി കോഴ്സുകളുമായി രംഗത്തു വരുന്ന ഇക്കാലത്ത് ഏതു തെരഞ്ഞെടുക്കണം എന്നത് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരുപോലെ ആശയക്കുഴപ്പത്തിലാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വിശ്വസിക്കാവുന്ന ഉത്തമ വഴികാട്ടിയായി കരിയർ എഡ്യുക്കേഷൻ രംഗത്തു വരുന്നു.

**MBBS, BDS, PHARM.D., BAMS, BHMS, UNANI, ENGG., POLY TECHNIC, BCA/MCA, BBA/MBA, AVIATION , MTA/MSW, B.PHARM, M.PHARM, OPTOMETRY, SPEECH & HEARING, RESPIRATORY THERAPY, BSC MLT, RENAL DIALYSIS, PERFUSION TECHNOLOGY, PC BSC NURSING, DIALYSIS TECH., MSC NURSING**

**ഇന്ത്യയിലെ പ്രശസ്തമായ കോളേജുകളിൽ വളരെ മിതമായ ഫീസിൽ അഡ്മിഷൻ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും കരിയർ കൗൺസിലിംഗിനും അഡ്മിഷനും ബന്ധപ്പെടുക.**

**വിശ്വാസികളാൽ നടത്തപ്പെടുന്ന വിശ്വസ്ത സ്ഥാപനം.**

CAREER EDUCATION
WHERE EDUCATION HAS A NEW DIMENSION

AMPRAYIL BLDGS,
YMCA JN., THIRUVALLA
Ph. 0469-2620999

Call @ 9947963438
9847170530

# HABBAI JESU

*(Welcome Jesus)*

***A book on Missions based on his experience in the North Eastern hills of TRIPURA***




*Contents include*

***What is the mission of the Church***
***The DWA of church multiplication***
***Impacting the 'net' generation***
***Transforming power of Gospel***
***Reaching the unreached people groups of Tripura***

**Dr.GEORGE MATHEW**
*IPC Tripura State President*



Published by:
**CHRISTIAN ORIENTATION CENTRE, VADAVATHOOR P.O.,KOTTAYAM-686 010**
For further details on copies contact :
**Pastor T.T.Simon, Teacher, India Bible College & Seminary, Hebron, Kumbanad. Tel.: 9447257469**



# Seeking Youth Pastor

## Kerala Christian Assembly, Toronto

KCA Toronto is seeking a suitable candidate for a Youth Pastor who will be responsible for the development and oversight of all KCA youth ministries involving youth from age 13 and up with the goal to disciple them in spiritual growth; to train them in serving Christ with their life and to guide them to become devoted followers of Jesus Christ. KCA is one of the largest Malayalee Pentecostal Churches in North America and God has blessed the church with many young people, the need is for a Youth Pastor whose background is Malayalee and who has a North American upbringing. The preferable candidate will possess the following qualifications.

- Born again, baptized, & filled with Holy Spirit believer who has a personal and growing relationship with the Lord, and has a healthy married life.
- Possesses a minimum of a bachelor's degree in Christian Theology (masters preferred), experience in youth ministry, and a personal spiritual life congruent with biblical mandates for leaders (1 Timothy 3:1-7).
- Gifted and is called to ministry, loves young people, and has a passion for evangelism and outreach, both personally and at the ministry level.
- An engaging teacher, with a strong Biblical and theological background, who is in agreement with Pentecostal faith.
- A self-motivated leader, capable of casting and imparting vision for ministry, possessing relational skills with youth and parents.
- Under the age of 45 to relate more closely to the youth.

Interested candidates please contact:
**secretary@keralachristianassembly.com**
or
**Secretary, Kerala Christian Assembly**
**121 Norfinch Dr. Toronto, ON M3N 1W8, CANADA**


# സുവിശേഷത്തിന്റെ അണയാത്ത അഗ്നിജ്വാലയുമായി

# ഐ.പി.സി. ബഥേൽ വർഷിപ്പ് സെന്റർ, മണിമല




***ഫെബ്രുവരി 9 ശനിയാഴ്ച റവ.ഡോ.കെ.സി.ജോൺ ഉദ്ഘാടനം നിർവ്വഹിക്കുന്ന പുതിയ ആരാധനാ ഹാൾ.***

സുവിശേഷീകരണത്തിന്റെ വ്യാപനത്തിന് ദൈവം ശക്തിമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കർത്താവിൽ പ്രസിദ്ധമായ കാനം ലീലാമ്മയുടെ രണ്ടാമത്ത മകനായ സജി പി. ഏബ്രഹാമിന് ആത്മാക്കളുടെ ഉടയവനായ സർവ്വശക്തനായ ദൈവം 1992-ൽ നല്കിയ ദർശനത്തിന്റെ സാക്ഷാത്കാരമാണ് മണിമല ഐ. പി. സി വർഷിപ്പ് സെന്റർ. വീടുകൾ തോറും കയറിയിറങ്ങി ട്രാക്റ്റുകൾ വിതരണം ചെയ്തും ആൾക്കാരെ വ്യക്തിപരമായി സന്ദർശിച്ച് സുവിശേഷം അറിയിച്ചും കൊണ്ടാണ് പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. പെന്തക്കോസ്തു സഭകളും പ്രവർത്തനങ്ങളും തികച്ചും ദുർല്ലഭമായ ഈ പ്രദേശത്ത് കഷ്ടതകളും നിന്ദകളും പരിഹാസങ്ങളും അപകടങ്ങളുമൊക്കെ തടസ്സമായി മുന്നിൽ വന്നെങ്കിലും ദർശനത്തിന് അനുസരണക്കേട് കാണിക്കാത്തവരുടെ ചെറിയ തുടക്കങ്ങളെ മാനിക്കുന്ന ദൈവം അതിരുകളെ വിശാലമാക്കി. ആദ്യം വാടകയ്ക്ക് കടമുറി എടുത്താണ് പ്രവർത്തനം ആരംഭിച്ചത്. 1993 മുതൽ എല്ലാ വർഷവും തുടർച്ചയായി മണിമല പഞ്ചായത്ത് സ്റ്റേഡിയത്തിൽ കൺവൻഷൻ നടത്തുവാൻ കരുണാമയനായ ദൈവം കൃപ ചെയ്തു. 1995-ൽ ആണ് കുട്ടികളുടെയും യുവജനങ്ങളുടെയും ആത്മീയ വളർച്ച മുൻനിർത്തി സണ്ടേസ്കൂൾ, പി. വൈ. പി. എ എന്നിവ ആരംഭിച്ചത്. തുടർന്ന് 2000-ാമാണ്ടിൽ നിരവധി നാളുകളിലെ പ്രാർത്ഥനയുടെ ഫലമായി സഭയ്ക്ക് സ്വന്തമായി സ്ഥലവും സഭാഹോളും നൽകി സർവ്വശക്തനായി ദൈവം മാനിച്ചു.

പരസ്യയോഗങ്ങൾ, മിനി കൺവൻഷനുകൾ, ഫിലിം പ്രദർശനങ്ങൾ, വി. ബി. എസ് തുടങ്ങിയ മാർഗ്ഗങ്ങളെല്ലാം ഉപയോഗിച്ച് സുവിശേഷീകരണരംഗത്ത് ശക്തമായ വളർച്ചയാണ് മണിമല ബഥേൽ ഐ. പി. സി വർഷിപ്പ് സെന്റർ കാഴ്ച വയ്ക്കുന്നത്. ഉറച്ച നേതൃത്വം നൽകിക്കൊണ്ട് പാസ്റ്റർ സജി പി. ഏബ്രഹാമും ശക്തമായ പിന്തുണയുമായി വിശ്വാസികളും ഒറ്റക്കെട്ടായി നിന്നുകൊണ്ട് പ്രവർത്തനോന്മുഖരാകുമ്പോൾ ദൈവത്തിന്റെ അനുഗ്രഹം സഭയിലേക്ക് ധാരാളമായി ചൊരിയപ്പെടുന്നു. രണ്ടു ദശാബ്ദത്തിലേറെയായുള്ള സഭയുടെ വളർച്ചയുടെ രഹസ്യവും ഇതു തന്നെയാണ്. നിറഞ്ഞ ആത്മീയസാന്നിദ്ധ്യമനുഭവിപ്പാൻ കഴിയുന്ന ആരാധന ശക്തമായ, കലർപ്പില്ലാത്ത ദൈവവചനശുശ്രൂഷയുമെല്ലാം ഈ സഭയുടെ പ്രത്യേകതകളാണ്.

**ആരാധന: ഞായർ 9.30-1.00**
**സണ്ടേസ്കൂൾ: ഞായർ 8.30 -9.30**
**കോട്ടേജ് മീറ്റിംഗ്: വ്യാഴം**
**ഉപവാസപ്രാർത്ഥന: വെള്ളിയാഴ്ച 10 - 1 വരെ**

***സഭാശുശ്രൂഷകൻ***



**പാസ്റ്റർ സജി പി. ഏബ്രഹാം**
**ഐ. പി. സി ബഥേൽ വർഷിപ്പ് സെന്റർ**
**മണിമല-686543 ഫോൺ: 0481-2456804, 9846184544**

## സുവിശേഷയോഗം



അകതിയൂർ: ഫുൾ ഗോസ്പൽ ചർച്ചിന്റെ കുന്നംകുളം റീജണൽ കൺവൻഷൻ പാറേമ്പാടം ഗ്രൗണ്ടിൽ ഡിസം.4-6 വരെ നടന്നു. ചീഫ് പാസ്റ്റർ ഡോ.ഡാനിയേൽ അയിരൂർ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ശാമുവൽ തോമസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ കെ.എ ഏബ്രഹാം പ്രസംഗിച്ചു.

# നിത്യതയുടെ പാട്ടുകളുമായി പ്രിൻസ് ഏബ്രഹാം

ആയൂർ: ക്രൈസ്തവ സംഗീത രംഗത്ത് ശ്രദ്ധേയമായ ചുവടുകളുമായി കടന്നുവരികയാണ് ബ്രദർ പ്രിൻസ് ഏബ്രഹാം ആയൂർ. കൊച്ചിൻ ഷിപ്പയാർഡിൽ ഉദ്യോഗസ്ഥനായ ഈ 26 കാരൻ വർഷിപ്പ് ലീഡർ, ഗനരചയിതാവ് എന്നീ നിലകളിൽ ക്രൈസ്തവ സംഗീത രംഗത്ത് സജീവമാണ്. സൗദിയിൽ എൻജിനിയറായ വർഗീസ് ഏബ്രഹാം ശലോമി ദമ്പതികളുടെ മകനാണ് പ്രിൻസ് ഏബ്രഹാം.



പലപ്പോഴായി ഹൃദയത്തിൽ പ്രകാശിച്ച വരികൾക്ക് ഈണം പകർന്നപ്പോൾ അത് ജീവനുള്ള ഗാനങ്ങളായി. ഈ ഗാനങ്ങൾ ഒരു ആൽബമായി പുറത്തിറക്കിയതാണ് ഏവം (AEVUM) എന്ന ആൽബം. (AEVUM എന്ന ലാറ്റിൻ വാക്കിന് നിത്യത നിനക്കായി എന്നാണർത്ഥം) ആൽബത്തിലെ 15 ഗാനങ്ങളിൽ 14 എണ്ണത്തിന്റെയും രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത് പ്രിൻസ് തന്നെയാണ്.

വേങ്ങൂർ സെന്ററിലെ ആയൂർ തോട്ടത്തറ ഐ.പി.സി സഭാംഗമാണ്. സണ്ടേസ്കൂൾ, വി.വൈ.പി.എ എന്നിവയിൽ സംസ്ഥാനതലത്തിൽ സമ്മാനങ്ങൾ നേടിയിട്ടുണ്ട്. 2003 ലെ ഗുഡ്ന്യൂസ് ബാലലോകം സ്റ്റേറ്റ് വ്യക്തിഗത ചാമ്പ്യനായിരുന്നു. നിത്യതയുടെ പാട്ടുകാരൻ ആകണം എന്നാഗ്രഹിക്കുന്ന പ്രിൻസ് യുവജനങ്ങളെ ക്രിസ്തുവിനായി നേടുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. AEVUM ഓഡിയോ സിഡിയും, ഡിവിഡിയും ക്രൈസ്തവ സംഗീത രംഗത്ത് ചലനം സൃഷ്ടിച്ചു കഴിഞ്ഞു.

## സെന്റർ കൺവൻഷ.ൻ

ആലപ്പുഴ: ഐ.പി.സി ആലപ്പുഴ വെസ്റ്റ് സെന്റർ കൺവൻഷനും സംഗീത വിരുന്നും ജനു.2-6 വരെ നടന്നു. പാസ്റ്റർ ഏബ്രഹാം ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഫിലിപ്പ് പി തോമസ്, പി.സി ചെറിയാൻ, ബി.വർഗീസ്, പി.ജെ ജെയിംസ്, ബേബി വർഗ്ഗീസ്, എൽ.കെ റോയി എന്നിവർ പ്രസംഗിച്ചു. 6ന് നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ ഏബ്രഹാം ജോർജ് തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി.

## അവാർഡ് നേടി



ബറോഡ എം.എസ്.യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി. ഫിസിക്സിൽ 2012 ലെ ഗോൾഡ് മെഡൽ ജോളി മേരി ജോയിക്ക് ലഭിച്ചു. ശാരോൻ തെക്കേ ചരുവിൽ വീട്ടിൽ ജോയി. റ്റി. ദാനിയേലിന്റേയും ശാന്തമ്മ ജോയിയുടെയും മകളും ഐ.പി.സി. ബറോഡ സഭാംഗവുമാണ്.


AUDIO CD

പാസ്റ്റർ കെ.വി.മാത്യു രചിച്ച് സംഗീതം നൽകിയ ശ്രുതിമധുരവും സീയോൻ യാത്രയിൽ ഭക്തന് ആശ്വാസം നൽകുന്നതുമായ ഗാനങ്ങളുടെ സമാഹാരം. ഫെയ്ത്ത് ടു ഫെയ്ത്ത് മിനിസ്ട്രീസ് അവതരിപ്പിക്കുന്നു




പെന്തെക്കോസ്തിൻ വല്ലഭൻ VOL.2

കുമ്പനാട് കൺവൻഷൻ സ്ഥലത്തെ സ്റ്റാളുകളിൽ ലഭിക്കും.

പാസ്റ്റർ കെ. വി. മാത്യു
ഫെയ്ത്ത് ടു ഫെയ്ത്ത് മിനിസ്ട്രീസ്,
വി. കോട്ടയം – 689 656
ഫോൺ: 9447504625



CANADAയിൽ എണ്ണ ഖനന പ്രവശ്യയാകുന്ന Alberta Provinceലെ Edmonton പ്രദേശത്തേക്ക് പുതുതായി കുടിയേറുന്നവർക്ക് ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ഒരു ആരാധനാലയം

മാറാനാഥാ ഗോസ്പൽ ഫെലോഷിപ്പ്
Alberta, Edmonton, Canada.

• മലയാളത്തിൽ ആത്മനിറവിലുള്ള ആരാധന. • അടിസ്ഥാന പ്രമാണങ്ങൾക്ക് ശക്തമായ ഊന്നൽ നൽകുന്ന വചനശുശ്രൂഷ. • സ്വന്തമായ ആരാധനാലയം. • വിശ്വാസത്തിനും കുടുംബ ജീവിതത്തിനും ആത്മീകസൗഹൃദത്തിനും പ്രാധാന്യത നൽകുന്നു. • സ്വതന്ത്രമായ ആരാധനാലയം • തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിൽ ആരാധന • ചിൽഡ്രൻസ് മിനിസ്ട്രി • ശക്തമായ യുവജന പ്രവർത്തനം • അനുഗ്രഹിക്കപ്പെട്ട സണ്ടേസ്ക്കൂൾ സിലബസ് • ഇടദിവസ കൂട്ടായ്മകൾ • ശനിയാഴ്ച കൂട്ടായ്മകൾ • സഹോദരിമാർക്കുള്ള പ്രാർത്ഥന കൂട്ടായ്മകൾ • കൃപാവര ശുശ്രൂഷകളാൽ പരിപോഷിപ്പിക്കപ്പെപ്പെടുന്ന ഉപവാസ കൂട്ടങ്ങൾ • പരസ്യ പ്രവർത്തനങ്ങൾ • വെക്കേഷൻ ബൈബിൾ സ്കൂൾ • ഭാഷാ ദേശ വ്യത്യാസമില്ലാതെ കൂട്ടായ്മയുടെ കരങ്ങൾ. • വിടുതലിനും ആത്മാവിനുമുള്ള ആരാധനയ്ക്കുമായി കഴിഞ്ഞ 30 വർഷമായി ഈ ദേശത്ത് പ്രവർത്തിക്കുന്ന കാനഡയുടെ ലൈസൻസുള്ള ശുശ്രൂഷകൻ പുതുതായി കുടിയേറുന്നവർക്ക് ആവശ്യമായ സഹായങ്ങൾ

വരിക അനുഗ്രഹം പ്രാപിക്കുക, ആത്മാവിൽ സ്വാതന്ത്ര്യത്തോടെ ആരാധിച്ചു ശക്തരായി നമ്മുടെ ദൈവത്തെഎതിരേൽക്കാനൊരുങ്ങാം



Senior Pastor
Pr.Wilson Kadvil Bsc, BA (Bibilical Study)
+1 780 616 40 27
email: maranathapastor@yahoo.ca
WWW.maranathagospelfellowship.com

Pastor Biju George
+1 780 394 5097
+1 780 395 11 24
e-mail: prbijiugeorgemgf@gmail.com
00919447595358 (India)



IN CALGARY
Pastor Sony Mammen +1 403 663 91 25



## 365 ദിവസവും പ്രാർത്ഥനയിൽ



2013 ജനുവരി 1
മുതൽ
ഡിസംബർ 31 വരെ

കേരളത്തിലും, ആന്ധ്രായിലും, തമിഴ്നാട്ടിലും ക്യാൻസർ രോഗം പെരുകുന്നു. ഇവർക്കു വേണ്ടി പ്രാർത്ഥനയിൽ നിങ്ങൾക്കും സഹകരിക്കാം. ദിവസവും 10 മിനിറ്റെങ്കിലും ക്യാൻസർ രോഗികൾക്ക് വേണ്ടി മാത്രം പ്രാർത്ഥിച്ച് ഞങ്ങളോട് സഹകരിക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.

പാസ്റ്റർ ആൻഡ്രൂസ് കെ.ജോർജ്ജ്
PR. ANDREWS K.GEORGE
Ebenezer Home, No2, IInd Cross,
Virathampetu P.O., Mob.09626412571



INTERNATIONAL GROUP - THIRUVALLA
Walk into the Freedom of Luxury Living



INTERNATIONAL Garden Villa
Pullad, Thiruvalla
Our 7th ongoing FLAT PROJECT
International Garden View - Thiruvalla

Gated Community Living
Club House
Children's Play Area
7m & 5m Wide Road
Ample Car Parking Area
Under Ground Cable

For more Details & Booking
Realtrust Builders India (P) Ltd.
(A Sister Concern of International Group)
International Tourist Complex, Pushpagiri Road, Thiruvalla - 689 101
Ph : 0469 - 2600836, 9847054147 Fax : 0469 - 2604271.
E-mail : realtrustgroup@gmail.com Website : www.realtrust.in

Fly with INTERNATIONAL



Our Services :
• Domestic & International Ticketing
• All Types of Visa Processing & Stamping
• Certificate Attestation
• Passport Assistance
• Tour Package & Hotel Booking
• Pilgrim tour to The Holyland (Jordan, Israel, Egypt)

Authorised Agents of :
IATA IAAI

International Tours & Travels
Marthoma Buildings, S.C.S. Jn., Tiruvalla - 689 101, Kerala
Ph : 91 - 469 - 2630255, 2631005 / 006, Fax : 91- 469 - 2604271
E-mail : jerrysjacob@yahoo.com

# ഐ.പി.സി. നോർത്തേൺ

## ഐ.പി.സി.നോർത്തേൺ റീജിയന്റെ ആരംഭവും വളർച്ചയും


*റീജിയൺ കൺവെൻഷനിൽ പാസ്റ്റർ സാമുവൽ ജോൺ പ്രസംഗിക്കുന്നു.*

ഉത്തരേന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലേയും പെന്തെക്കോസ്തു പ്രവർത്തനങ്ങളുടെ ആരംഭവും ഐ.പി.സി.നോർത്തേൺ റീജിയൻ ചരിത്രവും വളരെ ബന്ധപ്പെട്ടു നിൽക്കുന്നു. നിത്യതയിൽ വിശ്രമിക്കുന്ന അപ്പോസ്തലൻ കെ.റ്റി തോമസിന്റെ മാനസാന്തരം ഭാരത പെന്തെക്കോസ്തു ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു. 1956-ൽ ഡൽഹിയിലെ മോത്തിബാഗ് എന്ന സ്ഥലത്ത് അപ്പൊസ്തലൻ കെ.റ്റി.തോമസ് ഒരു സഭാ കൂടിവരവ് ആരംഭിച്ചു. അതാണ് ഡൽഹിയിലെ ആദ്യത്തെ മലയാളി പെന്തെക്കോസ്തു കൂട്ടായ്മ. ആ മലയാളി കൂട്ടായ്മ വളരുവാൻ ആരംഭിച്ചു. പ്രവർത്തനം ക്രമേണ ഹിന്ദിക്കാരുടെ ഇടയിലേക്ക് വ്യാപിച്ചു. കൂടാതെ ഡൽഹിക്ക് അപ്പുറം ഉത്തരേന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലേക്കും വളരുവാൻ തുടങ്ങി. അപ്പോസ്തലൻ കെ.റ്റി. തോമസിന്റെ പ്രവർത്തനങ്ങളുടെ ആരംഭം ഡൽഹിയും ഗുജറാത്തിലെ ജാംനഗറും ആയിരുന്നു. ഭവന സന്ദർശനങ്ങളും പരസ്യയോഗങ്ങളും നടത്തി വിവിധ സ്ഥലങ്ങളിൽ കർത്താവിനെ സാക്ഷിച്ചു. പ്രാർത്ഥനാ കൂടിവരവുകൾ പലയിടങ്ങളിലും ആരംഭിച്ചു. ഈ മീറ്റിംഗുകളിലെല്ലാം ജനങ്ങൾ രക്ഷിക്കപ്പെടുവാൻ തുടങ്ങി. അവിടവിടങ്ങളിലെല്ലാം പിന്നീട് സഭകൾ ആരംഭിച്ചു.

1969 നവംബർ മാസം ഡൽഹിയിൽ വെച്ച് അപ്പോസ്തലൻ കെ.റ്റി തോമസിന്റെ നേതൃത്വത്തിലുള്ള സഭകളുടെ കൺവൻഷൻ നടത്തപ്പെട്ടു. പ്രസ്തുത കൺവൻഷനിൽ കേരളത്തിൽ നിന്നും പാസ്റ്റർ സി.കെ ദാനിയേൽ സംബന്ധിക്കുകയും കെ.റ്റി തോമസ് നേതൃത്വം നൽകുന്ന പ്രവർത്തനങ്ങൾ ഐ.പി.സി നോർത്തേൺ റീജിയൻ ആയി അംഗീകരിക്കുകയും ചെയ്തു. കേരളം ആന്ധ്ര, തമിഴ്നാട്, എന്നിവ കഴിഞ്ഞാൽ ഐ.പി.സി.യുടെ നാലാമത്തെ റീജിയണായിരുന്നു ഇത്. ഐ.പി.സിയുടെ വളർച്ചയുടെ ഒരു നാഴികക്കല്ലായിരുന്നു.

ഉത്തരഭാരതത്തിൽ പെന്തെക്കോസ്തിന്റെ വ്യാപ്തിക്കായി ദൈവം ഉയർത്തിയ ഐ.പി.സി.എൻ.ആറിന്റെ വളർച്ചയുടെ വിശാലതയ്ക്കായി കാലാകാലങ്ങളിൽ അഭിഷക്തരായ അനേകം ദൈവദാസന്മാരെ ദൈവം ഉയർത്തി. ദൈവത്തിന്റെ വിശ്വസ്തത പ്രവർത്തനങ്ങളുടെ വിശാലതയ്ക്ക് കാരണമായി. ഇപ്പോൾ വടക്കേ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വടക്കു കിഴക്ക് സംസ്ഥാനങ്ങളിലും ആന്ധ്രാപ്രദേശിലും നേപ്പാളിലും ഐ.പി.സി നോർത്തേൺ റീജിയന് ശക്തമായ സുവിശേഷപ്രവർത്തനങ്ങളുണ്ട്.

സഭാ പ്രവർത്തനങ്ങളുടെ സുഗമമായ ഭരണനിർവ്വഹണത്തിനായി സഭയെ പത്ത് മേഖലകളായി തിരിച്ചിട്ടുണ്ട്. സമർപ്പണവും ദൈവീക, ദർശനവുമുള്ള ദൈവദാസന്മാർ വിവിധ ഭാഗങ്ങളിൽ ദൈവരാജ്യത്തിന്റെ വിശാലതയ്ക്കായി അഹോരാത്രം അദ്ധ്വാനിക്കുന്നു. സുവിശേഷപ്രവർത്തനങ്ങൾ കൂടാതെ സഭാ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികാസം ലക്ഷ്യമാക്കി വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് ജനവിഭാഗങ്ങളുടെ പൊതുവായ വളർച്ച ലക്ഷ്യമിടുന്നു. പ്രകൃതി ക്ഷോഭങ്ങളും ദുരന്തങ്ങളും ഉണ്ടാകുമ്പോൾ സഭയുടെ സാമൂഹിക ദൗത്യം ഉൾക്കൊണ്ട് ദുരിതബാധിത പ്രദേശങ്ങളിൽ എത്തിച്ചേരുവാൻ ഐ.പി.സി നോർത്തേൺ റീജിയൻ ഉത്സാഹിക്കുന്നു.

സഭാ പ്രവർത്തനങ്ങളിൽ 70% ഉം തദ്ദേശിയരായ ജനവിഭാഗങ്ങളിലാണ്. ഏകദേശം മൂന്നൂറിൽ അധികം ജനവിഭാഗങ്ങളുടെ ഇടയിൽ ഇപ്പോൾ ഐ.പി.സി എൻ. ആറിന് പ്രവർത്തനങ്ങളുണ്ട്.

**IPC NORTHERN REGION**
14, Bhai Veer Singh Marg,
New Delhi-110001.
Ph.: 011-23346318 and 23366125
Email ID : ipcnrg@gmail.com
Website : ipcnr.org

## ഐ.പി.സി.നോർത്തേൺ റീജിയൺ ഭാരവാഹികൾ


പാസ്റ്റർ സാമുവേൽ ജോൺ
*(പ്രസിഡന്റ്)*


പാസ്റ്റർ പി.എം.ജോൺ
*(വർക്കിംഗ് പ്രസിഡന്റ്)*


പാസ്റ്റർ ലാജി പോൾ
*(വൈസ് പ്രസിഡന്റ്, ട്രെയിനിംഗ്&ഡവലപ്പ്മെന്റ്)*


പാസ്റ്റർ സാമുവേൽ തോമസ്
*(വൈസ് പ്രസിഡന്റ് ഓപ്പറേഷൻസ്)*


പാസ്റ്റർ ജി.ജോയിക്കുട്ടി
*(ജനറൽ സെക്രട്ടറി)*


ബ്രദർ പി.ജെ.ജെയ്ക്കബ് *(ജോയിന്റ് സെക്രട്ടറി)*


ബ്രദർ എം.ജോണിക്കുട്ടി
*(ജനറൽ ട്രഷറാർ)*


ബ്രദർ കെ.വി.പോൾ
*(ജോയിന്റ് ട്രഷറാർ)*


*മിഷനറിമാർക്കുള്ള സൈക്കിൾ വിതരണം*

## ഐ.പി.സി. നോർത്തേൺ റീജിയൺ മേഖലകൾ

**1. സെൻട്രൽ സോൺ:** ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങൾ ഉൾക്കൊള്ളുന്നതാണ് സെൻട്രൽ സോൺ. ഏറ്റവും കൂടുതൽ മലയാളം സഭകൾ ഉള്ളത് ഈ സോണിന്റെ കീഴിലാണ്. ഓരോ മലയാളം സഭകളും തദ്ദേശീയരായ ജനവിഭാഗങ്ങളുടെ ഇടയിൽ പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആ പ്രവർത്തനങ്ങൾ ശക്തമായ സഭകളായും മാറുന്നു. ഇതുകൂടാതെ തദ്ദേശിയരായ സുവിശേഷകന്മാരാൽ സ്ഥാപിതമായ അനേകം സഭകൾ ഈ മേഖലയുടെ കീഴിലുണ്ട്. പാസ്റ്റർ ഫിലിപ്പോസ് മത്തായി ഈ മേഖലയ്ക്ക് നേതൃത്വം കൊടുക്കുന്നു.

**2. നോർത്ത് സെൻട്രൽ സോൺ:** ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, മധ്യപശ്ചിമ നേപ്പാൾ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാണ് ഈ മേഖല. സുവിശേഷം കടന്നു ചെന്നിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങളിലാണ് പ്രവർത്തനങ്ങൾ ഏറെയും നേപ്പാളിലെ പ്രവർത്തനങ്ങൾ വളരെ വലിയ വളർച്ചയുടെ പാതയിലാണ്. പാസ്റ്റർ കെ.ജോൺ ഈ മേഖലയ്ക്ക് നേതൃത്വം കൊടുക്കുന്നു.

**3. വെസ്റ്റ് സെൻട്രൽ സോൺ:** മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാണ് ഈ മേഖല. അത്ഭുതങ്ങളാലും അടയാളങ്ങളാലും ഈ മേഖലയിലെ പ്രവർത്തനങ്ങൾ ദിനംതോറും വളരുന്നു. പാസ്റ്റർ ജയ്ക്കബ് ചാക്കോ ഈ മേഖലയ്ക്ക് നേതൃത്വം കൊടുക്കുന്നു.

**4. നോർത്ത് സോൺ:** പഞ്ചാബ്, ജമ്മു കാശ്മീർ, ഹിമാചൽ പ്രദേശ് എന്ന സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നതാണ് ഈ മേഖല. സാമൂഹിക ഉന്നമനവും സഭാവളർച്ചയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുടെ ഫലമായി സഭകൾ അതിവേഗം വളരുന്നു. പാസ്റ്റർ തോമസ് സാമുവേൽ ഈ മേഖലയ്ക്ക് നേതൃത്വം നൽകുന്നു.

**5. ഈസ്റ്റ് സോൺ:** വെസ്റ്റ് ബംഗാൾ, വടക്കുകിഴക്ക് സംസ്ഥാനങ്ങൾ, നേപ്പാളിന്റെ ചില ഭാഗങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഈ മേഖല. ഗോത്രവിഭാഗങ്ങളുടെ ഇടയിൽ ശക്തമായ പ്രവർത്തനങ്ങൾ ഊ മേഖലയുടെ കീഴിലു ണ്ട്. പാസ്റ്റർ പി.ജെ.ജോസഫ് ഈ മേഖലയ്ക്ക് നേതൃത്വം കൊടുക്കുന്നു.

**6. വെസ്റ്റ് സോൺ:** മഹാരാഷ്ട്രാ സംസ്ഥാനം ആണ് ഈ മേഖലയുടെ പരിധിയിൽ വരുന്നത്. ഡൽഹി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മലയാളം സഭകൾ ഉള്ളത് ഈ മേഖലയിലാണ്. മലയാളം സഭകളും മറാഠി സഭകളും അതിവേഗം വളർന്നുകൊണ്ടിരിക്കുന്നു. പാസ്റ്റർ സാമുവേൽ ദാനിയേൽ ഈ മേഖലയുടെ നേതൃത്വം വഹിക്കുന്നു.

**7. നോർത്ത് വെസ്റ്റ് സോൺ:** ഗുജറാത്ത് സംസ്ഥാനം ഉൾക്കൊള്ളുന്ന പ്രവർത്തന മേഖലയാണ് ഇത്. വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന പ്രവർത്തനമാണ് ഈ സോണിനുള്ളത്. ആദിവാസികളുടെ ഇടയിലുള്ള പ്രവർത്തനങ്ങൾ വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്നു. പാസ്റ്റർ പി.ഡി.തോമസ് ഈ മേഖലയ്ക്ക് നേതൃത്വം കൊടുക്കുന്നു.

**8. സൗത്ത് സോൺ:** ആന്ധ്രാ പ്രദേശിലെ പ്രവർത്തനമാണ് ഈ മേഖലയിലുള്ളത്. പാസ്റ്റർ എം.സത്യാനന്ദം ഈ മേഖലയുടെ നേതൃത്വം വഹിക്കുന്നു.

**9. സൗത്ത് സെൻട്രൽ സോൺ:** ഒറീസാ, ജാർഖണ്ഡ് സംസ്ഥാനത്തെ പ്രവർത്തനമാണ് ഈ മേഖലയുടെ കീഴിലുള്ളത്. ശക്തമായ എതിർപ്പുകളും ഭീഷണികളും നേരിടേണ്ടി വരുന്നുണ്ട് എങ്കിലും പ്രവർത്തനം ശക്തമായി മുന്നേറുകയാണ്. പാസ്റ്റർ ജി.ജോയികുട്ടി ഈ സോണിന് നേതൃത്വം കൊടുക്കുന്നു.

**10. ഈസ്റ്റ് സെൻട്രൽ സോൺ:** ബീഹാറിലെയും മധ്യപൂർവ്വനേപ്പാളിലെയും പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ മേഖല. പാസ്റ്റർ വി.റ്റി.തോമസ് ഈ മേഖലക്ക് നേതൃത്വം നൽകുന്നു.


പ്രാദേശിക സഭ


നേപ്പാളിലെ തയ്യൽ പരിശീലന കേന്ദ്രം

# റീജിയൺ വൻ വളർച്ചയിലേക്ക്

## ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്

ഉത്തര ഭാരതത്തിൽ സുവിശേഷ വേലക്കാരെ അയക്കേണ്ടതിന്റെ ആവശ്യകത കർത്താവ് അപ്പോസ്തലൻ കെ.റ്റി.തോമസിന് നൽകിയതിന്റെ ഫലമായി ആരംഭിച്ചതാണ് ഈ സ്ഥാപനം. 1968 മാർച്ച് മാസം 24-ാം തീയതി പാസ്റ്റർ കെ.ഇ.ഏബ്രഹാം പ്രാർത്ഥിച്ച് ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു. നൂറുകണക്കിന് സുവിശേഷകരെ പരിശീലിപ്പിച്ച് വേലയ്ക്ക് അയയ്ക്കുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞു. യുവാക്കളെ സുവിശേഷവേലക്ക് പരിശീലിപ്പിക്കുന്നതിനൊപ്പം ശുശ്രൂഷകന്മാരുടെ വ്യക്തിപരവും ശുശ്രൂഷാപരവുമായ വികാസം ലക്ഷ്യം വച്ചുകൊണ്ട് ഹ്രസ്വകാല മിനിസ്ട്രി സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാ (MSDP) മുകളും നടത്തിവരുന്നു. അവ ലാംഗ്വേജ് ഡവലപ്പമെന്റ് ട്രെയിനിംഗ് പ്രോഗ്രാം, സോഷ്യൽ ഡവലപ്പ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം, ലീഡർഷിപ്പ് ഡവലപ്പ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം, മിനിസ്റ്റീരിയൽ സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, ഡവലപ്പിംഗ് വിമൻ ഫോർ മിനിസ്ട്രി തുടങ്ങിയവയാണ്. പാസ്റ്റർ ഡോ. ലാജി പോൾ ബൈബിൾ സ്കൂളിന്റെ ഡയറക്ടറായിട്ടും പാസ്റ്റർ തോമസ് ശാമുവേൽ പ്രിൻസിപ്പാലായിട്ടും ഇപ്പോൾ സേവനം അനുഷ്ടിക്കുന്നു.

## അപ്പോസ്തലൻ കെ.റ്റി തോമസ്



കൊച്ചുണ്ണി എന്നുവിളിച്ചിരുന്ന കെ.റ്റി തോമസ് 1927 ജൂൺ മാസം 18-ാം തീയതി ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ കല്ലിശ്ശേരി നെല്ലിലേത്ത് ഇടിച്ചാണ്ടിയുടേയും ദീനാമ്മയുടേയും സീമന്തപുത്രനായി ജനിച്ചു. ആത്മീയതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഒരു ബ്രദറൻ കുടുംബമായിരുന്നു തന്റേത് എങ്കിലും ബാല്യത്തിൽ ആത്മിക കാര്യങ്ങൾക്ക് താൻ താല്പര്യം കൊടുത്തിരുന്നില്ല. ഭക്തയായ മാതാവ് തന്റെ മാനസാന്തരത്തിന് നിരന്തരം പ്രാർത്ഥിക്കുക പതിവായിരുന്നു.

മെട്രിക്കുലേഷൻ പാസായതിനു ശേഷം സൈനിക സേവനത്തിലായ കെ.റ്റി തോമസ് ലോകഇമ്പങ്ങളിലേക്ക് കൂടുതൽ ആകൃഷ്ടനായി പിന്നീട് നിരീശരവാദിയായിത്തീർന്നു. 1952-ൽ പുനലൂർ സ്വദേശിയായ വലിയവിള വീട്ടിൽ വി.കെ.കോശിയുടേയും കുഞ്ഞമ്മ കോശിയുടേയും മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ച് കുടുംബജീവിതത്തിൽ പ്രവേശിച്ചു. കുടുംബമായി ഡൽഹിയിൽ താമസം ആരംഭിച്ചു. ഭർത്താവിന്റെ മാനസാന്തരത്തിനായി ഭാര്യ പ്രാർത്ഥന ആരംഭിച്ചു. ആ നാളുകളിലായിരുന്നു 1955-ലെ ബില്ലി ഗ്രഹാമിന്റെ നേതൃത്വത്തിലുള്ള സുവിശേഷയോഗം ഡൽഹിയിൽ നടന്നത്. ഭാര്യയുടേയും മറ്റു ചിലരുടേയും നിർബന്ധത്തിന് വഴങ്ങി സുവിശേഷയോഗത്തിൽ പങ്കെടുത്ത കെ.റ്റി തോമസ് അന്ന് മാനസാന്തരപ്പെട്ടു. തന്റെ മാനസാന്തരം ജീവിതശൈലിയിലും കുടുംബത്തിലും വലിയ മാറ്റങ്ങൾ വരുത്തി. 1956 ജൂലൈ 29ന് പാസ്റ്റർ എം.കെ ചാക്കോച്ചന്റെ കൈക്കീഴിൽ സ്നാനമേറ്റു.

തന്റെ ജീവിതത്തിൽ ലഭിച്ച ആത്മിക വെളിച്ചം എല്ലാ തലങ്ങളിങ്ങളിലും പടരുവാൻ ആരംഭിച്ചു. അന്ന് അന്ധകാരനിബിഢമായിരുന്ന ഡൽഹിയുടെ മുക്കിലും മൂലയിലും സുവിശേഷ സന്ദേശങ്ങളുടെ വെളിച്ചം പരത്തുവാൻ തന്നാൽ ആവോളം അദ്ധ്വാനിച്ചു. ഡൽഹിയുടെ പല സ്ഥലങ്ങളിലും പ്രാർത്ഥനാ കൂടിവരവുകൾ ആരംഭിച്ചു. തന്റെ ഭവനത്തിൽ ആരംഭിച്ച ആരാധനയാണ് മലയാള ഭാഷയിൽ ഡൽഹിയിലെ ആദ്യത്തെ പെന്തെക്കോസ്തു ആരാധന. അനേക അത്ഭുതങ്ങളും അടയാളങ്ങളും ദൈവം ചെയ്ത് തന്റെ ദാസനെ ശുശ്രൂഷയിൽ ഉറപ്പിച്ചു. 1961-ൽ ആത്മാഭിഷേകം പ്രാപിച്ചു. അന്ന് ഏകദേശം രണ്ടു മണിക്കൂറുകളോളം അന്യഭാഷയിൽ പാടുവാനും ആരാധിപ്പാനും തനിക്ക് ദൈവം കൃപ നൽകി.

ഒരു ദൈവീക ദർശനത്തിലൂടെ ഉത്തരഭാരതത്തിൽ തന്നിലൂടെ ദൈവം ചെയ്യുവാൻ പോകുന്ന പ്രവർത്തനങ്ങളെക്കുറിച്ചും തന്റെ ജീവിതത്തെക്കുറിച്ചും വ്യക്തമായ ഒരു വെളിപ്പാട് നൽകി. ദിവ്യദർശനത്തിന് ശേഷം ജോലി രാജി വെച്ച് പൂർണ്ണസമയ ശുശ്രൂഷയ്ക്കായി ഇറങ്ങി. വിശ്വാസത്തിന്റെ പാതയിലൂടെ പ്രവർത്തനം കൂടുതൽ വ്യാപിക്കുകയും ശക്തമാകുകയും ചെയ്തു. 1963 അവസാനം ആയപ്പോഴേക്കും ഡൽഹിയുടെ അയൽ സംസ്ഥാനങ്ങളായ ഹരിയാന, ഉത്തർപ്രദേശ് എന്നീ സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ചു. പരേതനായ പാസ്റ്റർ പി.എം ശമുവേലിനാൽ 1963-ൽ തനിക്ക് ഓർഡിനേഷനും ലഭിച്ചു.

അപ്പോസ്തലൻ കെ.റ്റി തോമസിനും മേരിക്കുട്ടിക്കും ദൈവം അഞ്ചു മക്കളെ നൽകി. മൂന്ന് ആൺമക്കളും (ഒരാൾ മഹത്വത്തിൽ വിശ്രമിക്കുന്നു) രണ്ട് പെൺമക്കളും. ഇവർ വിവിധ നിലകളിൽ കർതൃശുശ്രൂഷയിൽ ആയിരിക്കുന്നു. പ്രവർത്തനത്തിൽ കർമ്മോജ്ജ്വലനും, സൽപ്രവൃത്തികളിൽ ഉത്സാഹിയും, ദൈവമക്കൾക്കും, ദൈവദാസന്മാർക്കും പിതൃവാത്സല്യ ഹൃദയനും, നേതൃത്വ നിരയിൽ കർമ്മ പോരാളിയും, പ്രാർത്ഥനാ ജീവിതത്തിൽ മാതൃകാ വ്യക്തിയുമായിരുന്ന തന്റെ ജീവിതം പരീക്ഷകളെക്കൊണ്ടും പരിശോധനകളെക്കൊണ്ടും നിറഞ്ഞതായിരുന്നുവെങ്കിലും അടിപതറാതെ തന്നെ നിലനിർത്തിയത് ദൈവകൃപ ഒന്നുമാത്രമാണ്. ഭാരത സുവിശേഷീകരണത്തിൽ താൻ ചെയ്ത പ്രവർത്തനവും തന്റെ ശുശ്രൂഷയിൽ വെളിപ്പെട്ടിരുന്ന വിവിധ കൃപാവര ശുശ്രൂഷകളുടെ മഹത്വവും തിരിച്ചറിഞ്ഞ് അപ്പോസ്തലൻ എന്ന പദവി നൽകി 2004-ൽ അദ്ദേഹത്തെ ആദരിച്ചു. 2011 ഏപ്രിൽ മാസം 11-ാം തീയതി തിങ്കളാഴ്ച താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു.



*ബൈബിൾ സ്കൂൾ വിദ്യാർത്ഥികൾ*

## സാമൂഹിക സാമ്പത്തിക പുരോഗതി

### സഭയുടെ ലക്ഷ്യമിടുന്ന ചില പദ്ധതികൾ

### 1. ജീവൻ ജ്യോതി തയ്യൽ സ്കൂളുകൾ



ഡൽഹി, മഹാരാഷ്ട്രാ, ഗുജറാത്ത്, ഒറീസ്സ, വെസ്റ്റ് ബംഗാൾ, എന്നീ സംസ്ഥാനങ്ങളിലും നേപ്പാളിലും സഭയ്ക്ക് തയ്യൽ സ്കൂളുകളുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഭവനങ്ങളിലെ സ്ത്രീകൾക്ക് പരിശീലനം നൽകി ദിനവൃത്തിക്കുള്ള മാർഗ്ഗം കണ്ടെത്താൻ ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ പ്രയോജനം ആയിരക്കണക്കിന് ഭവനങ്ങൾക്ക് ലഭ്യമാകുന്നു. പരിശീലനം നേടുന്നവർക്ക് തയ്യൽ മെഷീനും സൗജന്യമായി നൽകുന്നു

### 2. ജീവൻ ജ്യോതി വിദ്യാഭ്യാസ സഹായ പദ്ധതി




വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ടുള്ള ഒരു പദ്ധതിയാണ്. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളും പാഠപുസ്തകങ്ങളും നൽകുന്നതോടൊപ്പം, ഭാവിക്ക് വ്യക്തമായ ദർശനം നൽകുംവിധം കൗൺസലിംഗും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.

### 3. ജീവൻ ജ്യോതി ബാൽ വികാസ്

നിർധന ഭവനങ്ങളിലെ കുഞ്ഞുങ്ങളുടെ സമ്പൂർണ്ണ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയാണിത്. വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾക്കൊപ്പം ഭക്ഷണം, ശുചിത്വ ഉപകരണങ്ങൾ, വൈദ്യസഹായം എന്നിവ നൽകുന്നു. ഐ.പി.സി.നോർത്തേൺ റീജിയനും കരുണ ബാൽ വികാസും സംയുകതമായിട്ടാണ് ഈ പദ്ധതി നടത്തുന്നത്.

### 4. വരുമാന വർദ്ധന പദ്ധതികൾ (INCOME GENERATION PROJECT)

സാമ്പത്തികമായി പിന്നോക്കം നില്കുന്ന ഭവനങ്ങൾക്ക് എരുമയെ കൊടുക്കുകയും എരുമപ്പാൽ വില്ക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിൽ നിന്ന് അവരുടെ ദൈനം ദിന ചിലവുകൾ നിർവ്വഹിക്കുകയും ചെയ്യുന്നു. തവണകളായി എരുമകളുടെ വിലയുടെ ഒരു ഭാഗം തിരിച്ചടയ്ക്കുന്നത് മറ്റൊരു ഭവനത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് ഉതകുകയും ചെയ്യുന്നു.



## മേഖല പ്രസിഡന്റുമാർ



പാസ്റ്റർ ഫിലിപ്പോസ് മത്തായി (സെൻട്രൽ)



പാസ്റ്റർ കെ.ജോൺ (നോർത്ത് സെൻട്രൽ)



പാസ്റ്റർ ജയ്ക്കബ് ചാക്കോ (വെസ്റ്റ് സെൻട്രൽ)



പാസ്റ്റർ തോമസ് സാമുവേൽ (നോർത്ത്)



പാസ്റ്റർ പി.ജെ.ജോസഫ് (ഈസ്റ്റ്)



പാസ്റ്റർ ശാമുവേൽ ദാനിയേൽ (വെസ്റ്റ്)



പാസ്റ്റർ പി.ഡി.തോമസ് (നോർത്ത് വെസ്റ്റ്)



പാസ്റ്റർ ജി.ജോയിക്കുട്ടി (സൗത്ത് സെൻട്രൽ)



പാസ്റ്റർ എം.സത്യാനന്ദം (സൗത്ത്)



പാസ്റ്റർ വി.റ്റി.തോമസ് (ഈസ്റ്റ് സെൻട്രൽ)

### പാസ്റ്റർ കെ.എം ജോണിന്റെ ഭാര്യ

# ഭക്ത മറിയാമ്മ ജോൺ നിര്യാതയായി



ചങ്ങനാശ്ശേരി: ഐ.പി.സിയുടെ സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ കെ.എം ജോണിന്റെ സഹധർമ്മിണി മറിയാമ്മ ജോൺ (79) 2012 ഡിസംബർ 29ന് നിര്യാതയായി. സംസ്കാര ശുശ്രൂഷ ജനു.5ന് വളഞ്ഞവട്ടം ഐ.പി.സി സെമിത്തേരിയിൽ നടന്നു.

ഐ.പി.സിയുടെ ആദ്യകാല പ്രവർത്തകനും ശക്തനായ സുവിശേഷകനായിരുന്ന ഭക്തൻ കുട്ടിയച്ചന്റെ (പാസ്റ്റർ കെ.എം ചാക്കോ) മകളായി ജനിച്ചു. 12-ാം വയസിൽ രക്ഷിക്കപ്പെട്ടു. പിതാവിന്റെ കൈക്കീഴിൽ സ്നാനപ്പെട്ടു. 14-ാം വയസ്സിൽ പാസ്റ്റർ കെ.എം ജോണുമായുള്ള വിവാഹം നടന്നു. മൂന്ന് ടേം ഐ.പി.സി സ്റ്റേറ്റ് പ്രസിഡന്റും, ഒരു ടേം ജനറൽ ജോയിന്റ് സെക്രട്ടറിയും, 20 വർഷക്കാലം മലബാറിൽ പയനിയർ മിഷണറിയുമായി പ്രവർത്തിച്ചു. ഇപ്പോൾ ഐ.പി.സി ജനറൽ മിനിസ്റ്ററുമായിരിക്കുന്ന പാസ്റ്റർ കെ.എം ജോണിനോടൊപ്പം ആറുപതിറ്റാണ്ടുകാലത്തെ ശുശ്രൂഷ തികച്ചാണ് മറിയാമ്മ ജോൺ യാത്രയായത്.

ഐ.പി.സി സോദരീസമാജം ബൈബിൾ സ്കൂൾ അദ്ധ്യാപിക, മലബാറിൽ സോദരിസമാജം സെന്റർ പ്രസിഡന്റ്, ചെങ്ങന്നൂർ സെന്റർ പ്രസിഡന്റ്, ആലപ്പുഴ സോണൽ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴ സോണിലെ സോദരിസമാജം പ്രവർത്തകരാണ് മറിയാമ്മ ജോണിനെ ഭക്ത മറിയാമ്മ എന്ന് വിളിച്ചത്. ഇത് അവരുടെ വിശുദ്ധ ജീവിതത്തിന് ലഭിച്ച അംഗീകാരമായിരുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് മറിയാമ്മ ജോൺ എന്നും ഒരാശ്വാസമായിരുന്നു.

മക്കൾ: പാസ്റ്റർ രാജു കർമ്മേൽ, സണ്ണി കർമ്മേൽ,വത്സമ്മ, സൗമി.

മരുമക്കൾ: കുഞ്ഞുമോൾ, ബേബി, കോര, ഡോൺ (എല്ലാവരും യു.എസ്.എ)

## ആദരിച്ചു

വെള്ളറട: നെയ്യാർ ഡാം കെ.കെ വിത്സൻ രചിച്ച 'ദൂതർ സൈന്യം മണിയറയിൽ' എന്ന ഗാനത്തിന് തിരുവനന്തപുരം മ്യൂസിക് സിംഫണി ജനു.1ന് തിരുവനന്തപുരം ഗാന്ധി പാർക്കിൽ നടത്തിയ ചടങ്ങിൽ വച്ച് പാസ്റ്റർ കെ.ഒ തോമസ് ഫലകം നൽകി ആദരിച്ചു. പാസ്റ്റർ ദാനിയേൽ കൊന്നനിൽകുന്നതിൽ, ബിജു സക്കായി തുടങ്ങിയവർ പങ്കെടുത്തു.

# പിസിനാക്ക് രജിസ്ട്രേഷൻ പുരോഗമിക്കുന്നു

ന്യൂയോർക്ക്: 31-ാമത് നോർത്തമേരിക്കൻ പെന്തെക്കോസ്ത് കോൺഫ്രൻസിന്റെ ഓൺലൈൻ രജിസ്ട്രേഷൻ പുരോഗമിക്കുന്നു. അമേരിക്കയുടെ സ്വാതന്ത്ര്യദിനമായ ജൂലൈ 4നാണ് കോൺഫ്രൻസ് ആരംഭിക്കുന്നത്. കോൺഫ്രൻസ് ഹാളിനോടടുത്തു തന്നെ താമസസൗകര്യം ലഭിക്കുന്നതിനായി കോൺഫ്രൻസിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ എത്രയും വേഗം രജിസ്ട്രേഷൻ നടത്തണമെന്നും ഭാരവാഹികൾ അറിയിച്ചു.

ഉദ്ഘാടന ദിവസം കടന്നു വരുന്നവർക്കായി പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന മ്യൂസിക് ബാന്റ് സംഗീതം ആലപിക്കുന്നതോടൊപ്പം വിവിധ ഗവണ്മെന്റ് തലങ്ങളിലായിരിക്കുന്നവരെ അവരെ യൂണിഫോമോടു കൂടി ആദരിക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കുന്നുണ്ട്. യുവജനങ്ങൾക്കായി ഒരുക്കിയിരിക്കുന്ന മ്യൂസിക് ബാന്റ് സ്പോർട്സ് വിജയികൾക്ക് സമ്മാനം നൽകി ആദരിക്കുന്നാണ്.

കോൺഫ്രൻസ് ഭാരവാഹികളായി റവ.ഡോ.സണ്ണി ഫിലിപ്പ് (നാഷണൽ കൺവീനർ), രാജൻ ആര്യപ്പള്ളിൽ (നാഷണൽ സെക്രട്ടറി), ജോയിസ് പി മാത്യൂസ് (നാഷണൽ ട്രഷറർ), ആഷിഷ് ജേക്കബ് (യൂത്ത് കോർഡിനേറ്റർ, പാസ്റ്റർ ജോർജ് സാംകുട്ടി (പ്രയർ കോർഡിനേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു. ലോക്കൽ മീഡിയാ കോർഡിനേറ്ററായി ബോവസ് ചാക്കോ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്; www.pcnak.com

# ജനറൽ കൺവൻഷൻ



*പാസ്റ്റർ ജോൺ വർഗീസ്*

കരിക്കം: സായാഹ്നദീപം ദൈവസഭയുടെ 48-ാമത് ജനറൽ കൺവൻഷൻ ജനുവരി 9-13 വരെ കരിക്കം ബഥേൽ ടാബർനാക്കിളിൽ നടക്കും. സഭാ പ്രസിഡന്റ് പാസ്റ്റർ ജോൺ വർഗീസ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കും. വിത്സൻ ചാർളി, സബ് ജഡ്ജ് ഇവാ. പി.വി.ജെയിംസ്, ഇവാ.എം.എസ്.നായർ, പാസ്റ്റർ എൻ.കെ.ബോവസ്, പാസ്റ്റർ ഫൻവൻജാ, ഡോ.ഐ.എം. സാജു എന്നിവരാണ് മറ്റു പ്രസംഗകർ. കൺവീനർമാരായ പാസ്റ്റർമാരായ എൻ.കെ.ബോവസ്, എം.ആർ. ഹാർലന്റ്, ബിജു ജെ.വർഗീസ്, ബ്രദ. സി.നിത്യാനന്ദൻ എന്നിവരുടെ നേതൃത്വത്തിൽ കമ്മറ്റി പ്രവർത്തിക്കുന്നു.


NEW LIFE BIBLICAL SEMINARY

Accredited by Asia Theological Association (ATA)

Application Invited from born again Young People with definite call and commitment for the Lord's work

Residential Programs ...

**Master of Theology (M.Th in Missiology)**
Two years residential program for the B.D. & M.Div holders with B+ grade

**Master of Divinity (M.Div)**
Three years program for the university graduates
Two years for the qualified B.Th holders with B grade

**Bachelor of Theology (B.Th) & Bachelor of Arts (B.A)**
From a recognized university, Three years program in English & Malayalam medium for the +2 holders or equivalent

**Diploma in Theology (Dip.Th English)**
Two years program in English for the candidates with 10th Pass

**Graduate in Theology (G.Th Malayalam)**
Three years program for the candidates with S.S.L.C (N.L.B.S Program)

**Distance education**
Master of Divinity (M.Div) (ATA Accredited)
Application invited from university graduates B.Th with B grade degree holders mature candidates (Both men and Women).

Next academic Year Commences From April 20th, 2013

For Prospectus & Further details Please Send M.O. of Rs. 100/-, For M.Th Prospectus & Further details Please Send M.O. of Rs. 250/-

The Registrar, New Life Biblical Seminary, Cheruvakkal P.O., Ayoor 691533, Kollam, Kerala, India. PH : 0474 - 2671112, 2671113, 9447236394, 9447766316
E - mail: newliferegistrar@gmail.com, newlifebs2008@hotmail.com, newlifebs2008@gmail.com. Visit us on : www.nlbs.org



STEPHEN
(Proprietor)

VANCOUVER ROOFING

Gate,
Grills,
Roof Works,

വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം



MISPA
ENGINEERING WORKS

THAMARAL,
KARAKKAL, THIRUVALLA.
Mob:9744627979





ചിതലരിക്കാത്ത ചിന്തകൾ

ജോൺസൺ സാമുവേൽ കണ്ണൂർ എഴുതിയ ഏറ്റവും പുതിയ ഗ്രന്ഥം




വില -75/-

കാലഘട്ടങ്ങൾ നിരവധി പിന്നിട്ടെങ്കിലും മനുഷ്യമനസ്സുകളിൽ നിന്നും മായാതെ നിൽക്കുന്ന മൊഴിമുത്തുകളുടെ അപൂർവ്വ സമാഹാരം...

- ജീവിതത്തിന്റെ പച്ചയായ യാഥാർത്ഥ്യങ്ങൾ തൊട്ടുണർത്തുന്ന ഹൃദയ സ്പർശിയായ ചിന്തകൾ...
- വർത്തമാന കാലഘട്ടത്തിലുള്ളവരും കാല യവനികയ്ക്കുള്ളിൽ മറയപ്പെട്ടവരും ആയ ദൈവദാസന്മാരുടെ ചിന്താരത്നങ്ങൾ...
- കാനം അച്ചൻ, സാജു മാത്യു തുടങ്ങിയവരുടെ നർമ്മം കലർന്ന വാക്കുകൾ... പരേതനായ പാസ്റ്റർ വി.എ തോമസ്സിനെ പോലുള്ളവരുടെ കുറിക്കു കൊള്ളുന്ന പ്രയോഗങ്ങൾ...
- ഇവകൂടാതെ സുകുമാർ അഴിക്കോട്, ഡോ. ഡി. ബാബു പോൾ, പൂന്താനം, കുഞ്ഞുണ്ണിമാഷ് മുതലായ സാഹിത്യകാരന്മാരുടെ ഉദ്ധരണികൾ...
- പതിമൂന്ന് വർഷത്തെ പരിശ്രമം കൊണ്ട് ശേഖരിച്ച് എടുത്ത ഗ്രന്ഥം...

പുസ്തകം ആവശ്യമുള്ളവർ ബന്ധപ്പെടുക

Pr. TJ Lawrence
Thannikote House
PC Kavala (P.O)
Changanachery
Kotayam
Pin : 686537
Mob: 9961538054

Edison Publication Thiruvalla

എല്ലാ കൺവൻഷൻ സ്റ്റാളുകളിലും ലഭ്യമാണ്.



യേശുക്രിസ്തുവിന്റെ മദ്ധ്യാകാശവരവും ഭാവികാല ശാസ്ത്രവും




സ്വർഗ്ഗം മുതൽ ത്രിതല സ്വർഗ്ഗം, പാതാളം, വിശുദ്ധിയും വേർപാടും, പുനരുത്ഥാനം, ക്രിസ്തുവും സഭയും, സഭയും ആത്മാവും, കർത്താവിന്റെ വരവിന്റെ നാലു തലങ്ങൾ, ഹർമ്മഗദോൻ യുദ്ധം, ജാതികളുടെ ന്യായവിധി, സഹസ്രാബ്ദ വാഴ്ച, കുഞ്ഞാടിന്റെ കല്യാണം, നരകം, അന്ത്യനായവിധി, പുതുവാന ഭൂമി, എന്നീ വിഷയങ്ങളെക്കുറിച്ചുള്ള സമഗ്ര പഠനം

175 പേജ്
വില 100 രൂപ

*പുസ്തകം ലഭിക്കുന്ന സ്ഥലങ്ങൾ*

പാസ്റ്റർ ജോർജ്ജ് മണിയാറ്റ് (M.T.George),
Maniyattu Villa, Pullad, Ph:0469-2660834, 9947904461
OM Books Printing & Publishing
കുമ്പനാട് ഹെബ്രോൺ, സി.എസ്.എസ്.തിരുവല്ല,
പത്തനംതിട്ട ജി.എൽ.എസ്.

## മരുഭൂമിയെ ഉദ്യാനമാക്കി മാറ്റാൻ ആത്മ കരുത്തോടെ

THE INDIA PENTECOSTAL CHURCH OF GOD KUMBANAD, KERALA

# ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്റർ 6–ാം വർഷത്തിലേക്ക്

## മരുഭൂമിയിൽ ഖേജഡി പൂക്കുന്നു. 2018 – ൽ 1000 സഭകൾ 10 ലക്ഷം വിശ്വസികൾ

ദർശനത്തിന് ഒരവധി വച്ചിരിക്കുന്നു. അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു സമയം തെറ്റുകയുമില്ല... കാത്തിരിക്ക. അത് വരും നിശ്ചയം താമസിക്കുകയില്ല എന്ന് ഹബുക്കൂക്ക് പ്രവാചകൻ പറഞ്ഞത് ക്രിസ്തുവിന്റെ രണ്ടാം വരവിനെ ഉദ്ദേശിച്ചാണെങ്കിലും ഐ. പി. സി. രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്ററിനെ സംബന്ധിച്ചിടത്തോളം 2018 നുള്ളിൽ 1000 സഭകളും 10 ലക്ഷം വിശ്വസികളും എന്ന വിശാല ദർശനത്തിന്റെ പ്രചോദനമായാണ് അതിനെ കാണുന്നത്.

ഊതിപ്പെരുപ്പിച്ച കണക്കുകളില്ലാതെ പറയട്ടെ, ദർശന പൂർത്തിയുടെ പാന്ഥാവിലൂടെ IPC RSMC അതിദ്രുതം വളരുകയാണ്. സർവ്വശക്തനായ ദൈവം ദർശനത്തിലൂടെ തന്റെ ഹിതം നമുക്ക് വെളിപ്പെടുത്തിതരുമ്പോൾ അതിൽ തെല്ലും അവിശ്വസിക്കേണ്ടതില്ല. അഞ്ച് വർഷങ്ങൾക്കു മുമ്പ് IPC RSMC സ്ഥാപിക്കുമ്പോൾ വിരലിലെണ്ണാവുന്ന സഭകളും വേലക്കാരുമായി ഈ വലിയ ദർശനം സാഫല്യമാകുമോ എന്ന് ചിലരെങ്കിലും സംശയിച്ചത് സ്വാഭാവികമായിരുന്നു. എന്നാൽ വിശ്വാസത്തോടെ ദൈവസാന്നിധ്യത്തിന്റെ അതിശക്തമായ പ്രഭാവത്തോടെ പ്രവർത്തനോൽസുകരായ ക്രിസ്തുവിന്റെ കൂട്ടുവേലക്കാർ വിഭിന്നവും വിചിത്രവുമായ രാജസ്ഥാനിലെ ഗ്രാമ – നഗര സംസ്കാരത്തിലേക്കും ഗ്രാമീണ ശൈലികളിലേക്കും ഇറങ്ങിയതിന്റെ ഫലമായി –

*മരുഭൂമിയിൽ ഖേജഡി*
*പൂത്തു തുടങ്ങിയിരിക്കുന്നു.!!*

വലിയ മഴയുടെ തുടക്കമുണ്ട് (1 രാജ 18:41) എന്ന് പ്രവാചകൻ പറയുമ്പോൾ രാജസ്ഥാന്റെ ഊഷര ഭൂമിയിൽ ദൈവവചനം മഴ പോലെ പെയ്തു തുടങ്ങിയിരിക്കുന്നു. കലുഷിതവും അശാന്തവും പ്രത്യാശയുമില്ലാതെ കൊടിയ വരൾച്ചയിലായിരുന്ന ജനം സുവിശേഷത്തിന്റെ പെരുമഴയുടെ അനുഗ്രഹത്താൽ ഉണരുകയാണ്. അതേ; മരുഭൂമിയിൽ മഴപെയ്യുന്നു. മഴ പെയ്ത മരുഭൂമിയിൽ ഖേജഡി മരങ്ങൾ പൂത്തിരിക്കുന്നു.

ഇലയും മുള്ളും കളഞ്ഞ് കളപ്പുരയിൽ കൂട്ടിവയ്ക്കുന്ന സാംഗരി വളരെ വിലപ്പെട്ടതാണ്. മുൾപ്പടർപ്പിലെ ഈ വിസ്മയങ്ങളിലേക്ക് തലപ്പാവ് ധരിച്ച് ഒട്ടകപ്പുറത്തേറി, സാംഗരി തേടിപ്പോകുന്ന ഗ്രാമീണരെപ്പോലെ,

അസംഖ്യമായി വിരിഞ്ഞുപൊട്ടുന്ന സാംഗരിയിലും– സകലത്തിലും വിലയേറിയ ആത്മാക്കളെ തേടിപ്പോകാൻ ഈ കൊയ്ത്തിലേക്ക സാഹർഷം വേലക്കാരായി പോകാൻ കൊയ്ത്തിന്റെ യജമാനൻ നിങ്ങളെ വിളിക്കുന്നു. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും സന്നദ്ധതയുടെയും മെതിയടി ധരിച്ച് സമാധാന സുവിശേഷവുമായി നടന്നും ഒട്ടക വണ്ടിയുമേറി ക്രിസ്തുവിനായി പെരുത്ത മീൻകൂട്ടമുള്ള വല വലിച്ചുകയറ്റാൻ, പ്രിയ മാതാപിതാക്കളെ നിങ്ങളുടെ കുഞ്ഞിനെ അയയ്ക്കുമോ? പ്രിയ യുവാവേ, താങ്കളെപ്പോലെ പ്രേഷിത വാഞ്ചയുള്ള, പ്രവർത്തന തീഷ്ണതയുള്ള, ദൈവീക ദർശനമുള്ള യുവാക്കൾ പ്രതികൂല ഭാഷാ – സംസ്ക്കാര – ഭൂപ്രകൃതിയിലേക്ക് ഇറങ്ങിതിരിച്ചതിന്റെ മനോഹരമായ പരിണിത ഫലങ്ങളാണ് ഉത്തരേന്ത്യൻ സഭകൾ , നമ്മുടെ പ്രശംസാ കിരീടങ്ങളായി നിൽക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ പ്രേക്ഷിത വാഞ്ചയുള്ള കേരളത്തിലെ ദൈവമക്കളുടെ കരപരിചരണത്താൽ പരിശുദ്ധാത്മാവ് കടഞ്ഞെടുത്ത മനോഹര പാത്രങ്ങളാണ് രാജസ്ഥാൻ അടക്കമുള്ള സംസ്ഥാനങ്ങളിലെ സഭകൾ.

2018 ലേക്ക് 1000 സഭകളും 10 ലക്ഷം വിശ്വാസികളും എന്ന സാഫല്യമായിക്കൊണ്ടിരിക്കുന്ന ദർശന നിവൃത്തിയിലേക്ക് നടന്ന് കയറണമെങ്കിൽ 1000 സഭയ്ക്ക് 1000 വേലക്കാരുണ്ടായാലേ കഴിയൂ. ഒരിക്കൽകൂടി നമുക്ക് അര മുറുക്കാം. ആ ആയിരത്തിലൊരാളായി തീരാൻ –

ദൈവവേലയ്ക്കായ് സമർപ്പിതരായ പ്രിയ യുവാക്കളെ ഇന്ന് തന്നെ തീരുമാനമെടുക്കുക. വെള്ളത്തിനരികത്തെല്ലാം വിതയ്ക്കയും കാളയേയും കഴുതയേയും അഴിച്ചുവിടുകയും ചെയ്യുന്നവരെ, നിങ്ങൾക്ക് ഭാഗ്യം (യര 32:20).

### STATE EXECUTIVE MEMBERS 2012 - 2015


Dr. George C. Varghese
President (Dallas)


Pr. Sam George
Vice President (Kota)


Pr. P.M. Thomas
Secretary (Jodhpur)


Br.Sam Thomas
Jt. Secretary (Kota)


Br. Binu T. Mathew
Treasurer (Jaipur)

### STATE PYPA EXECUTIVE MEMBERS 2012 - 2015


Pr. Animon T.
President (Dholpur)


Evg. Simon Thomas
Vice President (Bikaner)


Br. Anil George
Secretary (Jaipur)


Br.Shiju Abraham
Jt. Secretary (Jaipur)


Br. Johnson Baby
Treasurer (Jaipur)

## എളിയ നേതൃത്വത്തിന് കീഴിൽ ആറാം വർഷത്തിലേക്ക്

പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് അന്യമായിക്കൊണ്ടിരിക്കുന്ന സേവന നേതൃത്വ പാതയാണ് ഡോ. ജോർജ്ജ് സി. വർഗ്ഗീസ് കോർഡിനേറ്ററായി പ്രവർത്തിക്കുന്ന ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്ററിൽ അവലംബിച്ചിരിക്കുന്നത്. അദ്ദേഹം അമേരിക്കയിൽ ശുശ്രൂഷയിൽ ആയിരിക്കുമ്പോഴും രാജസ്ഥാൻ സന്ദർശിച്ച് ആഴ്ചകളോളം ഇവിടെ താമസിച്ച് ഫീൽഡുകളിലെ വൈവിധ്യങ്ങളിലൂടെ കടന്ന് പോകുകയും ശുശ്രൂഷകർക്ക് വേണ്ടുന്ന പ്രോത്സാഹനവും സഹായവും ചെയ്യുകയും ചെയ്യുന്നു.

ഡോ. ജോർജ്ജ് സി. വർഗ്ഗീസിന്റെ അസാന്നിധ്യത്തിൽ ഐ. പി. സി. രാജസ്ഥാൻ സ്റ്റേറ്റിന്റെ ഭരണചക്രം, പാസ്റ്റർ സാം ജോർജ്ജ് വേങ്ങൂരിന്റെ സൗമ്യകരങ്ങളിലാണ് ഇദ്ദേഹത്തിന്റെ ദീർഘ വീക്ഷണമാണ് ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റിനെ വിജയ ഭ്രമണ പഥത്തിന്റെ ഔന്നത്യത്തിലേക്കുള്ള കുതിപ്പെന്ന് നിസംശയം പറയാം.

പാസ്റ്റർ പി.എം. തോമസ് സർവ്വ സമ്മതനായി സ്റ്റേറ്റിന്റെ സെക്രട്ടറി സ്ഥാനം അലങ്കരിക്കുമ്പോൾ അനുഭവ സമ്പത്തിന്റെ കരുത്തിൽ സുവിശേഷ മഴ പെയ്ത് ഇറങ്ങുകയാണ്. അഞ്ചുവിധ ശുശ്രൂഷാ മണ്ഡലത്തിലായാലും വ്യക്തി സുവിശേഷം അറിയിക്കണമെന്ന് അദ്ദേഹം ജീവിതത്തിലൂടെ നമ്മേ ഗ്രഹിപ്പിക്കുന്നു.

ഇങ്ങനെ എളിയ നേതൃത്വത്തിലൂടെ , ഇവരുടെ കർമ്മ കുശലതയുടെയും ആത്മീക പരിപക്വതയുടെയും പന്ഥാവിലൂടെ, ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്റർ/ നിങ്ങളുടെ പ്രാർത്ഥനയും പ്രോത്സാഹനവും ഞങ്ങൾ തുടർന്നും കാംക്ഷിക്കുന്നു.

ക്രിസ്തുവിൽ സഹോദരൻ
**ഇവാ. സണ്ണി കെ. തോമസ്,**
സുജാൻഗഡ്

## ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് 5–ാമത് ജനറൽ കൺവൻഷൻ സംയുക്ത ആരാധനയിലെ കർത്തൃമേശ, സ്നാനശുശ്രൂഷ, ഗ്രാജുവേഷൻ എന്നിവയുടെ ദൃശ്യങ്ങൾ








## രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്റർ പുരോഗമന പാതയിൽ

ആറാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന ഐ.പി.സി രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്റർ വളർച്ചയിലേക്ക് കുതിക്കുകയാണ്. അഞ്ച് വർഷങ്ങളിലായി നടത്തിയ പ്രവർത്തന ഫലമായി 65 കൂട്ടായ്മകളുമായി ഈ പ്രസ്ഥാനം 1000 സഭകളും 10 ലക്ഷം വിശ്വാസികളും എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയാണ്. ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരീ സമാജം തുടങ്ങിയവ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബൈബിൾ ട്രെയിനിംഗ് സെന്ററിലൂടെ അനേക ദൈവമക്കൾ പരിശീലനം പൂർത്തിയാക്കി വിവിധ ഇടങ്ങളിൽ പ്രവർത്തനനിരതരായിരിക്കുന്നു. പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും നയിക്കുകയും ചെയ്യുന്ന പാസ്റ്റർ ജോർജ്ജ് സി. വർഗ്ഗീസ്, സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികൾ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനങ്ങൾ ക്ക് നിങ്ങളേവരുടെയും പ്രാർത്ഥനയ്ക്കായി അപേക്ഷിച്ചു കൊണ്ട്,

ഐ.പി.സി രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്ററിനു വേണ്ടി,
ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,
**പാസ്റ്റർ പി.എം. തോമസ്** *(സെക്രട്ടറി)*

## ഐ.പി.സി. രാജസ്ഥാൻ ബൈബിൾ ട്രെയ്നിംഗ് സെന്റർ

ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് മിഷൻ സെന്ററിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ഐ.പി.സി. രാജസ്ഥാൻ ബൈബിൾ ട്രെയ്നിംഗ് സെന്ററിൽ ജൂലൈ ആദ്യ വാരം മുതൽ ആരംഭിക്കുന്ന 2013 – 2014 ബാച്ചിൽ ചേർന്ന് പഠിക്കുവാൻ ആഗ്രഹിക്കുന്ന ബൈബിൾ കോളേജ് ബിരുദധാരികളായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

രാജസ്ഥാനിൽ കർത്താവിന്റെ വേലയ്ക്കായി വിളിയും ദർശനവും അതിനായി സമർപ്പിക്കപ്പെട്ടവരും ട്രെയിനിംഗിനു ശേഷം ഐ.പി.സി. രാജസ്ഥാൻ മിഷൻ സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുവാൻ തീരുമാനം ഉള്ളവരുമായവർ മാത്രം ജൂൺ 15 – നു മുമ്പായി അപേക്ഷിക്കുക. താമസം, ഭക്ഷണസൗകര്യം ഇവ സൗജന്യം

*ഇ–മെയിൽ മുഖേനയും അപേക്ഷകൾ സ്വീകരിക്കും.*

**PASTOR SAM GEORGE VENGOOR**
**I.P.C Hebron Kota . 12 , Gopal Vihar II , Police Line ,**
**Baran Road , Kota-01 RAJ. (India)**
**Tel :0744 - 2331549 Mob: 09829152916 Email: ipcrajasthanstate@gmail.com**

## ഐ. പി.സി രാജസ്ഥാൻ മിഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ

1. സഭാ സ്ഥാപനവും പരിപാലനവും
2. ശുശ്രൂഷക സമ്മേളനം.
3. വാർഷിക കൺവൻഷൻ
4. ബൈബിൾ ട്രെയിനിംഗ് സെന്റർ.
5. യുവജന ക്യാമ്പുകളും സെമിനാറുകളും.
6. സണ്ടേസ്കൂൾ, പി.വൈ.പി.എ. സോദരീ സമാജം പ്രവർത്തനങ്ങൾ.
7. ജീവകാരുണ്യ പ്രവർത്തനങ്ങൾ.
8. നിർദ്ധനരായ കുട്ടികൾക്ക് സൗജന്യ പഠനോപകരണ വിതരണം.
9. ഗ്രാമീണ സുവിശേഷീകരണ പ്രവർത്തനങ്ങൾ.

*എല്ലാ ദൈവമക്കളുടെയും*
*സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്*

**കൂടുതൽവിവരങ്ങൾക്ക്:**
**Dr. George C. Varghese (President), Ph: 0019726791127**
**Pr. Sam George (Vice President), Ph: 09829152916**
**Pr. P.M. Thomas (Secretary), Ph: 09928739150**
**Br. Binu T . Mathew (Treasurer), Ph: 09829124880**

**I.P.C. RAJASTHAN STATE MISSION CENTRE, B - 50 GANESH NAGAR , NEW SANGANEER ROAD, SODALA , JAIPUR, RAJASTHAN 302019**
**TEL: 0141 - 2290271 , M. 09829152916. Email: ipcrajasthanstate@gmail.com www. ipcrajasthanstate.org**

# Church of God (Full Gospel) In India
## Mumbai CST (VT CHURCH)

സി. എസ്. ടി. റെയിൽവേ സ്റ്റേഷനു സമീപം Bai Kabibai School A/C Auditorium, 26 Bora Bazar Street, Fort

✶ ആത്മനിറവിൻ ആരാധന ✶ പ്രെയ്സ് & വർഷിപ്പ്
✶ പ്രാർത്ഥന ✶ ആഴമേറിയ വചനശുശ്രൂഷ
✶ രോഗശാന്തി ശുശ്രൂഷ ✶ വിടുതൽ
✶ ഹൃദ്യമായ കൂട്ടായ്മ

Sunday Worship Service
രാവിലെ 9 മണി മുതൽ 1 മണി വരെ
Malayalam & English Service

മുംബൈയുടെ ഹൃദയഭാഗത്ത്
55 വർഷങ്ങൾ പിന്നിട്ട മലയാളി
പെന്തക്കോസ്ത് സഭ.
✶ ✶ ✶ ✶ ✶
പുതുവത്സരാശംസകൾ
2013

✶ പ്രയർ സെൽ
✶ സണ്ടേസ്കൂൾ
✶ യൂത്ത് മീറ്റിംഗ്
✶ ലേഡീസ് മീറ്റിംഗ്
✶ നേഴ്സസ് മീറ്റിംഗ്
✶ ഡെലിവറൻസ് മീറ്റിംഗ്
✶ ഉപവാസ പ്രാർത്ഥന
✶ കൗൺസിലിംഗ്

മുംബൈ പട്ടണത്തിൽ
എത്തുന്നവർക്ക്
ആത്മീയ ആരാധനയ്ക്കായി
സ്വാഗതം!

For More details please contact

Pastor Reji Samuel- 09769130005 , Bro. Abraham Kurian-09869506050, Bro. James Philip -09821142588
022 - 25251326

VT Church, Church of God in India (Mumbai CST), E-mail: churchofgodvt@gmail.com



UPGRADE YOUR NURSING CAREER TO A HIGHER LEVEL

# M.Sc Nursing
# P.C.B.Sc
Regular & Correspondance
LEAST PACKAGE

Last Chance To Enroll This Year


For Booking, Visit Our Stall @ KUMBANAD CONVENTION

PHARM-D, MBBS, BDS, BAMS, B.Sc Radiology, Speach & Hearing, Anaesthesia Technology,Perfusion Technology, B.Arch, Engineering, Nursing, Pharmacy

For Admissions call @ 9847143030/ 9447413000

DISHAA FOUNDATION
HELPING YOU REACH YOUR DREAM CAREER

2nd Floor, Sangaramangalam Bldg., Tiruvalla
Ph: 0091-469-3250555, 3268555
Email: dishaafoundation@hotmail.com
www.dishaafoundation.com



# Hallelujah Matrimonial



**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

**ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.**

**93495 00155, 0469-3290355**

---

മേനോൻ കുടുംബത്തിൽ നിന്നും ഏകയായി വിശ്വാസത്തിൽ വന്ന B.Sc Nurse, 26, 5'3. സൗദിയിൽ ജോലി ചെയ്യുന്നു. നല്ല വെളുത്ത നിറം, സുന്ദരി. ആത്മീയ തീഷ്ണയുള്ള പെൺകുട്ടി. ആത്മീയരായിട്ടുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9496161443, 9605640298**

---

പെന്തെക്കോസ്ത് യുവാവ് 33, 5'5, +2, Diploma in Mission, BTh, BA in Ministry. സുവിശേഷകൻ. പ്രൊഫഷണൽ വിദ്യാഭ്യാസം (Nursing/Engineering) ഉള്ളതും സുവിശേഷവേലക്ക് സമർപ്പണമുള്ളവരുമായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**09847683343**
**rajeshre1979@gmail.com**

---

**REMARRIAGE**
സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് 31/182, MSc Nurse (ബാധ്യതകളില്ല) വിദേശത്തോ സ്വദേശത്തോ Professionally qualified ആയ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. അവിവാഹിതയേയും പരിഗണിക്കും.
**8281615427, 8892279277**

---

കത്തോലിക്ക വിഭാഗത്തിൽ നിന്നും കുടുംബമായി വിശ്വാസത്തിലേക്ക് വന്ന പെന്തെക്കോസ്ത് യുവതി 26, 163 സെമീ, B.Sc. Nurse അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9447448056, 9656933175**
**jickjohn056@gmail.com**

---

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി, 31, 164, ഡൽഹിയിൽ ഓഫീസ് അസിസ്റ്റന്റ്, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 08750321815, 09654192313**

---

പെന്തെക്കോസ്ത് യുവതി 24, 5'1, എൽ.പി.സ്കൂൾ അദ്ധ്യാപിക (ഗവ.) അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഹിന്ദു ബാക്ക്ഗ്രൗണ്ടിലുള്ളവരേയും പരിഗണിക്കും.
**9995063191, 9496206703**

---

സിറിയൻ പെന്തെക്കോസ്ത് യുവാവ് 32, 5'7, സാമാന്യ വിദ്യാഭ്യാസം, ഇടത്തരം കുടുംബം, ഒരു സ്ഥാപനത്തിൽ ഇലക്ട്രോണിക്സ് സംബന്ധമായ ജോലി ചെയ്യുന്നു. സാമാന്യ വിദ്യാഭ്യാസമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9495495904**

---

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് പെന്തെക്കോസ്ത് വിശ്വാസത്തിലുള്ളതും ഇപ്പോൾ ഡൽഹിയിൽ ജോലി ചെയ്യുന്നതുമായ (GNM Nurse) 25, 5'7, അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. ഡൽഹിയിൽ ജോലിയുള്ളവർക്ക് മുൻഗണന.
**09567587765, 09990728722**
**ebenezerbk@gmail.com**

---

R.C.യിൽ നിന്നും വിശ്വാസത്തിലേക്ക് വന്ന യുവാവ് 25, 5'4, (Tile work) ആത്മീയരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**9496161443, 9605640298**

---

**പുനർവിവാഹം**
നാടാർ പെന്തെക്കോസ്ത് യുവാവ് 36, വെളുത്ത നിറം, സുമുഖൻ, കാഴ്ചശക്തി കുറവുണ്ട്. സ്വന്തമായി വീടും അനുബന്ധ സൗകര്യങ്ങളുമുണ്ട്. സുവിശേഷ പ്രവർത്തനത്തോടൊപ്പം ജോലിയും ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചന ക്ഷണിക്കുന്നു. ഡിമാന്റുകൾ ഇല്ല. ജാതി പ്രശ്നമല്ല, കുട്ടികളുണ്ടാകാത്ത സ്ത്രീകളെയും പരിഗണിക്കും.
**ഫോൺ: 9496118359, 9048631586**

---

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 28, 5'2" ജി.റ്റി.എച്ച് (ഗ്രാജുവേഷൻ ഓഫ് തിയോളജി, ഇപ്പോൾ സുവിശേഷ വേല ചെയ്തു കൊണ്ടിരിക്കുന്നു). സുവിശേഷവേല ചെയ്തു കൊണ്ടിരിക്കുന്നതോ, സുവിശേഷവേലക്ക് സമർപ്പിക്കപ്പെട്ടവരോ ആയ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. നോർത്ത് ഇന്ത്യൻ മിനിസ്ട്രിക്ക് സമർപ്പണമുള്ളവർക്ക് മുൻഗണന. ഡിമാന്റില്ല.
**9495470615**

# തിരഞ്ഞെടുപ്പ് ചൂടിൽ

*1-ാം പേജ് തുടർച്ച*

ച്ചബിൾ' ആണെന്നതും ഐ.പി.സി.യെ ഉപയോഗപ്പെടുത്തി സ്വന്തം പ്രസ്ഥാനത്തെവളർത്തുന്നു എന്ന ആരോപണവുമാണ് വത്സൻ ഏബ്രഹാമിന് എതിരാകുന്ന ഘടകങ്ങൾ.

ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് കെ.സി.ജോണിനെതിരെ ആലപ്പുഴ സെന്റർ പാസ്റ്റർ ഏബ്രഹാം ജോർജാണ് സ്ഥാനാർത്ഥി. മത്സരത്തിനുവേണ്ടിയൊരു മത്സരം എന്നതിനപ്പുറം ഉയരാൻ സാധ്യതയില്ല.

വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് നിലവിലുള്ള വൈസ് പ്രസിഡന്റ് റവ. ഡോ ബേബി വർഗീസിനെതിരെ മുൻ സണ്ടേസ്കൂൾ ഡയറക്ടർ വർഗീസ് മത്തായിയാണ് രംഗത്തുള്ളത്. ട്രഷറാർ സ്ഥാനത്തേക്ക് പി.എം.ഫിലിപ്പും ജോൺ ജോസഫും തമ്മിലാണ് മത്സരം.

കൊട്ടാരക്കര മേഖലയിൽ നിന്ന് എത്ര വോട്ടു വരുമെന്നതിനെയും ആമേഖല ഒറ്റകെട്ടായി തങ്ങളുടെ സ്ഥാനാർത്ഥികൾക്കുവേണ്ടി വോട്ടു ചെയ്യുമോ എന്നതിനേയും ആശ്രയിച്ചിരിക്കും വൈസ് പ്രസിഡന്റ് ട്രഷറാർ സ്ഥാനാർത്ഥികളുടെ ജയ പരാജയങ്ങൾ. കുമ്പനാട്ടെ കൺവൻഷൻ വേദിയിൽ പ്രോഗ്രാം തുടങ്ങിക്കഴിഞ്ഞ് പ്രത്യക്ഷപ്പെടുകയും മീറ്റിംഗ് കഴിഞ്ഞാലുടൻ അപ്രത്യക്ഷമാകുകയും ചെയ്യുന്ന ചിലർ ഇത്തവണ സാധാരണക്കാർക്ക് കൈ കൊടുത്ത് ചിരിക്കുന്നമുഖവുമായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങഇവരുമെന്നതാണ് ഇത്തവണത്തെ തിരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ വ്യത്യസ്തത.

# പുതിയ പുസ്തകങ്ങൾ

**ഇസ്ലാമിക ദർശനം ക്രിസ്തീയ വീക്ഷണത്തിൽ**
ജി.തേറയിൽ പേജ് 600 വില 320
ബൈബിളിനും ക്രിസ്തുവിനുമെതിരെ ഇന്നുവരെ ഉണ്ടായിട്ടുള്ള എല്ലാ മുസ്ലീം വാദങ്ങൾക്കും മറുപടിയുമായി ജോർജ് തേറയിലിന്റെ ബ്രഹദ് ഗ്രന്ഥം പുറത്തിറങ്ങി. ഖുറാനെ സൂക്ഷ്മമായി പഠന വിധേയമാക്കിയിരിക്കുന്ന ഈ ഗ്രന്ഥം സഭ്യമായ ഭാഷയിൽ പ്രകോപനങ്ങൾ സൃഷ്ടിക്കാതെ മുസ്ലീം സഹോദരങ്ങൾക്ക് സത്യം മനസിലാക്കി കൊടുക്കുവാനുള്ള യജ്ഞത്തിൽ വിജയിച്ചിരിക്കുന്നു.
വിലാസം. ജോർജ് തേറയിൽ, കൃപാദാൻ വെള്ളിയിൽ, നടക്കാവ് പി.ഒ, കോഴിക്കോട്.

**മരണശേഷം എന്ത്**
ടി.വി ജോബ് വില 129 പേജ് 304
മരണാനന്തര ജീവിതം, ആത്മാവിന് മരണമുണ്ടോ? അധോലോക പറുദീസ, സഹസ്രാബ്ദ വാഴ്ച തുടങ്ങി നിരവധി വിഷയങ്ങളിൽ വ്യത്യസ്തമായ അഭിപ്രായങ്ങളുമായി ഒരു ഗ്രന്ഥം.
ബെൻ ബുക്സ്, ഒ.എം ഷോപ്പുകളിൽ ലഭിക്കും.

**ബൈബിൾ സീരീസ് മൂന്ന് പുസ്തകങ്ങൾ**
റവ.കെ.വൈ ഗീവർഗീസ് പേജ് 100 വില ഓരോന്നിനും 55 വീതം.
ബൈബിൾ മാഹാത്മ്യം, ബൈബിളും നോഹയുടെ കാലവും, ബൈബിളും മനുഷ്യശാസ്ത്രവും എന്നീ മൂന്നു പുസ്തകങ്ങൾ ബൈബിൾ സീരീസ് എന്ന പേരിൽ ഡൽഹി ബിബ്ലിക്കൽ പബ്ലിക്കേഷൻ പ്രസിദ്ധീകരിക്കുനന് ഗ്രന്ഥപരമ്പരയിലെ ആദ്യ മൂന്ന് പഠനഗ്രന്ഥങ്ങളാണ്.
Ph: 9313530016

# ഏകദിന സെമിനാർ

തിരുവനന്തപുരം: തിരുവനന്തപുരം സൗത്ത് സെന്റർ പി.വൈ.പി.എ നെയ്യാർ ഡാമിലെ പിക്നിക് ഹാളിൽ ഡിസം.29ന് ഏകദിന സെമിനാർ നടന്നു. സെന്റർ പി.വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് തോമസ് അദ്ധ്യക്ഷനായിരുന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വൈ.റോബർട്ട് ഉദ്ഘാടനം ചെയ്തു. കേരളാ സ്റ്റേറ്റ് പി.വൈ.പി.എ സെക്രട്ടറി പാസ്റ്റർ സാബു ചാപ്രത്ത് പ്രസംഗിച്ചു.


**INTERNATIONAL REVIVAL CHURCH, TORONTO**

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9

*Sunday Worship Service:*
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.



**Pastor John Thomas (647) 833 9744**
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.



**ആത്മീയ ആരാധനയ്ക്കായി**

**അസംബ്ലീസ് ഓഫ് ഗോഡ്. ചൂണ്ടി, ആലുവയിലേക്ക് സ്വാഗതം**

**ആരാധന ഞായർ 10-1**

**പാസ്റ്റർ തോമസ് ജോസഫ്,**
പ്രണവം കോംപ്ലക്സ്, ചൂണ്ടി, ആലുവ-683112
**ഫോൺ: 9645875599, 9645875686**



**ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ**

**ഗോവയിലേക്ക് സ്വാഗതം**
ആരാധന: ഞായർ 10.30 am 12.30 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10am- 1 pm
ബൈബിൾ സ്റ്റഡി: ശനിയാഴ്ച 7 pm - 8.30 pm
Contact: **PR.SAJI MATHEW,**
Fermino Appartment, St.Mary Colony,
Miramar, Panjim, Goa-403001
**Ph: 08108233413, 8975440507, 9405921084**





**PLOT FOR SALE @ KUMBANAD**
FOR MORE DETAILS CALL US @
**9847143030**



**വസ്തു വില്പനക്ക്**
റാന്നി ഇടമൺ ജംഗ്ഷന് സമീപം വഴി, വെള്ളം, (കിണർ) സൗകര്യങ്ങളോടു കൂടി 12 സെന്റ് മുതലുള്ള ഹൗസ് പ്ലോട്ടുകൾ വിൽപനക്ക് ബന്ധപ്പെടുക:
9447592940



**പെന്തെക്കോസ്ത് ഡയറക്ടറി ഗ്ലോബൽ**
**WORLD'S FIRST ONLINE PENTECOST DIRECTORY**

**ഡയറക്ടറി - സൗജന്യം**
ക്ലാസിഫൈഡ് പരസ്യങ്ങൾ - 1 വർഷം 600 രൂപ മാത്രം
വിവാഹ പരസ്യങ്ങൾ 250/500 രൂപ മാത്രം 3 മാസത്തേക്ക്

കൂടുതൽ വിവരങ്ങൾക്ക്: **Evg. Joy P**
ഫോൺ: +91-475-2230926 മൊബൈൽ: +91-9447095128
**Email: pentecostdirectory@gmail.com**

സന്ദർശിക്കുക - www.pentecostdirectory.com



**TEACHERS WANTED**

ബീഹാറിൽ പാറ്റ്നക്കടുത്ത് നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിലേക്ക് എല്ലാ ക്ലാസുകളിലേക്കും എല്ലാ വിഷയങ്ങൾക്കും ടീച്ചേഴ്സിനെ (male and female) ആവശ്യമുണ്ട്. മാന്യമായ ശമ്പളവും സുരക്ഷിതമായ താമസവും ഭക്ഷണവും ലഭിക്കുന്നതാണ്. ഇംഗ്ലീഷ് സംസാരിക്കുവാനും ഹിന്ദി അറിയാവുന്നവർക്കും മുൻഗണന. ഹൈസ്കൂളിലേക്ക് B.Ed-കാർക്ക് മുൻഗണന.

*ബന്ധപ്പെടുക:*
**പാസ്റ്റർ ജോസ് ജേക്കബ്**
**09747292027, 09708328777**
**St.John's High School, Professors Colony**
**Bara Chakia P.O., East Champaran**
**Bihar - 845 412**

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 15th January 2013 at RMS Kottayam

# വികസന സ്വപ്നങ്ങളുമായി ഡോ.ജോൺ ജോസഫ് ജനറൽ ട്രഷറാർ സ്ഥാനത്തേക്ക്



**ഐ.പി.സി. സഭയുടെ ഭൗതീക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാനും പുതിയ പ്രവർത്തന പദ്ധതികൾ നടപ്പിലാക്കുവാനും ഡോ. ജോൺജോസഫിനെ ജനറൽ ട്രഷറാറായി തിരഞ്ഞെടുക്കുക.**

മുൻദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗവും ഐ.പി.സി.സ്ഥാപകസാരഥികളിൽ ഒരാളായ പാസ്റ്റർ വി.ടി.ജോസഫിന്റെ പുത്രനുമായ ഡോ.ജോൺ ജോസഫ് ഐ.പി.സി.ജനറൽ ട്രഷറാർ സ്ഥാനത്തേക്ക് നില്ക്കുന്നു. സഭയുടെ വികസന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി കുറേയേറെ കാര്യങ്ങൾ ചെയ്യണമെന്നാഗ്രഹിക്കുന്ന അദ്ദേഹം ഹാലേലൂയ്യായോട് മനസ് തുറക്കുന്നു.

? *ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗമെന്ന നിലയിൽ താങ്കൾ വാർത്തകളിൽ നിറഞ്ഞുനിന്ന ആളാണ്. ഇപ്പോൾ കുറേക്കാലമായി നിശ്ശബ്ദനായിരുന്നല്ലോ.*

ശരിയാണ് ദൈവം എനിക്ക് തന്ന അവസരം രണ്ടുതവണ ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗമായി വിജയകരമായി ഞാൻ പൂർത്തിയാക്കി. ഭാരതമാകമാനം ന്യൂനപക്ഷങ്ങൾ പീഡിപ്പിക്കപ്പെട്ടപ്പോൾ ഓടിയെത്തുവാനും എന്റെ അധികാരത്തിനപ്പുറവും സ്വാധീനമുപയോഗിച്ച് അനേകർക്ക് ആശ്വാസമാകുവാനും ഇടയായി. കൂടാതെ വിവിധ ക്രിസ്തീയ സഭാവിഭാഗങ്ങളെ ഒന്നിപ്പിച്ച് സംഘപരിവാറുമായി തുടർച്ചയായി ഡയലോഗുകൾ സംഘടിപ്പിക്കുവാൻ സാധിച്ചതും എന്റെ നേട്ടങ്ങളായി ഞാൻ കരുതുന്നു. ഭാരതത്തിൽ മതസൗഹാർദ്ദം നിലനിർത്തുന്നതിനായി ചെയ്ത സേവനങ്ങൾ എല്ലാ വിഭാഗം ആളുകളുടെയും പ്രശംസ പിടിച്ചു പറ്റി. നിരവധി അവാർഡുകളും, ആദരവും, ഹോണററി ഡോക്ടറേറ്റും ലഭിച്ചു.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ നാഗാ-കുക്കി വംശീയ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പ്രധാനമന്ത്രി നരസിംഹ റാവു പ്രത്യേക നിയോഗം നൽകി അയച്ചു. കൂടാതെ ഇറാക്കിലെ സംഘർഷ ഭൂമിയിൽ ഭാരതസർക്കാരിന്റെ ഡെലിഗേഷനെ നയിച്ചു. സദ്ദാം ഹുസൈനുമായി നേരിട്ട് സംഭാഷണം നടത്തി, തടവിലായിരുന്ന മലയാളി പെന്തെക്കോസ്ത് സഹോദരനെ വിടുവിച്ചതും അഭിമാനം നൽകുന്ന കാര്യമാണ്.

എന്റെ സേവനം രാജ്യത്തിനും എന്റെ സമൂഹത്തിനും പ്രയോജനപ്പെട്ടു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ഔദ്യോഗിക തിരക്കുകൾക്ക് ശേഷം കുറേക്കാലം എന്റെ വ്യക്തിപരമായ കാര്യങ്ങളിൽ തിരക്കിലായിരുന്നു. എങ്കിലും ഇതിനിടയിലും ഐ.പി.സി.പ്രസ്ഥാനത്തിൽ ഒരു കൗൺസിലംഗം എന്ന നിലയിൽ എന്നാലാവുംവിധം സഭയെ സേവിച്ചു.

?*ന്യൂനപക്ഷ കമ്മീഷൻ അംഗം പോലെ ഉന്നതപദവിയിലിരുന്ന ആൾ ഐ.പി.സി.ട്രഷറാർ സ്ഥാനത്തേക്ക് നിൽക്കുന്നതിന്റെ ഉദ്ദേശം.*

സഭാപ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നത് എന്റെ എന്തെങ്കിലും വ്യക്തിപരമായ നേട്ടത്തിന് വേണ്ടിയല്ല. എന്റെ പിതാവ് ശുശ്രൂഷിച്ച പ്രസ്ഥാനം. എന്റെ സഹോദരന്മാർ പാസ്റ്റേഴ്സായി ശുശ്രൂഷിക്കുന്ന സഭ. എന്റെ മാതൃസഭ. ആ നിലയിൽ എനിക്കുള്ള വൈകാരിക ബന്ധം ആഴമുള്ളതാണ്.

ഞാൻ മനസ്സിലാക്കിയ ഒരു സത്യം പറയാം. ഈ സഭക്ക് ഇനിയുമേറെ വളർച്ച ഉണ്ടാകേണ്ടതുണ്ട്. കഷ്ടത അനുഭവിക്കുന്ന ദാരിദ്ര്യത്തിൽ ജീവിക്കുന്ന, മുണ്ട് മുറുക്കിയുടുത്ത് സുവിശേഷ വേല ചെയ്യുന്നവരുടെ സഭയാണിത്. എന്നാൽ ധാരാളം റിസോഴ്സസ് നമുക്കുണ്ട്. അത് ശരിയാംവിധം കണ്ടെത്തി ഉപയോഗിച്ചാൽ സഭയുടെ നിലവാരം മാറുമെന്നുറപ്പാണ്. എനിക്ക് ദൈവം തന്ന പരിചയസമ്പത്തും സംഘാടകമികവും എന്റെ മാതൃസഭയുടെ നന്മക്ക് ഉപയോഗിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

? *ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനറൽ കൗൺസിൽ അംഗമായി ഏറ്റവും കൂടുതൽ വോട്ടോടെ തിരഞ്ഞെടുക്കപ്പെട്ട താങ്കൾ വീണ്ടുമൊരു തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ എന്താണ് പ്രതീക്ഷ.*

ഏറ്റവും അധികം വോട്ടോടെ എന്നെ തിരഞ്ഞെടുത്ത ഐ.പി.സി.സമൂഹത്തോട് എനിക്ക് നന്ദിയുണ്ട്. എല്ലാവരുടെയും സ്നേഹസഹകരണങ്ങൾക്ക് ഹൃദയപൂർവ്വം നന്ദി പറയുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ജനറൽ ട്രഷറാർ സ്ഥാനത്തേക്ക് ഞാൻ നില്ക്കുന്നു. സഭാ ജനങ്ങളും ദൈവദാസന്മാരും നൽകുന്ന പ്രോത്സാഹനം ട്രഷറാർ സ്ഥാനത്ത് വിജയം ഉറപ്പാണെന്നതിന് തെളിവാണ്.

? *ജനറൽ ട്രഷറാറായി വിജയിച്ചാൽ എന്താണ് താങ്കളുടെ പദ്ധതികൾ.*

വിവിധ സ്റ്റേറ്റ്/റീജിയൻ കൗൺസിലുകളുടെയും ദൈവസഭയുടെ സമഗ്രമായ വളർച്ചയാഗ്രഹിക്കുന്ന ഉദാരമതികളായ അഭ്യുദയ കാംക്ഷികളുടെയും സഹകരണത്തോടെ ഐ.പി.സി.ജനറൽ കൗൺസിലിന്റെ നേതൃത്വത്തിൽ യാഥാർത്ഥ്യമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്ന എന്റെ സ്വപ്ന പദ്ധതികൾ നിങ്ങളുടെ വിലപ്പെട്ട പ്രാർത്ഥനക്കും ചർച്ചക്കുമായി അവതരിപ്പിക്കട്ടെ.

1. ഭാരതത്തിലെ തന്നെ വലിയ ആത്മീയ സംഗമങ്ങളിലൊന്നായ കുമ്പനാട് ഐ.പി.സി.കൺവൻഷൻ ഗ്രൗണ്ടിന്റെ അടിസ്ഥാന സൗകര്യവികസനം.
2. മധ്യകേരളത്തിലെ പെന്തെക്കോസ്ത് സമൂഹം തങ്ങളുടെ വിവാഹ ആവശ്യങ്ങൾക്കും മറ്റുമായി ഉപയോഗിക്കുന്ന ഹെബ്രോൻ പാരീഷ് ഹാൾ ആധുനിക രീതിയിൽ മനോഹരമാക്കുക.
3. ജനറൽ കൗൺസിൽ ഓഫീസുകളും കൗൺസിൽ ഹാളും സാങ്കേതിക സംവിധാനങ്ങളോടെ നവീകരിക്കുക
4. ശുശ്രൂഷകന്മാരുടെയും കുടുംബത്തിന്റെയും ക്ഷേമത്തിന് വേണ്ടി പാസ്റ്റേഴ്സ് സെക്യൂരിറ്റി ഫണ്ട്:

☞ ദീർഘനാളത്തെ സഭാ ശുശ്രൂഷകൾക്ക് ശേഷം കഷ്ടപ്പെടുന്ന ഭവനരഹിതരായ പാസ്റ്റർമാർക്ക് സ്വന്തമായ ഭവന നിർമ്മാണ ചെലവിന്റെ ഒരു ഭാഗം.
☞ രോഗത്താലും വാർദ്ധക്യസഹജമായ അവശതകളാലും കഷ്ടമനുഭവിക്കുന്ന ശുശ്രൂഷകന്മാർക്ക് അർഹമായ സഹായം.
☞ നിർദ്ധനരായ ശുശ്രൂഷകന്മാരുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം
☞ അർഹരായ ശുശ്രൂഷകന്മാരുടെ മക്കൾക്ക് ഉപരിപഠനത്തിന് സാമ്പത്തിക സഹായം
☞ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള സഭകൾക്ക് സ്വന്തമായി സഭാ ഹാൾ നിർമ്മിക്കുവാൻ സാമ്പത്തിക സപ്പോർട്ട്
☞ പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളജുകളിലേക്കും, ഐ.എ.എസ്, ഐ.എഫ്.എസ്, ഐ.പി.എസ്, തുടങ്ങിയ അഖിലേന്ത്യാ സിവിൽ സർവ്വീസിലേക്കും അവസരം ലഭിക്കുന്നതിന് വേണ്ടി ഗൈഡൻസ് അക്കാദമി.

കഴിഞ്ഞ മൂന്ന് വർഷമായി ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായി പ്രവർത്തിച്ചുവരുന്നു. ജനറൽ കൺവൻഷന്റെ ഫുഡ് കമ്മറ്റി കൺവീനറായി കഴിഞ്ഞ മൂന്ന് വർഷം പ്രവർത്തിച്ചപ്പോൾ ശുശ്രൂഷകന്മാർക്ക് മികച്ച ഭക്ഷണം നല്കിയത് ഏറെ ശ്രദ്ധേയമായിരുന്നു. ശുശ്രൂഷകന്മാരുടെ ക്ഷേമം, ചികിത്സ, വാർദ്ധക്യകാല പെൻഷൻ പദ്ധതി, ഭവനനിർമ്മാണം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കികൊണ്ട് ജനറൽ കൗൺസിലിന്റെ "പാസ്റ്റേഴ്സ് സെക്യൂരിറ്റി ഫണ്ടി"ന്റെ ചെയർമാനായി പ്രവർത്തിക്കുന്നു.

ഐ.പി.സി.യുടെ ഭരണഘടനാ ഭേദഗതി കമ്മറ്റി, പീസ് കമ്മറ്റി എന്നിവയുടെ അംഗമായി പ്രവർത്തിക്കുന്നു. ഐ.പി.സി.യുടെ നേതൃത്വത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠന കമ്മറ്റിയുടെ ചെയർമാൻ എന്ന നിലയിൽ ശ്ലാഘനീയമായ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. പെന്തക്കോസ്ത് വിദ്യാർത്ഥികൾക്കായി മെഡിക്കൽ, ദന്തൽ, നേഴ്സിംഗ്, ഫാർമസി കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ടി തമിഴ്നാട്ടിൽ 200 ഏക്കർ സ്ഥലം കണ്ടെത്തി തുടർപ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. ഐ.പി.സി.യെ സംബന്ധിച്ച് ഉന്നതമായ ദർശനമാണ് എനിക്കുള്ളത്.


കൊച്ചിയിൽ എത്തുമ്പോൾ സ്വന്തം വീടുപോലെ പാർക്കുവാൻ ഒരിടം

- കൊച്ചിയുടെ ഹൃദയഭാഗമായ പാലാരിവട്ടത്ത്
- എയർകണ്ടീഷൻഡ് മുറികൾ
- ആധുനികവും ആർഭാട പൂർണ്ണവുമായ ഫർണിഷിംഗ്
- ഇലക്ട്രോണിക് ഉപകരണങ്ങൾ ഏറ്റവും മികച്ചത്
- അത്യാധുനിക സൗകര്യങ്ങൾ ഉള്ള അടുക്കള
- ബൈപാസിൽനിന്ന് 50 മീറ്റർ ദൂരം
- ബിസിനസ്/കുടുംബ സന്ദർശനങ്ങൾക്ക് അനുയോജ്യം
- വിദേശ മലയാളികൾക്ക് പ്രത്യേക പരിഗണന
- ഹോട്ടലുകളേക്കാൾ ആദായകരം
- വിശ്വാസികളാൽ നടത്തപ്പെടുന്ന സ്ഥാപനം




1000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണം 2 ബെഡ്റും, ഹാൾ, കിച്ചൺ

GILEAD
ഗിലയാദ് ഫർണിഷ്ഡ് അപ്പാർട്ട്മെന്റ്സ് & ട്രാവൽസ്
Gilead Furnished Apartments & Travels
UAE: Off: +971 6 5733114, Mobile: 971 50 634 6534
India: +91 9048 148 048 / 98471 99 816 / 944 64 54 393
E-mail: gileadtravels@gmail.com, sco@eim.ae
Website: www.gileadfurnishedapartments.com
VEHICLE WITH DRIVER ALSO AVAILABLE

PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.